# ആർദ്രം

# ദൗത്യരേഖ

**ജൂലൈ, 2018**



സെക്രട്ടേറിയേറ്റ്
തിരുവനന്തപുരം-695 001

കേരളത്തിന്റെ വികസന മാതൃക അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെട്ടതാണ്. നമ്മുടെ ആരോഗ്യരംഗം ഉൾപ്പെടെയുള്ള രംഗങ്ങളിലെ നേട്ടങ്ങളും ഇതിനു കാരണമായിട്ടുണ്ട്. ഈ നേട്ടങ്ങൾ നിലനിർത്തുന്നതിനോടൊപ്പം തന്നെ ആരോഗ്യരംഗത്ത് ഇപ്പോൾ അഭിമുഖീകരിക്കുന്ന രണ്ടാം തലമുറ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുമുണ്ട്. അതീവ പ്രാധാന്യത്തോടെയാണ് പൊതുജനാരോഗ്യമേഖല ശക്തിപ്പെടുത്തുന്നതിനായി ആർദ്രം മിഷൻ രൂപീകരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. വികസനരംഗത്ത് നമ്മൾ നടത്തിയ ബഹുജന കൂട്ടായ്മകളുടെയും ജനകീയ മുന്നേറ്റങ്ങളുടെയും അനുഭവസമ്പത്തിന്റെ ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് രൂപം കൊടുത്തതാണ് ഈ മിഷൻ.

സമൂഹത്തിന്റെ ആരോഗ്യകരമായ വളർച്ചക്ക് രോഗാതുരമല്ലാത്തതും, ആരോഗ്യവും ശുചിത്വബോധമുള്ളതുമായ ഒരു ജനതയെ സൃഷ്ടിക്കേണ്ടതുണ്ട്. കേരളത്തിലെ ഓരോ പൗരനും തന്റെ പരിസരത്തിൽ ആരോഗ്യകരവും ശുചിത്വ പൂർണ്ണവുമായ ജീവിത സാഹചര്യമൊരുക്കാൻ കുടുംബാരോഗ്യകേന്ദ്രങ്ങളുടെ സഹായം എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. അതാണ് ആർദ്രം മിഷൻ വിഭാവനം ചെയ്യുന്നത്. ഇതോടൊപ്പം സർക്കാർ ആശുപത്രികളുടെ വിപുലീകരണം, ജനസൗഹൃദ സേവനങ്ങൾ, ജീവിത ശൈലീരോഗങ്ങളിൽ നിന്നും പരിരക്ഷ, താങ്ങാവുന്ന ചെലവിൽ അത്യാവശ്യ മരുന്നുകളുടെ ലഭ്യത, നഴ്സിംഗ് നൈപുണ്യ വികസനം, ആരോഗ്യ സ്ഥാപനങ്ങളുടെ പരിപാലനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂടുതൽ പങ്ക് എന്നിവയൊക്കെ ആർദ്രം മിഷനിൽ യാഥാർത്ഥ്യമാകും.

ആരോഗ്യമുള്ളവരും ശുചിത്വം പാലിക്കുന്നവരും സന്തോഷകരമായ സാമൂഹ്യജീവിതം നയിക്കുന്നവരുമായി കേരളീയരെയാകെ മാറ്റുന്നതിനുതകുന്ന സമയബന്ധിത പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ മാർഗരേഖ. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ദേശീയ ആരോഗ്യമിഷൻ ഉൾപ്പെടെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ഉദ്യോഗസ്ഥരുടെയും ജനകീയ ആരോഗ്യ പ്രവർത്തനത്തിനുള്ള ഒരു മാർഗരേഖ കൂടിയാണിത്. സമയബന്ധിതവും സർവതല സ്പർശിയുമായ പ്രവർത്തനങ്ങളിലൂടെ ആർദ്രം മിഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾക്ക് ഈ മാർഗരേഖ പ്രയോജനപ്പെടുമെന്ന് കരുതുന്നു.

**ശ്രീ. പിണറായി വിജയൻ**
മുഖ്യമന്ത്രി



സെക്രട്ടേറിയേറ്റ്
തിരുവനന്തപുരം-695 001

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആരോഗ്യരംഗത്ത് കേരളം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ ലോകത്തിന് തന്നെ മാതൃകയാണ്. എന്നാൽ ജീവിത ശൈലീ രോഗങ്ങളും സാംക്രമിക രോഗങ്ങളും മാനസികരോഗ്യ പ്രശ്നങ്ങളും വർദ്ധിച്ചു വരുന്ന ചികിൽസാ ചെലവുകളും ഇന്ന് വലിയ വെല്ലുവിളി ഉയർത്തുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ഒരു ജനകീയ പ്രസ്ഥാനത്തിന് ആർദ്രം മിഷനിലൂടെ കേരള സർക്കാർ തുടക്കം കുറിക്കുന്നു.

ഐക്യരാഷ്ട്രസഭ നിർവ്വചിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനായി 2030 ൽ നേടേണ്ട ദീർഘകാല ലക്ഷ്യങ്ങളും 2020 ൽ നേടേണ്ട ഹ്രസ്വകാല ലക്ഷ്യങ്ങളും ഉൾപ്പെടുത്തിയാണ് ആർദ്രം പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്. സേവനങ്ങളുടെ മികവ് വർദ്ധിപ്പിക്കുന്നതിനും ചികിൽസാ ചെലവ് കുറയ്ക്കുന്നതിനുമൊപ്പം പൊതുജനാരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ആരോഗ്യ സംവിധാനത്തിന്റെ പരിപൂർണ്ണ പരിവർത്തനമാണ് സർക്കാർ ആർദ്രം മിഷനിലൂടെ ലക്ഷ്യമിടുന്നത്.

ആർദ്രം മിഷൻ എന്ന ഉദ്യമത്തെ കുറിച്ച് മനസിലാക്കാനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ഈ ദൗത്യരേഖ പ്രയോജനപ്പെടട്ടെ എന്ന് ആശംസിക്കുന്നു.

**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
ആരോഗ്യകുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പു മന്ത്രി

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ആമുഖം | 05 |
| 2 | ആരോഗ്യ സ്ഥാപനങ്ങൾ ജനസൗഹൃദമാകുന്നു | 11 |
| 3 | ആശുപത്രികളുടെ സേവനം - വിപുലീകരണവും ഗുണമേൻമയും | 13 |
| 4 | പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാകുന്നു | 19 |
| 5 | ആരോഗ്യ ജാഗ്രത - പകർച്ചവ്യാധികൾക്കെതിരെ | 43 |
| 6 | ഇ-ഹെൽത്ത് | 47 |
| 7 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് | 50 |
| 8 | സംഘടനാ സംവിധാനങ്ങളും ചുമതലകളും | 55 |
| 9 | പ്രവർത്തന സമീപനം | 63 |
| 10 | ആദിവാസികളുടെ ആരോഗ്യം | 67 |
| 11 | പാർശ്വവൽക്കരിക്കപ്പെട്ട മറ്റ് വിഭാഗങ്ങൾ | 70 |
| 12 | ആർദ്രം മിഷൻ ജനകീയ പങ്കാളിത്തത്തോടെ | 72 |
| 13 | അവലോകനവും വിലയിരുത്തലും | 74 |
| 14 | പ്രചരണ സമ്പർക്ക പരിപാടികൾ | 78 |

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആർദ്രം ദൗത്യരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.2160/2018/ആകു.വ          തീയതി, തിരുവനന്തപുരം,05.07.2018

---

പരാമർശം : സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18.06.2018 ലെ ADMIN 81/17/SHSRC(12) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മേൽ പരാമർശ കത്ത് പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്റർ "ആർദ്രം ദൗത്യരേഖയുടെ" കരട് അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതോടൊപ്പം ചേർത്തിട്ടുള്ള 'ആർദ്രം ദൗത്യരേഖ' അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രാജീവ് സദാനന്ദൻ**

അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്റർ

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ആഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

# അദ്ധ്യായം - 1

# ആമുഖം

കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട്, ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട ഒരു വികസന പരിപാടിയാണ് നവകേരളം കർമ്മപദ്ധതി . ആറ് മുൻഗണനാ മേഖലകളെ കോർത്തിണക്കിക്കൊണ്ട് നാല് വികസന മിഷനുകളാണ് നവകേരളം കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്:

- സമ്പൂർണ്ണ പാർപ്പിട മിഷൻ - ലൈഫ് മിഷൻ
- ജനസൗഹൃദ സർക്കാർ ആശുപത്രികൾ - ആർദ്രം മിഷൻ
- പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം
- ശുചിത്വ മാലിന്യ സംസ്കരണം, ജലവിഭവ സംരക്ഷണം, ജൈവകൃഷി എന്നിവ സമന്വയിപ്പിക്കുന്ന ഹരിത കേരളം മിഷൻ

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ശ്ലാഘനീയമായ നേട്ടങ്ങളാണ് കേരളത്തിലെ ആരോഗ്യ മേഖല ഇതിനോടകം കൈവരിച്ചിട്ടുള്ളത്. വികസിത രാജ്യങ്ങൾക്ക് സമാനമായ പല നേട്ടങ്ങളും സ്വന്തമാക്കിയിട്ടുണ്ടെങ്കിലും ജീവിതശൈലീ രോഗങ്ങളും പുതുതലമുറ സാംക്രമിക രോഗങ്ങളും വെല്ലുവിളി ഉയർത്തുന്നു.

സേവനങ്ങളുടെ മികവ് വർദ്ധിപ്പിക്കുന്നതിനും ചികിൽസാ ചെലവ് കുറയ്ക്കുന്നതിനുമടക്കം രണ്ടാം തലമുറ വെല്ലുവിളികൾക്ക് പരിഹാരമായാണ് ആർദ്രം മിഷൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. പൊതുജനാരോഗ്യ സംരക്ഷണത്തിന് ഊന്നൽ കൊടുത്തു കൊണ്ടുള്ള ആരോഗ്യ സംവിധാനത്തിന്റെ പരിപൂർണ്ണ പരിവർത്തനമാണ് ആർദ്രം മിഷനിലൂടെ ലക്ഷ്യമിടുന്നത്. ആർദ്രം ദൗത്യത്തിൽ കേരളം 2020-ലും 2030-ലും നേടേണ്ട ഹ്രസ്വകാല - ദീർഘകാല സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടാനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## നിലവിലെ ഘടന

കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഘടനയും ഭരണ നിർവ്വഹണ ചുമതലയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചിത്രം 1 ലും ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ പട്ടിക 1 ലും കൊടുത്തിരിക്കുന്നു.

ചിത്രം 1 : നിലവിലെ ഘടന



പട്ടിക 1: ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ 2016-2017

| ജില്ല | ജനറൽ ആശുപത്രി | ജില്ലാ ആശുപത്രി | താലൂക്ക് ആസ്ഥാന ആശുപത്രി | താലൂക്ക് ആശുപത്രി | സാമൂഹ്യ ആരോഗ്യ കേന്ദ്രം | 24 x 7 പ്രാഥമികാരോഗ്യ കേന്ദ്രം | പ്രാഥമികാരോഗ്യ കേന്ദ്രം | ജില്ലാ ക്ഷയരോഗ കേന്ദ്രം | മറ്റുള്ളവ | സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ | | | | | ആകെ | സബ്സെന്റർ | ആകെ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി | മാനസികാരോഗ്യ കേന്ദ്രം | ക്ഷയരോഗ ആശുപത്രി, | കുഷ്ഠരോഗ ആശുപത്രി | സ്പെഷ്യാലിറ്റി | | | |
| തിരുവനന്തപുരം | 2 | 2 | 2 | 5 | 23 | 6 | 63 | 1 | 9 | 1 | 1 | 1 | 0 | 2 | 118 | 478 | 596 |
| കൊല്ലം | 0 | 1 | 4 | 4 | 17 | 6 | 52 | 1 | 1 | 1 | 0 | 1 | 0 | 0 | 88 | 421 | 509 |
| പത്തനംതിട്ട | 2 | 1 | 4 | 0 | 12 | 5 | 38 | 1 | 4 | 0 | 0 | 0 | 0 | 0 | 67 | 261 | 328 |
| ആലപ്പുഴ | 1 | 2 | 6 | 0 | 16 | 17 | 42 | 1 | 1 | 1 | 0 | 1 | 1 | 1 | 90 | 366 | 456 |
| കോട്ടയം | 4 | 0 | 3 | 0 | 20 | 12 | 43 | 1 | 0 | 0 | 0 | 0 | 0 | 1 | 84 | 333 | 417 |
| ഇടുക്കി | 0 | 2 | 3 | 1 | 13 | 11 | 30 | 1 | 2 | 0 | 0 | 0 | 0 | 0 | 63 | 308 | 371 |
| എറണാകുളം | 2 | 1 | 5 | 6 | 23 | 33 | 42 | 1 | 1 | 1 | 0 | 0 | 0 | 0 | 115 | 410 | 525 |
| തൃശൂർ | 2 | 1 | 3 | 3 | 24 | 11 | 68 | 1 | 3 | 0 | 1 | 0 | 1 | 0 | 118 | 472 | 590 |
| പാലക്കാട് | 0 | 1 | 4 | 2 | 19 | 11 | 65 | 1 | 9 | 1 | 0 | 0 | 0 | 1 | 114 | 504 | 618 |
| മലപ്പുറം | 1 | 3 | 3 | 3 | 22 | 19 | 65 | 1 | 6 | 0 | 0 | 1 | 0 | 0 | 124 | 589 | 713 |
| കോഴിക്കോട് | 1 | 1 | 1 | 6 | 16 | 6 | 57 | 1 | 0 | 1 | 1 | 0 | 1 | 0 | 92 | 401 | 493 |
| വയനാട് | 1 | 1 | 2 | 0 | 9 | 8 | 15 | 1 | 5 | 0 | 0 | 0 | 0 | 0 | 42 | 204 | 246 |
| കണ്ണൂർ | 1 | 1 | 1 | 8 | 9 | 13 | 70 | 1 | 3 | 1 | 0 | 0 | 0 | 0 | 108 | 414 | 522 |
| കാസർ കോഡ് | 1 | 1 | 0 | 2 | 9 | 10 | 30 | 1 | 3 | 0 | 0 | 0 | 0 | 0 | 57 | 247 | 304 |
| | 18 | 18 | 41 | 40 | 232 | 163 | 680 | 14 | 47 | 7 | 3 | 4 | 3 | 5 | 1280 | 5408 | 6688 |

## നിലവിലെ അവസ്ഥ

രോഗപ്രതിരോധം, ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ തുടങ്ങിയവ അടിസ്ഥാന ലക്ഷ്യമാക്കി പ്രവർത്തിക്കേണ്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വെറും ചികിൽസാ കേന്ദ്രങ്ങളായി മാറി. നഗരവത്കരണം വികസനം കൊണ്ടുവന്നുവെങ്കിലും അതിന്റെ ഭാഗമായി വലിയ തോതിൽ ഉണ്ടാകുന്ന മാലിന്യം ശാസ്ത്രീയമായി കൈകാര്യം ചെയ്യുവാനുള്ള സൗകര്യങ്ങളുടെ അഭാവം,ഡ്രെയിനേജ് സൗകര്യങ്ങൾ ഒരുക്കുന്നതിൽ വന്ന വീഴ്ച, പരിസര ശുചിത്വം പാലിക്കുന്നതിലുള്ള വിമുഖതയും അലംഭാവവും പകർച്ചവ്യാധി നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു. സർക്കാർ സംവിധാനങ്ങൾ ജനങ്ങളെ ആകർഷിക്കുന്ന രീതിയിൽ സൗഹൃദമാക്കാൻ സാധിക്കാതെ വന്നത് ജനങ്ങളെ അകറ്റുന്നതിന് കാരണമായി.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് കീഴിലുള്ള ഉപകേന്ദ്രങ്ങൾ പ്രതിരോധ കുത്തിവയ്പ്, ഗർഭിണികളുടെ രജിസ്ട്രേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുകയും പകർച്ചവ്യാധികളുടെയും പകർച്ചേതരവ്യാധികളുടെയും പ്രതിരോധത്തിലോ നിയന്ത്രണത്തിലോ സ്വാധീനം ചെലുത്തുകയോ നേതൃത്വം നൽകുകയോ ചെയ്യുന്നതിൽ നിന്നും പുറകോട്ട് പോവുകയും ചെയ്തു. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിൽ നിർണ്ണായക ഘടകമാകേണ്ട വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ കാര്യക്ഷമമല്ലാതായി.

കൂടുതൽ ഉയർന്ന ചികിൽസാ കേന്ദ്രങ്ങളായ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും അവയെ സമീപിക്കുന്ന രോഗികൾക്ക് വിദഗ്ദ്ധ ചികിൽസ നൽകുന്നതിൽ പരാജയപ്പെടുകയും രോഗികളെ മെഡിക്കൽ കോളേജുകളിലേക്ക് റഫർ ചെയ്യുന്ന കേന്ദ്രങ്ങളായും മാറി. ഇതുമൂലം മെഡിക്കൽ കോളേജുകൾ രോഗികളുടെ ബാഹുല്യം കൊണ്ട് വീർപ്പുമുട്ടുകയും അർഹിക്കുന്ന രോഗികൾക്ക് ശരിയായ ചികിൽസ നൽകുവാൻ കഴിയാത്ത അവസ്ഥയിലുമായി.

**പട്ടിക 2: ആരോഗ്യ സ്ഥാപനങ്ങളിലെ നിലവിലുള്ള അവസ്ഥ**

| ക്രമ നം | ആരോഗ്യ സ്ഥാപനം | നിലവിലെ അവസ്ഥ |
|---|---|---|
| 1. | മെഡിക്കൽ കോളേജ് | • അനാവശ്യ റഫറൽ മൂലം ഒ.പി., അത്യാഹിത വിഭാഗം,സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ തിരക്ക് കൂടുന്നു<br>• ആവശ്യമായ ചികിൽസയും പരിഗണനയും അർഹരായവർക്ക് നൽകുവാൻ കഴിയുന്നില്ല<br>• രോഗികൾക്കും ബന്ധുക്കൾക്കും അതൃപ്തി<br>• സൗകര്യങ്ങൾ കുറവ്<br>• അടിയന്തിര സേവനങ്ങളുടെ അപര്യാപ്തത<br>• സേവനങ്ങളുടെ ഗുണമേൻമ ഉറപ്പാക്കാൻ സാധിക്കുന്നില്ല<br>• വൈദ്യശാസ്ത്ര ഗവേഷണങ്ങൾ കുറവ് |
| 2. | ജില്ലാ /ജനറൽ ആശുപത്രികൾ | ഒ.പി., അത്യാഹിത വിഭാഗങ്ങളിൽ വളരെ തിരക്ക്<br>• രോഗികൾക്ക് ആവശ്യമായ പരിഗണനയും ചികിൽസയും ലഭ്യമാകുന്നില്ല<br>• സൗകര്യങ്ങൾ കുറവ്<br>• അടിയന്തിര സേവനങ്ങളുടെ അപര്യാപ്തത, ശസ്ത്രക്രിയകൾ വളരെ കുറവ് (ഹെർണിയ,അപ്പന്റി സെക്ടമി തുടങ്ങിയവ മാത്രം)<br>• ട്രോമ കെയർ അപര്യാപ്തം<br>• സേവനങ്ങളുടെ ഗുണമേൻമ ഉറപ്പാക്കാൻ സാധിക്കുന്നില്ല |

| ക്രമ നം | ആരോഗ്യ സ്ഥാപനം | നിലവിലെ അവസ്ഥ |
|---|---|---|
| 3. | താലൂക്ക് ആശുപത്രികൾ | • എല്ലാ അടിസ്ഥാന സ്പെഷ്യാലിറ്റികളുമില്ല<br>• പ്രസവങ്ങൾ വളരെ കുറവ്<br>• അടുക്കും ചിട്ടയും കുറവ്<br>• അത്യാഹിത വിഭാഗം സൗകര്യങ്ങൾ കുറവ്<br>• ട്രോമ കെയർ അപര്യാപ്തം<br>• അനാവശ്യ റഫറൽ<br>• സേവനങ്ങളുടെ ഗുണമേൻമ ഉറപ്പാക്കാൻ സാധിക്കുന്നില്ല |
| 4. | സാമൂഹ്യാരോഗ്യ കേന്ദ്രം | പ്രവർത്തന സമയം അപര്യാപ്തം<br>• കിടത്തി ചികിൽസ സൗകര്യങ്ങൾ കുറവ്<br>• പ്രമേഹം, രക്ത സമ്മർദ്ദം തുടങ്ങിയ ദീർഘകാല രോഗങ്ങൾക്ക് ചികിൽസ നൽകൽ മാത്രം<br>• സേവനങ്ങൾക്ക് സ്വീകാര്യത കുറവ്<br>• രോഗപ്രതിരോധ, ആരോഗ്യ വർദ്ധക സേവനങ്ങൾ അപര്യാപ്തം<br>• സേവനങ്ങളുടെ ഗുണമേൻമ ഉറപ്പാക്കാൻ സാധിക്കുന്നില്ല |
| 5. | പ്രാഥമികാരോഗ്യ കേന്ദ്രം | • ചെറിയ അസുഖങ്ങൾക്ക് മാത്രം ചികിൽസ<br>• അനാവശ്യ റഫറൽ<br>• പ്രവർത്തന സമയം അപര്യാപ്തം<br>• സേവനങ്ങൾക്ക് സ്വീകാര്യത കുറവ്<br>• രോഗപ്രതിരോധ, ആരോഗ്യ വർദ്ധക സേവനങ്ങൾ അപര്യാപ്തം<br>• സേവനങ്ങളുടെ ഗുണമേൻമ ഉറപ്പാക്കാൻ സാധിക്കുന്നില്ല<br>• ഏകോപനവും പൊതുജന പങ്കാളിത്തവും കുറവ്<br>• ആരോഗ്യ അനുബന്ധ ഘടകങ്ങളെ അഭിസംബോധന ചെയ്യുന്നത് പരിമിതം |
| 6. | ഉപകേന്ദ്രം | • കുടുംബക്ഷേമത്തിൽ മാത്രം ഊന്നിയുള്ള പ്രവർത്തനം<br>• പകർച്ചവ്യാധി നിയന്ത്രണം അപര്യാപ്തം<br>• സാമൂഹിക ഘടകങ്ങളിൽ സ്വാധീനം വളരെ കുറവ്<br>• പ്രതിരോധ, ആരോഗ്യ വർദ്ധക സേവനങ്ങൾ അപര്യാപ്തം |

## ആർദ്രം മിഷൻ ലക്ഷ്യങ്ങൾ

നേടിയെടുക്കേണ്ട ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ചുള്ള വ്യക്തതയും സമയബന്ധിതമായി കൈവരിക്കേണ്ട ഫലപ്രാപ്തികളെ സംബന്ധിച്ച കൃത്യതയുമുള്ള വിശദമായ കർമ പരിപാടിയാണ് ആർദ്രം മിഷൻ. തൊഴിൽ നൈപുണ്യവും അർപ്പണബോധവും ഒത്തു ചേർന്ന ജീവനക്കാർ ദ്രുതഗതിയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ ഇണക്കമുള്ള ഘടനാ സംവിധാനവും നൂതന സാങ്കേതികവിദ്യയും നിർവഹണ സങ്കേതങ്ങളും പ്രയോഗത്തിൽ വരുത്തുന്നതിനാണ് ആർദ്രം മിഷൻ ശ്രമിക്കുക. ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ആരോഗ്യ പരിപാലന രംഗത്ത് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തും. ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ കൊടുത്തു കൊണ്ടുള്ള ആരോഗ്യ സംവിധാനത്തിന്റെ പരിപൂർണ്ണ പരിവർത്തനമാണ് നവകേരളം കർമ്മപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

## ലക്ഷ്യങ്ങൾ

- എല്ലാ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിലും ചികിൽസാ മാനദണ്ഡങ്ങളുടെയും ചികിൽസാ മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ചികിൽസകൾ ശാസ്ത്രീയമായി ക്രമീകരിക്കുന്നു.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നു.
- ജില്ലാ - താലൂക്ക്തല ആശുപത്രികളിൽ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും അധിക സ്റ്റാഫിനെ നിയമിച്ചും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിൽസാ സൗകര്യങ്ങൾ ക്രമീകരിക്കുന്നു.
- ഔട്ട് പേഷ്യന്റ് വിഭാഗം നവീകരിക്കുകയും ഗവ.ആശുപത്രികൾ ജനസൗഹൃദമാക്കുകയും ചെയ്യുന്നു.
- അക്രഡിറ്റേഷൻ വ്യവസ്ഥകൾക്കനുസരിച്ചുള്ള സുരക്ഷാ മാനദണ്ഡങ്ങളിലൂടെ ചികിൽസകർക്കും ആരോഗ്യ പ്രവർത്തകർക്കും തൊഴിൽ സംബന്ധമായ അപായ സാധ്യതകളിൽ നിന്ന് സുരക്ഷിതത്വം ഉറപ്പാക്കുന്നു.
- നഴ്സിംഗ് രംഗത്ത് നൈപുണ്യവികസനത്തിനും മനുഷ്യ വിഭവശേഷി വർദ്ധനവിനും ഊന്നൽ നൽകുന്നു.
- ആയുർവേദ ചികിൽസാ രീതികളും പാരമ്പര്യ ചികിൽസാ മേഖലകളും കാലോചിതമായി ശക്തിപ്പെടുത്തി വിപുലീകരിക്കുന്നു.



# അദ്ധ്യായം - 2

# ആരോഗ്യ സ്ഥാപനങ്ങൾ ജനസൗഹൃദമാകുന്നു

ജനസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക വഴി ആശുപത്രി സന്ദർശനം രോഗികൾക്കും കൂട്ടിരിപ്പുകാർക്കും മറ്റ് ആവശ്യങ്ങൾക്കായി സമീപിക്കുന്നവർക്കും ആശ്വാസകരവും ക്ലേശരഹിതവുമായ അനുഭവം ആക്കുക എന്നതാണ് ആർദ്രം ദൗത്യത്തിന്റെ ഒരു പ്രധാന ലക്ഷ്യം. ആരോഗ്യ പരിരക്ഷയും ആശ്വാസവും പ്രദാനം ചെയ്യുന്ന കേന്ദ്രങ്ങളായിട്ടാണ് ജനസൗഹൃദ ആശുപത്രികൾ വിഭാവനം ചെയ്തിട്ടുള്ളത്. ഭിന്ന ശേഷിക്കാർ, വയോധികർ, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ എന്നിവർക്ക് യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെടാതെ സേവനങ്ങൾ പ്രാപ്യമായ രീതിയിൽ ആയിരിക്കും ജനസൗഹൃദ ആശുപത്രികളുടെ പ്രവർത്തനം.

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങളും ചികിൽസാ സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തിയാണ് ഈ കേന്ദ്രങ്ങൾ ജനസൗഹൃദമാക്കുന്നത്.

## 1. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ

മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരു സ്ഥാപനത്തിന്റെ സേവന നിലവാരത്തെ പ്രതിഫലിപ്പിക്കുകയും സ്വീകാര്യത വർദ്ധിപ്പിക്കുകയും പൊതുജനത്തിന് ആത്മവിശ്വാസം നൽകുകയും ചെയ്യും.

- ഇ-ഹെൽത്ത് സംവിധാനം ഉപയോഗിച്ച് ആശുപത്രികളിൽ മുൻകൂട്ടി അപ്പോയ്മെന്റ് ബുക്ക് ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കും.
- ഒ.പി.രജിസ്ട്രേഷൻ നവീകരിക്കും. രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഒ.പി.രജിസ്ട്രേഷൻ കൗണ്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കും. ടോക്കൺ സംവിധാനം ഏർപ്പെടുത്തും.
- ഇ-ഹെൽത്തിന്റെ ഭാഗമായി ഓരോ ആൾക്കും യുണിക് ഐ.ഡി.നമ്പർ (അതല്ലെങ്കിൽ ആധാറുമായി ബന്ധപ്പെടുത്തൽ) ഉണ്ടാകും അതുപയോഗിച്ച് രജിസ്ട്രേഷൻ സുഗമമാക്കും.
- ഒ.പി.രജിസ്ട്രേഷൻ കൗണ്ടർ, ഡോക്ടറുടെ പരിശോധനാ മുറി, ഫാർമസി, ലബോറട്ടറി, എക്സ്റേ, ഇ.സി.ജി. തുടങ്ങിയ എല്ലാ വിഭാഗങ്ങളെയും പരസ്പരം ബന്ധിപ്പിച്ച് കൊണ്ടുള്ള ഇ-ഹെൽത്ത് സംവിധാനം നിലവിൽ വരും.
- ഡോക്ടറുടെ പരിശോധനാ മുറി, ലബോറട്ടറി,ഫാർമസി വിവിധ സേവനങ്ങൾ ഇവ സൂചിപ്പിക്കുന്ന മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള സൈനേജുകൾ പ്രദർശിപ്പിക്കും.
- രോഗികൾക്കും കൂട്ടിരിപ്പുകാർക്കും കാത്തിരിപ്പിടങ്ങളിൽ ആവശ്യത്തിന് ഇരിപ്പിടങ്ങൾ, ഫാനുകൾ, കുടിവെള്ളം, വെളിച്ചം ഇവ ലഭ്യമാക്കും. ടി.വി, ബോധവൽക്കരണ വീഡിയോ പ്രദർശനം, പത്രം, മാസികകൾ, ബോധവൽക്കരണ ബോർഡുകൾ തുടങ്ങിയവ ഉണ്ടായിരിക്കും.
- ഡോക്ടറെ കാണുന്നതിന് മുമ്പായി രോഗവിവര ശേഖരണത്തിനും



ആവശ്യമെങ്കിൽ കൗൺസിലിംഗിനുമായി പ്രീചെക്ക് സംവിധാനം ഏർപ്പെടുത്തും. ഇത് വഴി ഡോക്ടർമാർക്ക് രോഗവിവരം കേൾക്കാനും പരിശോധിക്കാനും കൂടുതൽ സമയം ലഭ്യമാക്കും.

- ഓരോ ഡോക്ടർക്കും പ്രത്യേകം പരിശോധന മുറികൾ ഉണ്ടായിരിക്കും.
- സ്ത്രീ - ഭിന്നശേഷി - വയോജന സൗഹൃദ ടോയ്‌ലറ്റുകൾ (വൃത്തിയുള്ള) ഉണ്ടായിരിക്കും.
- ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും സൗകര്യത്തിനായി റാമ്പുകളും റയിലുകളും സ്ഥാപിക്കും.
- ദ്വിതീയ, ത്രിതീയതല ആശുപത്രികളിൽ അടുത്ത പ്രാവശ്യം ഡോക്ടറെ കാണുന്നതിന് മുൻകൂട്ടി ബുക്കിംഗിനായി ഒരു "എക്സിറ്റ് കൗണ്ടർ" ലഭ്യമാക്കും.
- മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഇന്റർനെറ്റ് ഉപയോഗിച്ചും ആപ്ലിക്കേഷൻസ് അധിഷ്ഠിതമായും മുൻകൂട്ടി ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തും.
- അണുബാധാ നിയന്ത്രണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തും.
- ആശുപത്രികളെ സൗന്ദര്യവത്കരിക്കും (പെയിന്റിംഗ്, പൂന്തോട്ട നിർമാണം, ലാന്റ്സ്കേപ്പിംഗ്, വാഹന പാർക്കിംഗ് സൗകര്യം)
- മാലിന്യം വേർതിരിക്കുന്നതിനും നിർമ്മാർജ്ജനത്തിനും ശാസ്ത്രീയ മാർഗ്ഗങ്ങൾ ഏർപ്പെടുത്തും.
- മഴവെള്ള സംഭരണത്തിനും സോളാർ പവർ ഉപയോഗത്തിനും പ്രത്യേക സംവിധാനങ്ങൾ ഒരുക്കും.
- സ്ഥാപനത്തിൽ ഗ്രീൻ പ്രോട്ടോകോൾ കർശനമായി പാലിക്കും.

## 2. മെച്ചപ്പെട്ട സേവനങ്ങൾ

ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് കാര്യക്ഷമമായും ഉയർന്ന നിലവാരത്തിലും സേവനങ്ങൾ നൽകുവാനും സ്ഥാപനങ്ങളുടെ വിശ്വാസ്യത ഉറപ്പു വരുത്തുവാനും സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ സാധ്യമാകും.

- ചികിൽസാ മാർഗ്ഗരേഖകൾ അനുസരിച്ചുള്ള ചികിൽസ നൽകും. ആവശ്യമനുസരിച്ച് രോഗികളെ ഉയർന്ന കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.
- ലബോറട്ടറികൾ നവീകരിക്കുകയും പരിശോധനാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും.
- ഫാർമസികൾ നവീകരിക്കുകയും മരുന്നുകൾ മുടക്കം കൂടാതെ ലഭ്യമാക്കുകയും ചെയ്യും.
- എല്ലാ ജീവനക്കാർക്കും തുടർച്ചയായ പരിശീലനം നൽകും.
- മാനവവിഭവ ശേഷി വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകും.
- രോഗികളോട് സൗഹാർദ്ദത്തോടെയും അനുഭാവപൂർവ്വവും പെരുമാറാനുള്ള പരിശീലനം ജീവനക്കാർക്ക് നൽകും.
- രോഗിക്കാവശ്യമായ ചികിൽസാ പിന്തുണ, സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കും.
- രോഗിക്കും കൂട്ടിരിപ്പുകാർക്കും ആവശ്യമായ മാനസിക പിന്തുണ, സാന്ത്വനം, ആത്മവിശ്വാസം, സ്വകാര്യത എന്നിവ ജനസൗഹൃദ കേന്ദ്രങ്ങൾ ഉറപ്പുവരുത്തും.



# അദ്ധ്യായം - 3

# ആശുപത്രികളുടെ സേവനം- വിപുലീകരണവും ഗുണമേൻമയും

പൊതു മേഖലാ ചികിൽസാ സംവിധാനത്തിലെ പ്രാഥമിക, ദ്വിതീയ, ത്രിതീയ തല ആശുപത്രികളിൽ കാലാനുസൃതവും ഏകീകൃതവുമായ വികസനം ചിട്ടയായ രീതിയിൽ നടപ്പിലാക്കിയാണ് ആശുപത്രികൾ പരിഷ്കരിക്കുന്നത്. ഓരോ തലത്തിലും നൽകുന്ന ചികിൽസകൾക്കും റഫർ ചെയ്യുന്നതിനും മാനദണ്ഡം ഏർപ്പെടുത്തുകയും അതിനനുസരിച്ച് സൂപ്പർ സ്പെഷ്യാലിറ്റി, സ്പെഷ്യാലിറ്റി, പ്രാഥമിക ചികിൽസ ഇവ നൽകുവാനാവശ്യമായ ഡോക്ടർമാർ, മറ്റ് ജീവനക്കാർ, അടിസ്ഥാന സൗകര്യങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ, ആധുനിക പരിശോധനാ സൗകര്യങ്ങൾ തുടങ്ങിയവ സജ്ജമാക്കും.

## മെഡിക്കൽ കോളേജുകൾ

ത്രിതീയതല ചികിൽസ നൽകുന്ന മെഡിക്കൽ കോളേജുകൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റും. തീവ്രരോഗങ്ങൾ, അത്യാഹിത കേസുകൾ ഇവയുടെ പരിചരണത്തിനും സൂപ്പർ സ്പെഷ്യാലിറ്റി ചികിൽസയ്ക്കും ഊന്നൽ നൽകുവാൻ പ്രാഥമിക പരിഗണന നൽകും.

- മികവിന്റെ കേന്ദ്രങ്ങളാക്കും.
- ഒ.പി.സംവിധാനം നവീകരിക്കും.
- ജനസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കും.
- ദ്വിതീയ/പ്രാഥമിക തലങ്ങളിൽ ചികിൽസാ സൗകര്യങ്ങൾ വർദ്ധിക്കുന്നതു വഴി മെഡിക്കൽ കോളേജുകളിൽ തിരക്ക് കുറയുകയും സൂപ്പർ സ്പെഷ്യാലിറ്റികളിൽ രോഗികൾക്ക് ആവശ്യമായ ചികിൽസയും സേവനവും ലഭ്യമാകുകയും ചെയ്യും.
- സൂപ്പർ സ്പെഷ്യാലിറ്റികളിൽ മുൻകൂട്ടി ബുക്കിംഗിനുള്ള സംവിധാനം ഒരുക്കും.
- എല്ലാ മെഡിക്കൽ കോളേജുകളിലും ഹൃദ്രോഗ ചികിൽസയ്ക്കായി കാത്ത്ലാബ് ലഭ്യമാക്കും.
- ട്രോമാകെയർ സംവിധാനങ്ങൾ മെച്ചപ്പെടുത്തും.



## ജില്ലാ/ജനറൽ ആശുപത്രികൾ

ദ്വിതീയ തലത്തിലുള്ള ജില്ലാ, ജനറൽ ആശുപത്രികളിലെ സാഹചര്യങ്ങൾ, ചികിൽസാ സൗകര്യങ്ങൾ, സേവനങ്ങൾ ഇവ മെച്ചപ്പെടുത്തുക വഴി ജനങ്ങൾക്ക് അവരുടെ ജില്ലകളിൽ തന്നെ ദ്വിതീയതല സ്പെഷ്യാലിറ്റികൾക്ക് പുറമെ ആവശ്യമായ ത്രിതീയതല ചികിൽസ ലഭ്യമാകുന്ന സാഹചര്യം ഉണ്ടാകും. ഇത് മെഡിക്കൽ കോളേജുകളിലേക്കുള്ള അനാവശ്യ റഫറലുകൾ ഒഴിവാക്കുവാൻ സഹായിക്കും. അതോടൊപ്പം രോഗിക്കും ബന്ധുക്കൾക്കും ഉണ്ടാകുന്ന മാനസികവും ശാരീരികവും സാമ്പത്തികവുമായ പ്രയാസങ്ങൾ ദൂരീകരിക്കുവാനും സാധിക്കും.

ജില്ലാതല/താലൂക്ക് തല ആശുപത്രികളെ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി സൗകര്യങ്ങൾ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. നിലവിലുള്ള പ്ലാൻ ഫണ്ടുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, നബാർഡ്, കിഫ്ബി തുടങ്ങിയ വിവിധ സ്കീമുകൾ വഴി ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്.

- ഒ.പി.സംവിധാനം നവീകരിക്കും.
- ജനസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കും.
- കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഘട്ടം ഘട്ടമായി ആരംഭിക്കും.
- അൾട്രാസൗണ്ട്, സി.ടി.സ്കാൻ മെച്ചപ്പെട്ട ലബോറട്ടറി സംവിധാനങ്ങൾ തുടങ്ങിയവ ഉണ്ടായിരിക്കും.
- തീവ്ര പരിചരണ വിഭാഗങ്ങൾ (ICCU, ICU) തുടങ്ങും.
- കാത്‌ലാബ് സൗകര്യം ഘട്ടം ഘട്ടമായി ഏർപ്പെടുത്തും.
- പ്രത്യേക നവജാത ശിശു പരിചരണ യൂണിറ്റുകൾ ഉണ്ടായിരിക്കും.
- ലഹരി മോചന കേന്ദ്രങ്ങൾ ആരംഭിക്കും.
- ഒൺ സ്റ്റോപ്പ് സെന്റർ ഫോർ ജെന്റർ ബെയ്സ്ഡ് വയലൻസ് (ഭൂമിക) കേന്ദ്രങ്ങളുടെ സേവനം മെച്ചപ്പെടുത്തും.
- കുട്ടികളിലെ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തുവാനും ചികിൽസ നൽകുവാനുമുള്ള ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ കേന്ദ്രങ്ങളുടെ (DEIC)പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും.
- കാൻസർ ചികിൽസയ്ക്കും പാലിയേറ്റീവ് കെയർ എന്നിവയ്ക്കായി കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിക്കും.
- ദ്വിതീയ തലത്തിലുള്ള സാന്ത്വന പരിചരണ സൗകര്യങ്ങൾ വർദ്ധിപ്പിക്കും.
- പക്ഷാഘാത ചികിൽസാ പരിചരണ യൂണിറ്റുകൾ ആരംഭിക്കും.
- ട്രോമകെയർ സേവനങ്ങൾ (ലെവൽ 2) ലഭ്യമാക്കും.
- ഘട്ടം ഘട്ടമായി ആശുപത്രിക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കും.ഇതിനായി വിവിധ ഏജൻസികളിൽ നിന്നും സമാഹരിക്കുന്ന ഫണ്ട്, മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വിനിയോഗിക്കും.
- യഥാസമയമുള്ള അറ്റകുറ്റപ്പണികളും സൗന്ദര്യവത്കരണവും ഉറപ്പാക്കും.
- മഴവെള്ള സംഭരണം, സോളാർ പാനൽ ഉപയോഗത്തിനുള്ള പ്രത്യേക സംവിധാനങ്ങൾ ഇവ ഏർപ്പെടുത്തും.
- മാലിന്യനിർമ്മാർജ്ജനത്തിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കും.

- ഡോക്ടർമാർ, സ്റ്റാഫ് നഴ്സുമാർ,മറ്റ് പാരാമെഡിക്കൽ ഉദ്യോഗസ്ഥർ എന്നിവരുടെ തസ്തികകൾ പുതുതായി സൃഷ്ടിച്ച് നിയമനം നടത്തും.
- വൈകുന്നേരം സ്പെഷ്യാലിറ്റി ഒ.പി.ക്ലിനിക്കുകൾ ആരംഭിക്കാനുള്ള നടപടികൾ എടുക്കും.

## താലൂക്ക് ആശുപത്രികൾ

ഓരോ താലൂക്കിലും നിഷ്കർഷിക്കുന്ന നിലവാരത്തിലുള്ള സൗകര്യങ്ങളോടെ ഒരു താലൂക്ക് ആശുപത്രി സജ്ജമാക്കും.

- ഒ.പി.സംവിധാനം നവീകരിക്കും.
- ജനസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കും.
- എല്ലാ താലൂക്ക് ആശുപത്രികളിലും പ്രധാന സ്പെഷ്യാലിറ്റികളായ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ് വിഭാഗങ്ങളിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുകയും ചികിൽസാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യും.
- ഓർത്തോ, ഇ.എൻ.റ്റി, നേത്ര വിഭാഗം, സൈക്കാട്രി, അനസ്തീഷ്യോളജി, ഫിസിക്കൽ മെഡിസൻ ആന്റ് റീഹാബിലിറ്റേഷൻ, ഡെർമറ്റോളജി, ദന്തവിഭാഗം തുടങ്ങിയ സ്പെഷ്യാലിറ്റികൾ ഉറപ്പാക്കും.



- പ്രത്യേക അത്യാഹിത വിഭാഗം ആരംഭിക്കും.
- ബ്ലഡ് ബാങ്ക്/ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് എന്നിവ ഉണ്ടായിരിക്കും.
- എക്സ്റേ, അൾട്രാ സൗണ്ട്, മെച്ചപ്പെട്ട ലബോറട്ടറി സംവിധാനങ്ങൾ ഏർപ്പെടുത്തും.
- ഡയാലിസിസ് യൂണിറ്റുകൾ തുറക്കും.
- മെച്ചപ്പെട്ട നവജാത ശിശു പരിചരണവും മെറ്റേണിറ്റി സേവനങ്ങളും നൽകും.
- ഘട്ടം ഘട്ടമായി ആശുപത്രിക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കും.ഇതിനായി വിവിധ ഏജൻസികളിൽ നിന്നും സമാഹരിക്കുന്ന ഫണ്ട്, മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വിനിയോഗിക്കും.
- യഥാസമയമുള്ള അറ്റകുറ്റപ്പണികളും,സൗന്ദര്യവത്കരണവും നടത്തും.
- മഴവെള്ള സംഭരണം, സോളാർ പാനൽ ഉപയോഗത്തിനുള്ള പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തും.
- മാലിന്യനിർമ്മാർജ്ജനത്തിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കും.
- ഡോക്ടർമാർ,സ്റ്റാഫ് നഴ്സുമാർ,മറ്റ് പാരാമെഡിക്കൽ ഉദ്യോഗസ്ഥർ എന്നിവരുടെ തസ്തികകൾ പുതുതായി സൃഷ്ടിച്ച് നിയമനം നടത്തും.
- വൈകുന്നേരം സ്പെഷ്യാലിറ്റി ഒ.പി.ക്ലിനിക്കുകൾ ആരംഭിക്കാനുള്ള നടപടികൾ എടുക്കും.

## പ്രാഥമികാരോഗ്യ കേന്ദ്രം

കുടുംബത്തെ അടിസ്ഥാന ഘടകമാക്കി, ആരോഗ്യ സേവനങ്ങൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത്.

- പ്രൈമറി ഹെൽത്ത് സെന്ററുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുന്നു.
- സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന മുഴുവൻ ജനങ്ങളുടേയും ആരോഗ്യത്തിന്റെ ഉത്തരവാദിത്വം ഒരു നിർദ്ദിഷ്ട സംഘത്തെ ഏൽപ്പിക്കും.
- പ്രാഥമികമായ ചികിൽസ, ചികിൽസാ മാനദണ്ഡങ്ങൾക്കനുസരിച്ച് നൽകും. ആവശ്യമായവരെ ഉയർന്ന കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.
- NCD കൂടാതെ വിഷാദരോഗത്തിനും, COPD ക്കും ക്ലിനിക്കുകൾ ആരംഭിക്കും.
- പകർച്ചവാധി, പകർച്ചേതര വ്യാധികളുടെ നിയന്ത്രണം, പ്രതിരോധം ഇവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കും.
- ശരിയായ ഭക്ഷണക്രമം, വ്യായാമം ഇവ പ്രോത്സാഹിപ്പിക്കും.
- തദ്ദേശ സ്വയംഭരണം, വിദ്യാഭ്യാസം, സാമൂഹ്യനീതി, പട്ടികവർഗ്ഗ വികസനം, ജലവിഭവം തുടങ്ങിയ വിവിധ ആരോഗ്യ അനുബന്ധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം സാധ്യമാക്കും.
- വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതികളുടെ പ്രവർത്തനം ഊർജ്ജിതമാക്കും.
- എല്ലാ പ്രവർത്തനങ്ങളും പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കും. ഇതിനായി വാർഡ് തലത്തിൽ ആരോഗ്യ സേന രൂപീകരിക്കും.

## റഫറൽ സേവനങ്ങൾ

കുടുംബാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക്, ജില്ലാ/ജനറൽ, മെഡിക്കൽ കോളേജ് എന്നീ സ്ഥാപനങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടുമുള്ള റഫറൽ സംവിധാനം മെച്ചപ്പെടുത്തും. ഓരോ തലത്തിലും ചികിത്സ നൽകേണ്ട രോഗങ്ങൾ എന്തെല്ലാമാണെന്നും എങ്ങനെയാണ് നൽകേണ്ടതെന്നും സമഗ്ര ആരോഗ്യ പരിരക്ഷ മാനദണ്ഡമനുസരിച്ച് ഏകീകരിച്ചിരിക്കുന്നു. ഈ സേവനങ്ങൾ നൽകാൻ ഡോക്ടർമാരേയും നഴ്സുമാരേയും മറ്റു ജീവനക്കാരേയും പരിശീലിപ്പിക്കുകയും മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുകയും ചെയ്യും. രോഗികളെ ഏതവസരത്തിലാണ് റഫറൽ ചെയ്യേണ്ടതെന്നും എങ്ങോട്ടാണ് റഫർ ചെയ്യേണ്ടതെന്നും ഈ മാനദണ്ഡത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു രോഗിയെ ഉയർന്ന തലത്തിലുള്ള ആശുപത്രിയിലേയ്ക്ക് റഫർ ചെയ്താൽ അടിയന്തരഘട്ടം തരണം ചെയ്തു എന്നുറപ്പാക്കി ചികിത്സ നൽകുകയും തുടർ ചികിത്സയ്ക്കായി തിരിച്ച് പ്രാഥമിക/ദ്വിതീയ തലത്തിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യും. ഈ രോഗിയ്ക്ക് തുടർന്ന് നൽകേണ്ട ആവശ്യമായ ചികിത്സകളും മറ്റു സേവനങ്ങളും എന്തെല്ലാമാണെന്ന് കൃത്യമായി അറിയിക്കേണ്ടത് ഉയർന്ന തലത്തിലുള്ള ആശുപത്രികളുടെ ഉത്തരവാദിത്തമാണ്. ഇ-ഹെൽത്ത് സംവിധാനം നടപ്പിലാകുന്നതോടെ രോഗികളെ ഉയർന്ന കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുമ്പോഴും ചികിൽസയ്ക്ക് ശേഷം തിരിച്ച് റഫർ ചെയ്യുമ്പോഴും രോഗികളുടെ രോഗചികിൽസാ സംഗ്രഹം ഡോക്ടർമാർക്ക് കമ്പ്യൂട്ടറിൽ ലഭ്യമാകും. അടിയന്തരഘട്ടങ്ങളിൽ രോഗിയെ റഫർ ചെയ്യുമ്പോൾ വാഹന സൗകര്യം ഒരുക്കുകയും ആവശ്യമെങ്കിൽ രോഗിയെ അകമ്പടി സേവിക്കുകയും ചെയ്യും. തുടർ ചികിത്സയും സേവനങ്ങളും രോഗികൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട ഫീൽഡ് സ്റ്റാഫിന്റെ ഉത്തരവാദിത്തമാണ്.




### ലബോറട്ടറികളുടെ നവീകരണം

രോഗ നിർണയത്തിന് പ്രധാന പങ്ക് വഹിക്കുന്ന ഘടകമാണ് ലബോറട്ടറി പരിശോധന. പകർച്ചവ്യാധി, പകർച്ചേതരവ്യാധികളുടെ നിർണയത്തിലും നിയന്ത്രണത്തിനും പരിശോധനകൾ വളരെ അത്യാവശ്യമാണ്. സർക്കാർ സംവിധാനത്തിൽ ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് പരിശോധനാ ഫലം വിശ്വാസ

യോഗ്യമാക്കുവാനും രോഗികൾക്ക് ബുദ്ധിമുട്ട് ഒഴിവാക്കുവാനും സാമ്പത്തിക ചെലവ് കുറയ്ക്കുവാനും ഉപകരിക്കും.



- അവശ്യ ലബോറട്ടറി ഉപകരണങ്ങൾ പ്രവർത്തനക്ഷമമായി ഉണ്ടായിരിക്കും.
- ലബോറട്ടറിക്ക് ആവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ഉണ്ടെന്ന് ഉറപ്പാക്കും.
- ലബോറട്ടറികളിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും മാർഗ്ഗരേഖകൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങളും പാലിക്കും.
- സാമ്പിളുകൾ ശേഖരിക്കുക, ലേബലിംഗ്, ടെസ്റ്റിംഗ്, പരിശോധനാ ഫലം രോഗികളെ അറിയിക്കുക, ആശുപത്രിയിലെ തന്നെ വിവിധ വിഭാഗങ്ങളിൽ എത്തിക്കുക തുടങ്ങിയ കാര്യങ്ങൾക്ക് ചിട്ടയായ സംവിധാനങ്ങൾ ഉണ്ടാകും.
- കൃത്യത ഉറപ്പുവരുത്താനായി ഉപകരണങ്ങളുടെ കാലിബ്രേഷനും പ്രവർത്തനക്ഷമതയും ഉറപ്പുവരുത്തും.

## ഫാർമസി സേവനങ്ങൾ

ആരോഗ്യ കേന്ദ്രങ്ങളിൽ ചികിൽസയ്ക്കെത്തുന്ന രോഗികൾക്ക് കൂടുതൽ സാമ്പത്തിക ചെലവ് വരുത്തുന്നത് മരുന്നുകളുടെ ഉയർന്ന വിലയാണ്. അവശ്യ മരുന്നുകളുടെ വില കുതിച്ചുയരുന്ന സാഹചര്യത്തിൽ സർക്കാർ ആശുപത്രികളിൽ ഗുണനിലവാരമുള്ള മരുന്നുകൾ ലഭ്യമാക്കുന്നത് ഈ കേന്ദ്രങ്ങളുടെ സ്വീകാര്യത കൂട്ടും.

- ആവശ്യമായ മരുന്നുകൾ വളരെ ചിട്ടയായ രീതിയിൽ ഇൻഡന്റ് തയ്യാറാക്കി നൽകും.
- ഫാർമസിക്ക് ഗുണനിലവാരം ഉറപ്പു വരുത്തിക്കൊണ്ടുള്ള മരുന്നു സംഭരണത്തിനും മരുന്ന് വാങ്ങുന്നവർക്ക് സൗകര്യപ്രദമായി ഇരിക്കാനുമുള്ള സ്ഥലസൗകര്യം ഉണ്ടായിരിക്കും.
- കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് ക്രമമായി മരുന്നു മുടങ്ങാതെ ലഭ്യമാക്കുന്നതിന് ചിട്ടയായ സംവിധാനം ഉണ്ടാകും.



- വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുകയും രേഖപ്പെടുത്തുകയും രോഗികൾക്ക് കൊടുക്കുവാൻ പാകത്തിന് സൂക്ഷിക്കുകയും ചെയ്യും.
- മരുന്നുകൾ കഴിക്കേണ്ട ക്രമത്തെക്കുറിച്ച് രോഗികൾക്ക് വ്യക്തമായി പറഞ്ഞു മനസ്സിലാക്കി കൊടുക്കും. കൊടുക്കുന്ന കവറിനു പുറത്ത് കഴിക്കേണ്ട സമയം, അളവ് (ഡോസ്) എന്നിവ കൃത്യമായി എഴുതി കൊടുക്കുകയും ഏതെല്ലാം മുൻകരുതലുകൾ എടുക്കണമെന്നും മരുന്നു കഴിച്ചാലുണ്ടാകുന്ന പാർശ്വഫലങ്ങളും ബുദ്ധിമുട്ടുകളും ഭക്ഷണത്തിന് മുൻപോ ശേഷമോ തുടങ്ങിയ കാര്യങ്ങളും പറഞ്ഞു കൊടുക്കും
- മരുന്നു വിതരണം വേഗത്തിലാക്കാൻ കഴിയുന്ന രീതിയിൽ മരുന്നുകൾ ചിട്ടപ്പെടുത്തി സൂക്ഷിക്കുന്നതാണ്.
- മരുന്നുകൾ പ്രത്യേകം പായ്ക്കറ്റുകളിൽ നൽകുകയും വായിക്കുവാൻ പാകത്തിന് നിർദ്ദേശങ്ങൾ പ്രിന്റ് ചെയ്തോ, സീൽ ചെയ്തോ, എഴുതിയോ കൊടുക്കും.

**ചിത്രം 2: ആർദ്രം പദ്ധതിയിലൂടെ ത്രിതല സംവിധാനത്തിൽ വരുന്ന പരിവർത്തനങ്ങൾ**

| | | |
|---|---|---|
| ജനസൗഹൃദ അന്തരീക്ഷം ഒ.പി നവീകരണം | മെഡിക്കൽ കോളേജ് മികവിന്റെ കേന്ദ്രങ്ങൾ | മെച്ചപ്പെട്ട ട്രോമാകെയർ സംവിധാനം |
| ജനസൗഹൃദ അന്തരീക്ഷം ഒ.പി നവീകരണം സി.റ്റി. സ്കാൻ അൾട്രാസൗണ്ട് ആധുനിക ലാബ് സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റ് | ജില്ലാ/ജനറൽ ആശുപത്രികൾ | മെറ്റേണിറ്റി സേവനങ്ങൾ സൂപ്പർ സ്പെഷ്യാലിറ്റികളായ കാർഡിയോളജി ന്യൂറോളജി നെഫ്രോളജി ട്രോമാകെയർ |
| ജനസൗഹൃദ അന്തരീക്ഷം ഒ.പി നവീകരണം നവജാത ശിശുപരിചരണ വിഭാഗം മെറ്റേണിറ്റി സേവനങ്ങൾ | താലൂക്ക് ആശുപത്രികൾ | അടിസ്ഥാന സ്പെഷ്യാലിറ്റി കളായ മെഡിസിൻ, സർജറി ഗൈനക്കോളജി, പീഡിയാട്രിക്സ്, ഓർത്തോ, ഇ.എൻ.റ്റി നേത്രവിഭാഗം, ട്രോമാകെയർ |
| ജനസൗഹൃദ അന്തരീക്ഷം ഒ.പി നവീകരണം മെച്ചപ്പെട്ട ഭൗതിക സാഹചര്യം സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ മാർഗ്ഗരേഖകളനുസരിച്ചുള്ള ചികിൽസ പ്രീചെക്ക്, പോസ്റ്റ് ചെക്ക് കൗൺസിലിംഗ് സൗകര്യം ശ്വാസ്, ആശ്വാസ് പദ്ധതികൾ ശിശു, മാതൃ,വയോജന,കൗമാര ആരോഗ്യം | കുടുംബാരോഗ്യ കേന്ദ്രങ്ങൾ | ഡോക്ടർ-3<br>സ്റ്റാഫ് നഴ്സ്-4<br>ലാബ് ടെക്നീഷ്യൻ- 1<br>ഫാർമസിസ്റ്റ്- 2<br>പൊതുജന പങ്കാളിത്തം വിവിധ വകുപ്പുകളുടെ ഏകോപനം<br>പകർച്ചവ്യാധി പ്രതിരോധം ആരോഗ്യ അനുബന്ധ ഘടകങ്ങളെ അഭിസംബോധന ചെയ്യുക<br>അർബുദ പ്രതിരോധം, കുഷ്ഠരോഗ നിർണ്ണയം |
| പൊതുജന പങ്കാളിത്തം വിവിധ വകുപ്പുകളുടെ ഏകോപനം പകർച്ചവ്യാധി പ്രതിരോധം പകർച്ചേതര വ്യാധികൾ,പ്രതിരോധം,ഇടപെടലുകൾ | ഉപകേന്ദ്രങ്ങൾ | ജെ.പി.എച്ച്.എൻ -1<br>ജെ.എച്ച്.ഐ (2-3 ഉപകേന്ദ്രങ്ങൾക്ക് ഒരാൾ) ആരോഗ്യ വർദ്ധക കേന്ദ്രങ്ങൾ (ശിശു മാതൃ, വയോജന, കൗമാര ആരോഗ്യം) |
| പൊതുജന പങ്കാളിത്തം വാർഡ്മെമ്പർ ഹരിതകർമ്മ സേന കുടുംബശ്രീ ശുചിത്വ വോളണ്ടിയർമാർ | വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ | ആരോഗ്യ പ്രവർത്തകർ ആരോഗ്യസേന, ആശ, അംഗൻവാടി പ്രവർത്തകർ |

## അദ്ധ്യായം - 4

# പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാകുന്നു

സമഗ്രമായ ആരോഗ്യ പരിപാലനം ലക്ഷ്യമിട്ടു കൊണ്ട് സ്ഥാപിക്കപ്പെട്ടിട്ടുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഇന്നിപ്പോൾ കേവലം ചികിൽസയിൽ കേന്ദ്രീകരിക്കപ്പെട്ടുപോകുന്ന അവസ്ഥയാണുള്ളത്. പ്രതിരോധ, ആരോഗ്യ വർദ്ധക പ്രവർത്തനങ്ങളിൽ നേതൃത്വം നൽകി ഫലപ്രാപ്തിയിലെത്തിക്കുവാൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് കഴിഞ്ഞില്ല. ഈ പശ്ചാത്തലത്തിലാണ് ഒരു പ്രദേശത്തെ ജനങ്ങൾക്ക് സമഗ്രമായ പ്രാഥമികാരോഗ്യ സുരക്ഷ ഉറപ്പുവരുത്തുവാനായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത്.

### കുടുംബാരോഗ്യ കേന്ദ്രങ്ങൾ

ഒരു പ്രദേശത്തെ മുഴുവൻ വ്യക്തികളുടെയും കുടുംബങ്ങളുടെയും ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്ന കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങൾ. ഓരോ വ്യക്തിയുടെയും ആരോഗ്യ സംബന്ധിയായ വിശദാംശങ്ങൾ ഇ-ഹെൽത്ത് സംവിധാനം വഴി ശേഖരിക്കുകയും വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തിയുടെയും കുടുംബത്തിന്റെയും ആ വാർഡിന്റെയും പഞ്ചായത്തിന്റെയും ആരോഗ്യ പ്രവർത്തനങ്ങൾ രൂപീകരിക്കുകയും വിവിധ പരിപാടികളിലൂടെ നടപ്പിലാക്കുകയും ചെയ്യും

കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമീപനം

1. പ്രാഥമികാരോഗ്യ പരിരക്ഷ ശക്തിപ്പെടുത്തുക
2. സേവനഗുണമേൻമ മെച്ചപ്പെടുത്തുക
3. ആരോഗ്യ അനുബന്ധ ഘടകങ്ങളെ അഭിസംബോധന ചെയ്യുക
4. ജനകീയ പങ്കാളിത്തം ഉറപ്പാക്കുക




മുൻപ്




ഇപ്പോൾ

## 1. പ്രാഥമികാരോഗ്യ പരിരക്ഷ ശക്തിപ്പെടുത്തുവാനുള്ള വിവിധ തലത്തിലുള്ള പ്രവർത്തനങ്ങൾ

ഉയർന്നു വരുന്ന പകർച്ച വ്യാധികളും, കൂടി വരുന്ന ജീവിത ശൈലി രോഗങ്ങൾക്കും കാരണമാകുന്ന ജന സംഖ്യാപരവും സാമൂഹ്യപരവുമായ പരിവർത്തനങ്ങൾ കേരളത്തിന്റെ ആരോഗ്യ രംഗത്തിന് വലിയ ഭീഷണി ഉയർത്തുന്നു. ഒരു പരിധിവരെ ഈ രോഗങ്ങൾ തടയാൻ പ്രാഥമികാരോഗ്യ പരിരക്ഷ ശക്തിപ്പെടുത്തുന്നതിലൂടെ സാധിക്കും. പ്രാഥമികാരോഗ്യ പരിരക്ഷ എന്നതുകൊണ്ട് രോഗ പ്രതിരോധം, ആരോഗ്യ വർദ്ധകം, ചികിൽസ, പുനരധിവാസം, സാന്ത്വനം എന്നിവയാണ് ഉദ്ദേശിക്കുന്നത്. രോഗ ചികിത്സയോടൊപ്പം രോഗപ്രതിരോധത്തിനും ആരോഗ്യ വർദ്ധനത്തിനും അർഹിക്കുന്ന പ്രാധാന്യം നൽകുക എന്നതാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ ഉദ്ദേശിക്കുന്നത്. സാന്ത്വന ചികിൽസ സംസ്ഥാനത്തുടനീളം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അതിന്റെ ഗുണമേൻമ ഇനിയും വളരെയധികം മെച്ചപ്പെടേണ്ടിയിരിക്കുന്നു. പുനരധിവാസ സേവനങ്ങളും അതിനെ സംബന്ധിച്ചുള്ള ധാരണയും ഇന്ന് സംസ്ഥാനത്ത് വളരെ പരിമിതമാണ്.

### രോഗപ്രതിരോധ പ്രവർത്തനങ്ങൾ

രോഗം വന്ന് ചികിൽസിക്കുന്നതിനേക്കാൾ രോഗപ്രതിരോധത്തിന് ഊന്നൽ കൊടുക്കുന്നത് വ്യക്തിയുടെയും കുടുംബത്തിന്റെയും സാമൂഹ്യ, സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കും. പകർച്ചവ്യാധികളുടെയും പകർച്ചേതരവ്യാധികളുടെയും പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങൾ നടത്തും

### ➥ പകർച്ചവ്യാധികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ

- ആരോഗ്യമുള്ള ഒരു വ്യക്തിക്കോ സമൂഹത്തിനോ രോഗം വരാതിരിക്കുവാനുള്ള പ്രതിരോധ കുത്തിവയ്പ് അടക്കമുള്ള പ്രവർത്തനങ്ങൾ.
- രോഗബാധിതനായ ഒരാളിൽ നിന്നോ സമൂഹത്തിൽ നിന്നോ രോഗം മറ്റൊരാളിലേക്ക് പകരാതിരിക്കുവാനുള്ള പ്രവർത്തനങ്ങൾ.
- രോഗം പകർത്തുന്ന സാഹചര്യങ്ങൾ ഒഴിവാക്കൽ.
- രോഗകാരികളായ ജീവികളുടെയും ജന്തുക്കളുടെയും നിയന്ത്രണം.

### ➥ പകർച്ചേതര വ്യാധികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ

- ജീവിതശൈലി മെച്ചപ്പെടുത്തി പകർച്ചേതര വ്യാധികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ.
- മുപ്പത് വയസ്സിന് മുകളിലുള്ളവർക്ക് പ്രമേഹം പ്രതിരോധിക്കാനും തുടക്കത്തിലെ കണ്ടെത്തി നിയന്ത്രിക്കാനുമുള്ള പ്രവർത്തനങ്ങൾ.
- പതിനെട്ട് വയസ്സിന് മുകളിലുള്ളവർക്ക് രക്താതിമർദ്ദം പ്രതിരോധിക്കാനും തുടക്കത്തിലെ കണ്ടെത്തി നിയന്ത്രിക്കാനുമുള്ള പ്രവർത്തനങ്ങൾ.
- വിഷാദരോഗം പ്രതിരോധിക്കാനും തുടക്കത്തിലെ കണ്ടെത്തി നിയന്ത്രിക്കാനുമുള്ള പ്രവർത്തനങ്ങൾ.
- ദീർഘകാല ശ്വാസകോശ രോഗങ്ങൾ പ്രതിരോധിക്കാനും തുടക്കത്തിലെ കണ്ടെത്തി നിയന്ത്രിക്കാനുമുള്ള പ്രവർത്തനങ്ങൾ ഉദാ: COPD, ആസ്ത്മ.

### ➥ ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ

ശരിയായ ഒരു ആരോഗ്യ സംസ്കാരം വളർത്തിയെടുക്കുന്നതിലൂടെ മുഴുവൻ ജനതയുടെയും ആരോഗ്യ അഭിവൃദ്ധിയാണ് ഉദ്ദേശിക്കുന്നത്.

- മെച്ചപ്പെട്ട ആരോഗ്യം കൈവരിക്കുന്നതിനാവശ്യമായ ആരോഗ്യ വിദ്യാഭ്യാസം നൽകും.
- നല്ല ആരോഗ്യ ശീലങ്ങൾ പഠിപ്പിക്കുവാനും പ്രാവർത്തികമാക്കുവാനും ഉള്ള കേന്ദ്രങ്ങളായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ മാറും.
- ജീവിതശൈലിയിൽ ഉണ്ടാകേണ്ട മാറ്റങ്ങൾക്ക് ഊന്നൽ നൽകി ആരോഗ്യ വിദ്യാഭ്യാസം നൽകും.

### ➥ ചികിൽസയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

പ്രാഥമിക തലത്തിൽ തന്നെ രോഗങ്ങൾ കണ്ടെത്തി മെച്ചപ്പെട്ട ചികിൽസ നൽകുന്നതിലൂടെ ഉയർന്ന തലത്തിലെ ആശുപത്രികളിലേക്കുള്ള റഫറൽ കുറയ്ക്കാനും അതുമൂലം അവിടുത്തെ തിരക്ക് ഒഴിവാക്കുവാനും സാധിക്കും.

### ➥ പുനരധിവാസ പ്രവർത്തനങ്ങൾ

ദീർഘകാലരോഗം മൂലം കഷ്ടതയനുഭവിക്കുന്നവർക്ക് ഭൗതികമായും സാമൂഹ്യവുമായ പിന്തുണ നൽകുവാനുള്ള ഇടപെടലുകൾ നടത്തുകയും വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ സഹായം ഉറപ്പാക്കുകയും ചെയ്യും.

### ➥ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ

സാന്ത്വന പരിചരണം ആവശ്യമുള്ളവരെ കണ്ടെത്തുകയും അവർക്കും കുടുംബത്തിനും ആവശ്യമായ പരിചരണവും പിന്തുണയും ഉറപ്പാക്കുകയും ചെയ്യും.

## 2. സേവന ഗുണമേൻമ മെച്ചപ്പെടുത്തുക

പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതു വഴി സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നത് മൂലമുണ്ടാകുന്ന ചികിൽസാ ചെലവുകൾ കുറയ്ക്കാൻ കഴിയും.

## 3. ആരോഗ്യ അനുബന്ധ ഘടകങ്ങളെ അഭിസംബോധന ചെയ്യുക

കുടിവെള്ളം, ശുചിത്വം, മാലിന്യനിർമാർജ്ജനം, പാർപ്പിടം, ഭക്ഷ്യ സുരക്ഷ തുടങ്ങിയ ഘടകങ്ങൾ നേരിട്ടും വിദ്യാഭ്യാസം, ദാരിദ്ര്യം, തൊഴിൽ, കൃഷി, സാമൂഹ്യനീതി, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവ പരോക്ഷമായും ആരോഗ്യത്തെ സ്വാധീനിക്കുന്ന സാമൂഹ്യ ഘടകങ്ങളാണ്.

- കുടിവെള്ളം, ശുചിത്വം, മാലിന്യനിർമാർജ്ജനം, പാർപ്പിടം, ഭക്ഷ്യ സുരക്ഷ, പരിസ്ഥിതി സംരക്ഷണം, വിദ്യാഭ്യാസം തുടങ്ങിയ ആരോഗ്യവുമായി ബന്ധപ്പെട്ട ഘടകങ്ങളെ പരിഗണിക്കുവാനും സംബോധന ചെയ്യുവാനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ തയ്യാറാക്കും.
- ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ (ഉദാ: വ്യായാമത്തിനുള്ള സൗകര്യം ഒരുക്കുക, നടപ്പാത നിർമ്മിക്കുക, ജൈവ കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കുക, കളിസ്ഥലം ഒരുക്കുക) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൊണ്ട് നടപ്പിൽ വരുത്തും.
- വിദ്യാഭ്യാസം, തൊഴിൽ, കൃഷി, സാമൂഹ്യനീതി, മൃഗസംരക്ഷണം, നഗരവികസനം, പട്ടികവർഗ്ഗ വികസനം, ഫിഷറീസ്, പൊതുമരാമത്ത് വകുപ്പുകളെ ഏകോപിപ്പിച്ച് കൊണ്ട് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും.

## 4. ജനകീയ പങ്കാളിത്തം ഉറപ്പാക്കുക

ഈ പ്രവർത്തനങ്ങളുടെയെല്ലാം തുടർച്ചയ്ക്കും നിലനിൽപ്പിനും വിവിധ തലങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതാണ്.

- രോഗപ്രതിരോധ, ആരോഗ്യ വർദ്ധക, പുനരധിവാസ, സാന്ത്വന ചികിൽസ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

- വാർഡ്തല ആരോഗ്യ പോഷണ സമിതിയുടെ നേതൃത്വത്തിൽ അയൽസഭ, അയൽക്കൂട്ടം, വാർഡ്സഭ, ആശ, അംഗൻവാടി, കുടുംബശ്രീ, ഊരുകൂട്ടം, ജാഗ്രതാ സമിതികൾ, പാടശേഖര സമിതികൾ, രാഷ്ട്രീയ സംഘടനകൾ, മതസംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കലാകായിക ക്ലബുകൾ, പെൻഷൻ സംഘടനകൾ എന്നിവരെ ഉൾപ്പെടുത്തി രോഗപ്രതിരോധ, നിയന്ത്രണ പ്രവർത്തനങ്ങൾ, ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കും.
- ആരോഗ്യ സന്നദ്ധ പ്രവർത്തകരെ ഏകോപിപ്പിച്ച് ആരോഗ്യസേന രൂപീകരിക്കും. രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിലും ആരോഗ്യ വർദ്ധക പ്രവർത്തനങ്ങളിലും ആരോഗ്യസേനയുടെ പ്രവർത്തനം ഊർജ്ജിതമാക്കും.
- സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തും.

## കുടുംബാരോഗ്യ കേന്ദ്രങ്ങൾ എങ്ങനെ ജനസൗഹൃദമാകുന്നു

ജനസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക വഴി ജനങ്ങൾക്ക് സമീപിക്കാവുന്ന ആരോഗ്യ സംരക്ഷണ കേന്ദ്രമായി കുടുംബാരോഗ്യകേന്ദ്രങ്ങൾ മാറും.



- മികച്ച അടിസ്ഥാന സൗകര്യങ്ങളോട് കൂടി ആകർഷകമായ കെട്ടിടങ്ങൾ.
- ഒ.പി.രജിസ്ട്രേഷൻ കൗണ്ടറുകൾ നവീകരിക്കുകയും രോഗികളുടെ എണ്ണത്തിനനുസരിച്ച് കൗണ്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യും.
- ഒ.പി.രജിസ്ട്രേഷൻ കൗണ്ടറിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തും.
- ഡോക്ടർമാരുടെ പരിശോധനാ മുറികൾ, ലാബ്, ഫാർമസി, ടോയ്‌ലറ്റ് ഇവ വ്യക്തമായി കാണാവുന്ന വിധത്തിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എഴുതിയിട്ടുള്ള സൈനേജുകൾ ഉണ്ടായിരിക്കും.



- ഓരോ ഡോക്ടർക്കും പ്രത്യേകം പരിശോധനാ മുറികൾ ഉണ്ടായിരിക്കും. രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുവാൻ ഇത് സഹായകമാവും.
- രോഗികൾക്കും കൂട്ടിരിപ്പുകാർക്കും കാത്തിരിപ്പു കേന്ദ്രങ്ങളിൽ ഇരിക്കുവാനായി സൗകര്യപ്രദമായ ഇരിപ്പിടങ്ങൾ, വെളിച്ചം, ഫാൻ സൗകര്യം, കുടിവെള്ളം, ടി.വി, റേഡിയോ, വീഡിയോ പ്രദർശനം, പത്ര മാസികകൾ എന്നിവ ലഭ്യമാക്കും.
- ഭിന്നശേഷിക്കാർ, വയോജനങ്ങൾ തുടങ്ങിയവർക്ക് യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെടാത്ത വിധത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്തും.
- കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ കീഴിലുള്ള എല്ലാ വ്യക്തികൾക്കും യുണീക് ഐഡി നൽകുകയും അവർ ചികിൽസയ്ക്കായി എത്തുമ്പോൾ ഈ നമ്പർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യുകയും ചെയ്യും.
- ഡോക്ടറുടെ പരിശോധനയ്ക്ക് മുമ്പായി നഴ്സുമാർ രോഗതീവ്രത അനുസരിച്ച് രോഗികളെ തരംതിരിക്കുകയും അടിസ്ഥാന പരിശോധനകൾ, രോഗവിവരങ്ങൾ എന്നിവ രേഖപ്പെടുത്തുകയും ചെയ്യും. ശേഷം ഡോക്ടറുടെ പരിശോധനയ്ക്കായി വിടുന്നു. ഇത് ഡോക്ടർക്ക് രോഗിയുടെ രോഗവിവര

ങ്ങൾ വിശദമായി കേൾക്കുവാനും പരിശോധിക്കുവാനും ശരിയായ ചികിൽസ നൽകുവാനും സഹായകമാകുന്നു.

- പരിശോധനാ മുറികളിൽ ആവശ്യമായ സ്വകാര്യത ഉറപ്പുവരുത്തുന്നു.
- ഡോക്ടറുടെ പരിശോധനയ്ക്കുശേഷം രോഗിയെ നിരീക്ഷണമുറി/ ലാബ്/ ഫാർമസി/ കൗൺസലിംഗ് തുടങ്ങിയ സേവനങ്ങൾക്കായി വിടുന്നു.
- രോഗതീവ്രത അനുസരിച്ച് ആവശ്യമെങ്കിൽ ദ്വിതീയ/ത്രിതീയ തലങ്ങളിലുള്ള ആശുപത്രികളിലേക്ക് റഫർ ചെയ്യുന്നു.

**ചിത്രം 3: കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രോഗികളുടെ സഞ്ചാരപഥം**




**നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും കുടുംബാരോഗ്യ കേന്ദ്രങ്ങൾ എങ്ങനെ മെച്ചപ്പെടുന്നു**

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുമ്പോൾ ഒ.പി. സമയം, ചികിൽസാ സൗകര്യങ്ങൾ, സേവനങ്ങൾ എന്നിവയിലും അവിടെയെത്തുന്ന ജനങ്ങളോടുള്ള സമീപനത്തിലും വളരെ കാതലായ മാറ്റങ്ങളാണ് ലക്ഷ്യമിടുന്നത്.

പട്ടിക 3: പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുമ്പോൾ

| സേവനങ്ങൾ | നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രം | കുടുംബാരോഗ്യ കേന്ദ്രം |
|---|---|---|
| ഒ. പി. പ്രവർത്തന സമയം | (രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2 വരെ ) | കൂടുതൽ ഒ.പി.സമയം (രാവിലെ 9മുതൽ വൈകുന്നേരം 6 വരെ ) |
| ലബോറട്ടറി | ചില കേന്ദ്രങ്ങളിൽ | എല്ലാ കേന്ദ്രങ്ങളിലും നിശ്ചിത പരിശോധനകൾ |
| ദീർഘകാല ശ്വാസ കോശ രോഗങ്ങളുടെ പ്രതിരോധം, നിയന്ത്രണം, പുനരധിവാസം തുടങ്ങിയവ ലക്ഷ്യമിട്ട് കൊണ്ടുള്ള “ശ്വാസ്” പദ്ധതി | നിലവിലില്ല | എല്ലാ കേന്ദ്രങ്ങളിലും |
| വിഷാദ രോഗ പ്രതിരോധത്തിനും, നിയന്ത്രണത്തിനും “ആശ്വാസം” പദ്ധതി | നിലവിലില്ല | എല്ലാ കേന്ദ്രങ്ങളിലും |
| ആരോഗ്യ ഉപകേന്ദ്രങ്ങളിൽ പ്രത്യേകം ക്ലിനിക്കുകൾ | എല്ലാ ദിവസവും ഇല്ല | ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കും |
| സ്ഥാപനതല സേവനങ്ങൾ | നിലവിലില്ല | നഴ്സുമാരുടെ സേവനത്തിന്റെ ഭാഗമായി പതിവായി പഞ്ചായത്തിലെ വൃദ്ധ സദനങ്ങൾ, അനാഥാലയങ്ങൾ, സ്കൂളുകൾ, ഓഫീസുകൾ മറ്റ് തൊഴിൽ സ്ഥലങ്ങൾ സന്ദർശിച്ച് ബോധവൽക്കരണം, സ്ക്രീനിംഗ്, റഫറൽ സേവനങ്ങൾ നൽകുന്നു. |
| ആലംബഹീനരും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ഉള്ള സേവനം | പരിമിതം | പ്രത്യേക പരിഗണന നൽകുന്നു |
| റഫറൽ സംവിധാനം | ഉചിതമായ റഫറൽ സംവിധാനത്തിന്റെ അഭാവം | മുകൾ തട്ടിലേക്കും തിരികെയും ഉള്ള റഫറലും തുടർ ചികിത്സയും സമഗ്ര പ്രാഥമിക ചികിൽസാ മാർഗ്ഗ നിർദ്ദേശരേഖകൾ അനുസരിച്ച് ക്രമീകരിക്കപ്പെട്ടിരിക്കുന്നു. |
| സേവന പാക്കേജുകൾ | നിലവിലില്ല | സമൂഹത്തിലെ ഓരോ വ്യക്തിക്കും അവരുടെ പ്രായത്തിനും രോഗാവസ്ഥയ്ക്കും നിർദ്ദിഷ്ട സേവനങ്ങൾ നൽകും. |
| സേവന ഗുണമേൻമ | അപര്യാപ്തം | • സമഗ്ര പ്രാഥമിക ചികിൽസാ മാർഗ്ഗനിർദ്ദേശ രേഖകൾ അനുസരിച്ച് സേവന ഗുണത ഉറപ്പ് വരുത്തുന്നു.<br>• എല്ലാ ജീവനക്കാർക്കും തുടർച്ചയായ പരിശീലനം നൽകുക വഴി സേവന ഗുണത മെച്ചപ്പെടുത്തുന്നു.<br>• ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജനത്തിനും അണുബാധാ നിയന്ത്രണ ത്തിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തും. |

| | | |
|---|---|---|
| അടിസ്ഥാന സൗകര്യങ്ങൾ | ഏകീകൃതമല്ല | അംഗീകൃത പൊതു നിലവാരത്തിലുള്ള സൗകര്യങ്ങൾ എല്ലായിടത്തും ഉണ്ടാകും.<br>• രോഗീ സൗഹൃദ രജിസ്ട്രേഷൻ<br>• ടോക്കൺ സംവിധാനം.<br>• കാത്തിരിപ്പു കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ.<br>• പ്രദർശന ബോർഡുകൾ, അടയാളങ്ങൾ<br>• സ്വകാര്യത ഉറപ്പു വരുത്തുന്ന പരിശോധനാ മുറികൾ.<br>• ഭിന്നശേഷിക്കാർക്കും വൃദ്ധർക്കും അനുയോജ്യമായ സംവിധാനങ്ങൾ.<br>• ഇന്റർനെറ്റ് അടിസ്ഥാനമാക്കിയുള്ള അപ്പോയ്ന്റ്മെന്റ് ക്രമീകരണം. |
| മാനവവിഭവ ശേഷി | 1-2 ഡോക്ടർമാർ,<br>0-1 നഴ്സ്,<br>0-1 ലാബ്ടെക്നീഷ്യൻ | കുറഞ്ഞത് 3 ഡോക്ടർമാർ,<br>4 നഴ്സുമാർ,<br>1 ലാബ് ടെക്നീഷ്യൻ |
| ഉപകരണങ്ങൾ | പരിമിതം | അംഗീകൃത പൊതു നിലവാരത്തിലുള്ള ഉപകരണങ്ങൾ എല്ലായിടത്തും ഉണ്ടാകും. |
| നഴ്സിംഗ് സേവനങ്ങൾ | പരിമിതം | • രോഗതീവ്രത അനുസരിച്ച് രോഗികളെ തരംതിരിക്കും<br>• ആദ്യ വിലയിരുത്തൽ (പ്രീചെക്ക്)<br>• കൗൺസിലിംഗ്<br>• തുടർ പരിചരണം<br>• ടെലിഫോൺ വഴി മാർഗ്ഗ നിർദ്ദേശം നൽകുക<br>• "ശ്വാസ്","ആശ്വാസ്" പദ്ധതികൾ<br>• സ്ഥാപനതല സേവനങ്ങൾ |
| ആരോഗ്യ / മെഡിക്കൽ റെക്കോർഡ് | എഴുതി സൂക്ഷിക്കുന്ന റെക്കോർഡുകൾ മാത്രം | എല്ലാവർക്കും ഇ-ഹെൽത്ത് മുഖേന ത്രിതല ആരോഗ്യ സംവിധാനത്തിന് പ്രാപ്യമായ റെക്കോർഡുകൾ. |
| സാമൂഹിക പങ്കാളിത്തം | അപര്യാപ്തം | ആശാ,അംഗൻവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ആരോഗ്യ സേന, വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതി, തുടങ്ങിയവരിലൂടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു. |
| ആരോഗ്യ അനുബന്ധ ഘടകങ്ങളുടെ അഭിസംബോധന | അപര്യാപ്തം | വിവിധ പദ്ധതികളുടെ സംയോജനത്തിലൂടെ അഭിസംബോധന ചെയ്യപ്പെടുന്നു. |
| സാമൂഹ്യ സുരക്ഷാ സേവനങ്ങൾ | അപര്യാപ്തം | വിവിധ സേവനങ്ങളുടെ സംയോജനത്തിലൂടെ ലഭ്യമായി എന്ന് ഉറപ്പു വരുത്തുന്നു. |

ചിത്രം 4 : പ്രാഥമികാരോഗ്യ പരിരക്ഷ സമഗ്ര പരിവർത്തനം



# കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും നൽകുന്ന സേവനങ്ങൾ

## സേവന പാക്കേജ്

കുടുംബാരോഗ്യ കേന്ദ്രങ്ങൾ അത് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ മുഴുവൻ വ്യക്തികളുടെയും കുടുംബങ്ങളുടെയും അതുവഴി ആ പ്രദേശത്തിന്റെയും ആരോഗ്യ നിലവാരത്തെ സ്വാധീനിക്കുവാനും നിർണയിക്കുവാനും കഴിയുന്ന കേന്ദ്രങ്ങളായാണ് വിഭാവനം ചെയ്യുന്നത്. ഒരു വ്യക്തിയുടെ ജനനം മുതൽ ജീവിത കാലം മുഴുവൻ ആരോഗ്യം സംരക്ഷിക്കുവാനും ഉറപ്പുവരുത്തുവാനുമായി ഓരോ ഘട്ടത്തിലും നൽകേണ്ട സേവനങ്ങളെ ക്രമാനുസൃതമായി നിർവ്വചിച്ച് രൂപപ്പെടുത്തിയിട്ടുള്ളതാണ് സേവന പാക്കേജുകൾ. പാക്കേജിലെ ഓരോ സേവനങ്ങളും പ്രദാനം ചെയ്യാൻ ഉത്തരവാദിത്തപ്പെട്ടവർ ആരാണെന്നും നിർവ്വചിച്ചിട്ടുണ്ട്.

സേവന പാക്കേജിന്റെ ഭാഗമായി ഓരോ വ്യക്തിയുടെയും ആരോഗ്യ വിവരങ്ങൾ അടങ്ങുന്ന കുടുംബാരോഗ്യ രജിസ്റ്റർ ഇലക്ട്രോണിക് സംവിധാനത്തിൽ തയ്യാറാക്കും. ഇതുവഴി വ്യക്തിഗത പാക്കേജ്, കുടുംബ പാക്കേജ് എന്നിവയും ഇതിന്റെ തുടർച്ചയെന്നോണം വാർഡ് ആരോഗ്യ പാക്കേജും പഞ്ചായത്ത് സേവന പാക്കേജും തയ്യാറാക്കും.

## വ്യക്തിഗത പാക്കേജ്

പ്രായാനുസൃതവും ലിംഗാനുസൃതവും രോഗതീവ്രതയും അനുസരിച്ച് 31 പാക്കേജുകൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ പാക്കേജും അവയുമായി ബന്ധപ്പെട്ട വിഭാഗത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള സമഗ്ര കാഴ്ചപ്പാട് നൽകുന്നു.

- **പ്രായാനുസൃതം :** നവജാതശിശു, ഒരു വയസ്സുവരെയുള്ള കുട്ടികൾ, 1-5 വയസ്സുവരെയുള്ള കുട്ടികൾ, 6-9 വയസ്സുവരെയുള്ള കുട്ടികൾ, 10-19 വയസ്സുവരെയുള്ള പെൺകുട്ടികൾ, 10-19 വയസ്സുവരെയുള്ള ആൺകുട്ടികൾ, 20-59 വയസ്സുവരെയുള്ള പുരുഷൻമാർ, 20-59 വയസ്സു വരെയുള്ള സ്ത്രീകൾ, 60 വയസ്സിനു മുകളിലുള്ള മുതിർന്നവർ ഇങ്ങനെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ 11 പാക്കേജായി തരം തിരിച്ചിട്ടുണ്ട്.

- **ശരീര ഘടനയിലധിഷ്ഠിതമായത് :** ഗർഭകാലം, പ്രസവാനന്തര കാലം

- **പ്രതിരോധവും തീവ്രത ലഘൂകരണവും :** പൊണ്ണത്തടി, ലഹരി മരുന്നുകളുടെ ദുരുപയോഗം, ഭാരക്കുറവ്, ജീവിത ശൈലിക്ക് ഇണങ്ങുന്ന ഭക്ഷണങ്ങൾ, വ്യായാമം, പ്രതിരോധ കുത്തിവയ്പ്.

- **രോഗാവസ്ഥാനുസൃതം :** പകർച്ചേതരവ്യാധികൾ - പ്രമേഹം, രക്താതിമർദ്ദം, ശാരീരിക വൈകല്യമുള്ളവർ, ശ്വാസകോശ രോഗങ്ങൾ, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം, മാനസിക രോഗങ്ങൾ, അർബുദം, സാന്ത്വന പരിചരണം, കുഷ്ഠവും ക്ഷയവും.

## പാക്കേജിലൂന്നിയുള്ള സേവനങ്ങൾ

കുടുംബാരോഗ്യ കേന്ദ്രങ്ങൾ അതിന്റെ പ്രവർത്തന പരിധിയിൽ വരുന്ന എല്ലാ കുടുംബങ്ങൾക്കും രോഗ പ്രതിരോധം, ആരോഗ്യ വർദ്ധകം, രോഗ ചികിൽസ, പുനരധിവാസം, സാന്ത്വന പരിചരണം എന്നീ സേവനങ്ങൾ വിവിധ തലങ്ങളിലുള്ള പാക്കേജുകളിലൂടെ നൽകുവാൻ ലക്ഷ്യമിടുന്നു. രോഗചികിൽസാ സേവനങ്ങൾ, ഫീൽഡ്തല പ്രവർത്തനങ്ങൾ, സ്ഥാപനതല പ്രവർത്തനങ്ങൾ, സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്നിവ പ്രയോജനപ്പെടുത്തി പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ദുർബല ജനവിഭാഗങ്ങളിൽപ്പെട്ടവർക്കും നിർദ്ദിഷ്ടമായ സേവനങ്ങൾ നൽകുക എന്നിങ്ങനെ സേവനങ്ങളെ തരംതിരിക്കാം.

## കുട്ടികൾക്കുള്ള സേവനങ്ങൾ

- എല്ലാ നവജാത ശിശുക്കളെയും രജിസ്റ്റർ ചെയ്യുക.
- തൂക്കം, വളർച്ച ഇവ വിലയിരുത്തുക, പോരായ്മ ഉണ്ടെങ്കിൽ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.
- രോഗ പ്രതിരോധ കുത്തിവയ്പുകൾ യഥാസമയം നൽകുക.



- നവജാത ശിശുക്കളുടെ ശരീര അളവുകൾ എടുക്കുക, കണ്ണിന്റെയും ചെവിയുടെയും പരിശോധന നടത്തുക.
- നവജാത ശിശുക്കളിലെ വൈകല്യങ്ങൾ തിരിച്ചറിഞ്ഞ് ഉയർന്ന കേന്ദ്രത്തിലേക്ക് റഫർ ചെയ്യുക.
- പോഷകാഹാരക്കുറവ്, തൂക്കക്കുറവ്, തൂക്ക കൂടുതൽ മുതലായവ ഉള്ള കുട്ടികള കണ്ടെത്തുക.
- തൈറോയ്ഡ് രോഗങ്ങൾ ഉള്ളവരെ കണ്ടെത്തി ചികിൽസ നൽകുക.
- മുലപ്പാലിന്റെ പ്രാധാന്യം, പ്രതിരോധ കുത്തിവയ്പുകൾ, പോഷകാഹാരം, ശിശു പരിപാലനം, ശിശുക്കളിൽ ശ്രദ്ധിക്കേണ്ട അപകട സൂചനകൾ ഇവയെക്കുറിച്ച് അച്ഛനമ്മമാർക്ക് ബോധവൽക്കരണം നൽകുക.
- ചലന സംബന്ധമായ പ്രശ്നങ്ങൾ, സ്വഭാവസംബന്ധമായ പ്രശ്നങ്ങൾ, പഠനവൈകല്യങ്ങൾ, മാനസിക വളർച്ചക്കുറവ് തുടങ്ങിയവ ഉള്ള കുട്ടികളെ കണ്ടെത്തുകയും ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യും.

## കൗമാരക്കാർക്കുള്ള സേവനങ്ങൾ

- പ്രദേശത്തെ കൗമാരപ്രായക്കാരുടെ രജിസ്റ്റർ സൂക്ഷിക്കുക.
- പ്രതിരോധ കുത്തിവയ്പുകൾ (ടെറ്റനസ്, റൂബെല്ലാ തുടങ്ങിയവ) ഉറപ്പാക്കുക.
- പ്രത്യുൽപാദന ലൈംഗിക ആരോഗ്യപ്രശ്നങ്ങൾ, മൂത്രസംബന്ധമായ രോഗങ്ങൾ എന്നിവ കണ്ടെത്തുകയും ചികിൽസ നൽകുകയും ചെയ്യുക.
- ആർത്തവസംബന്ധമായ പ്രശ്നങ്ങൾ കണ്ടെത്തുകയും ചികിൽസ നൽകുകയും ചെയ്യുക.
- വിവാഹപൂർവ്വ കൗൺസലിംഗ് ഉൾപ്പെടെയുള്ള കൗൺസലിംഗ് നൽകും.
- കുടുംബാസൂത്രണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധവൽകരണം നൽകും.
- ലഹരിവസ്തുക്കളെ കുറിച്ച് ബോധവത്കരണം നടത്തും. ആരോഗ്യ ക്ലബുകൾ രൂപീകരിക്കുകയും അതുവഴി ലഹരി ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും.
- വിളർച്ച കണ്ടെത്തും, പ്രതിവാര അയൺ ഫോളിക് ആസിഡ് പോഷണ പരിപാടി ഊർജ്ജിതമായി നടപ്പിലാക്കും.
- പോഷകാഹാര നിലവാരം, തൂക്കക്കുറവ്, അമിതവണ്ണം എന്നിവ കണ്ടെത്തുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യും.
- ആരോഗ്യകരമായ ഭക്ഷണ രീതി, വ്യായാമം, ഇവയെക്കുറിച്ച് ബോധവൽകരണം നടത്തുകയും ഇവ പ്രോത്സാഹിപ്പിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും.
- അഡ്ജസ്റ്റ്മെന്റ് ഡിസ്ഓർഡറുകൾ, മാനസിക പിരിമുറുക്കം, വിഷാദ രോഗം ഇവ മുൻകൂട്ടി തിരിച്ചറിയുകയും ശരിയായ ചികിൽസ നൽകുകയും ചെയ്യും.
- ശാരീരികവും മാനസികവുമായ ചൂഷണങ്ങൾ ഒഴിവാക്കുവാനും അവ ഉണ്ടായാൽ യഥാസമയം റിപ്പോർട്ട് ചെയ്യുവാനുമുള്ള ബോധവത്കരണം നൽകും.
- പഠനവൈകല്യങ്ങൾ കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കും.





- പനി, പകർച്ചവ്യാധികൾ തുടങ്ങിയ രോഗങ്ങൾക്ക് മാർഗ്ഗനിർദ്ദേശ പ്രകാരം ചികിൽസ നൽകുകയും ആവശ്യമെങ്കിൽ ഉയർന്ന കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുകയും ചെയ്യുക.

## ഗർഭിണികൾക്കുള്ള സേവനങ്ങൾ

- ഗർഭാവസ്ഥയുടെ ആദ്യ ഘട്ടത്തിൽ തന്നെ രജിസ്റ്റർ ചെയ്യും.
- എം.സി.പി കാർഡ് നൽകും.
- ഗർഭകാലയളവിൽ അഞ്ചു തവണയെങ്കിലും പരിശോധന ഉറപ്പാക്കും.
- അയൺ ഫോളിക് ആസിഡ് ഗുളികകൾ നൽകും.
- ടെറ്റനസ് പ്രതിരോധ കുത്തിവയ്പുകൾ നൽകും.
- ഗർഭിണികളുടെ രക്തസമ്മർദ്ദം, രക്തത്തിലെ പഞ്ചസാരയുടെ അളവ്, വിളർച്ച ഇവ ക്രമമായി നിരീക്ഷിക്കുകയും ആവശ്യമായ ചികിൽസ നൽകുകയും ചെയ്യും.
- ഗർഭകാലയളവിലുള്ള അപകടസൂചനകളെ കുറിച്ച് ഗർഭിണികളെ ബോധവത്കരിക്കും. ഏതെങ്കിലും അപകട സൂചന റിപ്പോർട്ട് ചെയ്താൽ ചികിൽസിക്കും ആവശ്യമെങ്കിൽ ഉയർന്ന കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.
- പ്രസവത്തിനായി ആശുപത്രിയിലെത്തുവാൻ പ്രോത്സാഹിപ്പിക്കും.
- പോഷകാഹാരം, ശരിയായ ഭക്ഷണ രീതി, മരുന്നുകളുടെ ഉപയോഗം, വ്യായാമം, കുട്ടികളുടെ പരിചരണം, മുലയൂട്ടൽ, വ്യക്തിശുചിത്വം എന്നിവയിൽ ബോധൽക്കരണം നൽകും.
- കുട്ടികൾ തമ്മിലുള്ള ഇടവേള, കുടുംബാസൂത്രണ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ബോധവത്കരണം നൽകും.
- കുടുംബാസൂത്രണ സേവനങ്ങൾ ലഭ്യമാക്കും.
- ഗർഭസ്ഥശിശുവിന്റെ വൈകല്യങ്ങൾ കണ്ടെത്താനുള്ള അനോമലി സ്കാൻ സംവിധാനം ലഭ്യമാക്കും.

## പുരുഷൻമാർക്കുള്ള സേവനങ്ങൾ

- ചികിൽസാ മാനദണ്ഡങ്ങൾ അനുസരിച്ച് പകർച്ചവ്യാധി, പകർച്ചേതര വ്യാധികൾക്ക് ചികിൽസ നൽകും, ആവശ്യമെങ്കിൽ റഫർ ചെയ്യും.
- പ്രമേഹം, രക്തസമ്മർദ്ദം, അമിതവണ്ണം, കൊളസ്ട്രോൾ രോഗങ്ങൾ എന്നിവ ഉള്ളവരെ പരിശോധനയിലൂടെ കണ്ടെത്തുകയും ചികിൽസിക്കുകയും ചെയ്യും.
- അസുഖങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ ഉള്ളവരെ ഉയർന്ന കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.
- തിരിച്ച് റഫർ ചെയ്യപ്പെടുന്ന രോഗികൾക്ക് തുടർ ചികിൽസയും പരിചരണവും ഉറപ്പാക്കും.
- തൊഴിൽജന്യ രോഗങ്ങൾ, അപകടസാധ്യതകൾ, എടുക്കേണ്ട മുൻകരുതലുകൾ ഇവയെക്കുറിച്ച് ബോധവൽക്കരണം നൽകും.
- അമിത മദ്യപാനം ഉള്ളവരെ കണ്ടെത്തി അവർക്ക് കൗൺസലിംഗും ചികിൽസയും നൽകും.
- ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരെ കണ്ടെത്തി ലഹരി വിമുക്ത മാർഗ്ഗങ്ങൾ നിർദ്ദേശിക്കും, അതിനായുള്ള കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.

- കഫ പരിശോധന, ലിവർ ഫങ്ഷൻ ടെസ്റ്റ്, വായ്ക്കുള്ളിലെ പരിശോധന, എച്ച്.ഐ.വി പരിശോധന ഇവ ലഹരി ഉപയോഗത്തിനനുസരിച്ച് നിർദ്ദേശിക്കുകയും ഫോളോ അപ് നടത്തുകയും ചെയ്യുക.
- No Scalpal Vasectomy പ്രോത്സാഹിപ്പിക്കുകയും സേവനം ലഭ്യമാക്കുകയും ചെയ്യും.
- ഗർഭനിരോധനത്തിനും ലൈംഗിക രോഗങ്ങളുടെ പ്രതിരോധത്തിനും ഉറകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കും.
- വന്ധ്യത ചികിൽസക്കും വിലയിരുത്തലിനും വേണ്ടി സേവനലഭ്യത ഉള്ള കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.
- ജനനേന്ദ്രീയ സംബന്ധ രോഗങ്ങൾ കണ്ടെത്തുകയും ചികിൽസിക്കുകയും ചെയ്യുക.
- ശരിയായ ഭക്ഷണരീതി, വ്യായാമം, പകർച്ചേതരവ്യാധികളുടെ പ്രതിരോധം, ആരോഗ്യ സംരക്ഷണ മാർഗ്ഗങ്ങൾ ഇവയിൽ ബോധവത്കരണം നൽകും.
- പഞ്ചായത്തുമായി ചേർന്ന് വ്യായാമം വർദ്ധിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തും.

## സ്ത്രീകൾക്കുള്ള സേവനങ്ങൾ

ആരോഗ്യമുള്ള ഒരു പുരുഷന് നൽകുന്ന സേവനങ്ങൾക്ക് പുറമെ സ്ത്രീകൾക്ക് നൽകുന്ന സേവനങ്ങൾ

- പ്രത്യുൽപാദന പ്രായപരിധിയിൽ വരുന്ന സ്ത്രീകളുടെ രജിസ്ട്രേഷൻ നടത്തും.
- കുടുംബാസൂത്രണ മാർഗ്ഗങ്ങൾ തിരഞ്ഞെടുക്കാൻ പ്രോത്സാഹനം നൽകും, അവ ലഭ്യമാക്കും.
- സുരക്ഷിതമായ ഗർഭഛിദ്ര സേവനങ്ങളുടെ ലഭ്യതയെപ്പറ്റി വിവരം നൽകും.
- ഗർഭഛിദ്ര സേവനങ്ങൾ ആവശ്യമുള്ളവരെ ഇതിനായി റഫർ ചെയ്യും.
- നിയമവിരുദ്ധവും സുരക്ഷിതമല്ലാത്തതുമായ ഗർഭഛിദ്രം കണ്ടെത്തി റിപ്പോർട്ട് ചെയ്യും.
- ആർത്തവസംബന്ധമായ പ്രശ്നങ്ങൾക്ക് ചികിൽസ നൽകും.
- ജനനേന്ദ്രീയ/ലൈംഗിക രോഗങ്ങൾ കണ്ടെത്തി ചികിൽസിക്കും.
- ഗർഭാശയമുഴ, അണ്ഡാശയത്തിലെ മുഴ, അർബുദരോഗം തുടങ്ങിയവയുട വിലയിരുത്തലിനായി റഫർ ചെയ്യും.
- വന്ധ്യതാ പരിശോധനയ്ക്കും ചികിൽസയ്ക്കും റഫർ ചെയ്യും.
- സ്തനാർബുദം, തൈറോയ്ഡ് ഗ്രന്ഥിയുടെ അർബുദം എന്നിവ ഇല്ലെന്ന് ഉറപ്പ് വരുത്തും.
- വിളർച്ച അതിന്റെ കാരണം കണ്ടെത്തും, അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യും.
- സന്ധിവേദന, നടുവേദന തുടങ്ങിയവ ചികിൽസിക്കുകയും കാരണം കണ്ടെത്തുകയും ചെയ്യും.
- വാതരോഗം, എല്ലുകളുടെ ബലക്ഷയം ഇവയുടെ ചികിൽസയും ആവശ്യമെങ്കിൽ റഫറലും ഉറപ്പാക്കും.
- ലഹരി മരുന്നിന്റെ ഉപയോഗം വിലയിരുത്തലും ഇവയുമായി ബന്ധപ്പെട്ട രോഗങ്ങളുടെ നിർണ്ണയവും നടത്തും.
- ആർത്തവ വിരാമത്തിനു ശേഷമുള്ള ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുകയും ആവശ്യമുള്ളവർക്ക് ചികിൽസ നൽകുകയും ചെയ്യും.
- പ്രസവശേഷമുള്ള ചികിൽസയിൽ ആയുർവേദ വകുപ്പുമായി സഹകരിച്ച് സേവനങ്ങൾ ലഭ്യമാക്കും.

## വയോജനങ്ങൾക്കുള്ള സേവനങ്ങൾ

- വയോജനങ്ങളെ കണ്ടെത്തി രജിസ്റ്റർ ചെയ്യും.
- ആരോഗ്യ സ്ഥിതി അവലോകനം - പ്രമേഹം, അമിത രക്ത സമ്മർദ്ദം, ഹൃദയധമനി രോഗം, നാഡീ രോഗം, കേഴ്‌വിക്കുറവ്, കാഴ്ചക്കുറവ്, ഉദര രോഗങ്ങൾ, വൃക്ക സംബന്ധമായ രോഗം, ആസ്ത്മ, എല്ലുകളുടെ ബലക്ഷയം എന്നിവ കണ്ടെത്തി ആവശ്യമായ സേവനങ്ങൾ നൽകും.
- വായിലെ കാൻസർ, വൻകുടലിലെ അർബുദം തുടങ്ങിയവ തുടക്കത്തിലേ കണ്ടെത്തുവാനുള്ള ബോധവൽക്കരണം നൽകും.
- ജനനേന്ദ്രീയ /ലൈംഗിക രോഗങ്ങൾ കണ്ടെത്തി ചികിൽസിക്കും.
- തിമിരം, പ്രോസ്ട്രേറ്റ് ഗ്രന്ഥിയുടെ വീക്കം, മനോരോഗം എന്നീ രോഗങ്ങൾ ചികിൽസിക്കും, ആവശ്യമെങ്കിൽ റഫർ ചെയ്യും.
- വീഴ്ച കാരണം പരിക്ക് പറ്റിയവരെ ചികിൽസിക്കും.
- രോഗത്തിനാവശ്യമായ ചികിൽസ തേടുന്നുവെന്ന് ഉറപ്പു വരുത്തും.
- കിടപ്പു രോഗികൾക്ക് ആവശ്യമായ സേവനങ്ങൾക്ക് ലഭ്യമാക്കും.
- മുടങ്ങാതെ മരുന്ന് കഴിക്കൽ, ഇടവേളകളിലെ ആരോഗ്യ പരിശോധന, രോഗാവസ്ഥയ്ക്ക് അനുസൃതമായ വ്യായാമം, ഭക്ഷണം, മാനസിക സമ്മർദ്ദ നിയന്ത്രണ രീതികൾ തുടങ്ങിയവയിൽ ഉപദേശവും നിർദ്ദേശങ്ങളും നൽകും.
- ശ്രവണ സഹായി, കൃത്രിമായവങ്ങൾ, ഊന്നുവടി, വീൽ ചെയർ തുടങ്ങിയവ ലഭ്യമാക്കുവാനുള്ള പിന്തുണയും മാർഗ്ഗനിർദ്ദേശവും നൽകും.
- കുടുംബ പിന്തുണയില്ലാത്ത വയോജനങ്ങൾക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകും.
- സാമൂഹ്യ സുരക്ഷാ പദ്ധതികൾ ലഭ്യമാക്കുന്നതിന് പിന്തുണ നൽകും.
- വയോജനങ്ങളുടെ കൂട്ടായ്മ രൂപീകരിക്കുകയും അവർക്ക് ഒരുമിച്ച് ചേരാനും പരസ്പരം സംസാരിക്കുവാനും സഹായിക്കുവാനും ഉള്ള അവസരം ഒരുക്കും.



- രോഗിയെ പരിചരിക്കുന്ന വ്യക്തിക്ക് ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിൽസ ഉറപ്പാക്കും.
- രോഗിയെ പരിചരിക്കുന്ന വ്യക്തിക്ക് മാനസിക പിന്തുണയും പ്രചോദനവും നൽകും.
- ലഹരി വസ്തുക്കളുടെ ഉപയോഗം കണ്ടെത്തുകയും നിർത്തുവാൻ ആവശ്യമായ ചികിൽസ, പ്രോത്സാഹനം ഇവ നൽകും.
- ലഹരി ഉപയോഗം മൂലം ഉണ്ടാകുന്ന രോഗങ്ങൾ കണ്ടെത്തുവാനായി പരിശോധനകൾ നടത്തും.
- മുതിർന്ന സ്ത്രീകളിൽ ലളിതമായ പരിശോധനയിലൂടെ ഗർഭാശയം, സ്തനം, എന്റോമെട്രിയം, വൻകുടൽ എന്നിവയുടെ അർബുദങ്ങൾ നിർണയിക്കും.
- ഗർഭപാത്രം പുറത്തേക്കു തള്ളൽ, നിയന്ത്രണമില്ലാതെ മൂത്രം പോകുക തുടങ്ങിയവ കണ്ടെത്തി ചികിൽസ നൽകും.

- പ്രായമായവരുടെ ആരോഗ്യം സംരക്ഷിക്കാൻ ആയുർവേദ വകുപ്പുമായി സഹകരിച്ച് വെൽനെസ് പരിപാടി നടപ്പാക്കും.

## പകർച്ചേതരവ്യാധികൾ

- ആരോഗ്യ കേന്ദ്രങ്ങളിൽ മാർഗ്ഗരേഖ അനുസരിച്ച് ഉത്തരവാദിത്വപ്പെട്ട വ്യക്തികൾ ആവശ്യമായ മരുന്നുകൾ കൃത്യമായി വിതരണം ചെയ്യും അത് രോഗിക്ക് ആവശ്യാനുസരണം നൽകാനുള്ള സംവിധാനമുണ്ടാക്കും.
- വിദ്യാഭ്യാസ സ്ഥാപങ്ങൾ, തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ കളിക്കളം, വ്യായാമം ചെയ്യുവാനുള്ള സാഹചര്യങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുവാൻ നടപടിയെടുക്കും.
- പൊതു, സ്വകാര്യ സ്ഥാപനങ്ങൾ, ജോലി സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ബോധവത്കരണ പരിപാടികൾ നടത്തും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വ്യായാമം ചെയ്യുവാനുള്ള പൊതു ഇടങ്ങൾ സജ്ജമാക്കും.
- ശരിയായ ഭക്ഷണ രീതി, ജൈവപച്ചക്കറി കൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കും.
- പ്രമേഹം-രക്തത്തിലെ പഞ്ചസാരയുടെ അളവ് കൃത്യമായി പരിശോധിക്കുകയും ഉചിതമായ മരുന്നുകളിലൂടെ ചികിൽസയും കൃത്യമായ തുടർ പരിശോധനയ്ക്കുള്ള നിർദ്ദേശവും നൽകും.
- നാഡി, വൃക്ക, നേത്ര സംബന്ധമായ പ്രശ്നങ്ങൾ പ്രമേഹ രോഗികളിൽ കണ്ടെത്തുകയും സങ്കീർണ്ണതകൾ നിരീക്ഷിക്കുകയും ഉണ്ടെങ്കിൽ ഉയർന്ന കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.
- അമിത രക്തസമ്മർദ്ദം, ക്ഷയം, ഹൃദയധമനിരോഗം, മൂത്രത്തിൽ പഴുപ്പ്, ഫംഗൽ അണുബാധ എന്നീ അനുബന്ധ രോഗമുള്ളവർക്ക് ചികിൽസ ഉറപ്പാക്കും.
- പ്രമേഹ രോഗികളായ ഗർഭിണികളിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രണ വിധേയമാക്കുവാൻ നിർദ്ദേശിക്കും. പ്രമേഹം നിയന്ത്രണ വിധേയമല്ലാത്തവരെ റഫർ ചെയ്യും.
- ഭക്ഷണ കാര്യങ്ങൾ കൃത്യമായി പാലിക്കുവാൻ ബോധവൽക്കരണവും നിർദ്ദേശവും നൽകും.
- പാദസംരക്ഷണത്തിന് നിർദ്ദേശം നൽകും.
- പകർച്ചേതര വ്യാധി ക്ലിനിക്കുകളെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് നൽകുകയും അവ ഉപയോഗപ്പെടുത്താൻ പ്രേരിപ്പിക്കുകയും ചെയ്യും.

## രക്താതിമർദ്ദം

- രക്താതിമർദ്ദമുള്ളവരെ കണ്ടെത്തുകയും ഉചിതമായ മരുന്നുകൾ ഉപയോഗിച്ച് ചികിൽസയും തുടർ പരിശോധനയും നൽകും.
- ആവശ്യമായവരെ ഉയർന്ന കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.
- ജീവിത ശൈലിയിൽ മാറ്റങ്ങൾ, വ്യായാമം, ഭക്ഷണ ക്രമീകരണം, ഉപ്പിന്റെ ഉപയോഗം, ലഹരിയുടെ ഉപയോഗം ഇവയെക്കുറിച്ച് ബോധവത്കരണവും ആവശ്യമായ നിർദ്ദേശവും നൽകും.
- തലചുറ്റൽ, തലവേദന, കാഴ്ച തകരാറുകൾ, ദൈർഘ്യം കുറഞ്ഞ ബോധക്ഷയം തുടങ്ങിയ അപകടസൂചനകളെ കുറിച്ച് നിർദ്ദേശങ്ങൾ നൽകും.
- കൃത്യസമയത്ത് മരുന്ന് കഴിക്കുവാനും തുടർ സന്ദർശനത്തിന് വരുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാനും നിർദ്ദേശം നൽകും.

## അമിത വണ്ണം

- അമിത വണ്ണത്തിന്റെ കാരണം കണ്ടെത്തുവാനാവശ്യമായ പരിശോധനകൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും.
- ഭക്ഷണ ക്രമീകരണം, പോഷക മൂല്യങ്ങൾകുറഞ്ഞ ഭക്ഷണം ഒഴിവാക്കുക, ഉപ്പ്, എണ്ണ, കൊഴുപ്പ് ഇവയുടെ ഉപയോഗം നിയന്ത്രിത വ്യായാമം തുടങ്ങിയ നിർദ്ദേശങ്ങൾ നൽകും.

## ഹൃദയ ധമനി രോഗം

- മാനദണ്ഡ പ്രകാരം ചികിൽസ, ആവശ്യമായ റഫറൽ, തുടർ ചികിൽസ ഇവ ലഭ്യമാക്കും.
- ആഹാരക്രമം, ശരീര വ്യായാമം, ശീലങ്ങൾ, കൃത്യമായ ചികിൽസാരീതി, തുടർ പരിശോധന എന്നിവയെ സംബന്ധിച്ച ഉപദേശങ്ങൾ നൽകും.
- കുടുംബാംഗങ്ങളുടെ ഇടയിൽ ഹൃദയ ധമനീരോഗം കണ്ടെത്തുവാനും അവയെ തടയുവാനും ആവശ്യമായ ആരോഗ്യ ബോധവൽക്കരണം നൽകും.

## പക്ഷാഘാതം

- പക്ഷാഘാതത്തിന്റെ ലക്ഷണങ്ങൾ തിരിച്ചറിഞ്ഞ് മാർഗ്ഗരേഖ പ്രകാരം ഉടനടി റഫർ ചെയ്യും.
- തിരിച്ച് റഫർ ചെയ്യപ്പെടുന്നവർക്ക് തുടർ ചികിൽസ ഉറപ്പാക്കും.
- രോഗിക്കും പരിചരിക്കുന്നവർക്കും സാമൂഹിക പിന്തുണ ഉറപ്പാക്കും.
- പുനരധിവാസ സേവനങ്ങൾ ഉറപ്പാക്കും.

## മനോരോഗം

- മാനസികവും സ്വഭാവസംബന്ധവുമായ രോഗങ്ങളുള്ള വ്യക്തികളെ കണ്ടെത്തി, ജില്ലാ മാനസികാരോഗ്യ പരിപാടിയുമായി ചേർന്ന് ചികിൽസ നൽകുകയും ആവശ്യമുള്ളവരെ ഉയർന്ന കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.
- കുടുംബാംഗങ്ങൾക്ക് കൗൺസലിംഗും മാനസിക പിന്തുണയും നൽകും.
- മാനസിക രോഗമുള്ളവരോടുള്ള അവഗണന, മോശമായ പെരുമാറ്റം ഇവ ഒഴിവാക്കുവാനാവശ്യമായ ബോധവത്കരണം നൽകും.



## "ആശ്വാസം" പദ്ധതി

വിഷാദം പോലുള്ള മാനസിക രോഗങ്ങൾ തുടക്കത്തിലെ കണ്ടുപിടിക്കാൻ നഴ്സുമാർക്കും ഫീൽഡ് ജീവനക്കാർക്കും പരിശീലനം നൽകും. പ്രത്യേക പരിശീലനം ഡോക്ടർമാർക്ക് നൽകി അവരെ മേൽപറഞ്ഞ രോഗങ്ങൾ ചികിൽസിക്കാൻ പ്രാപ്തരാക്കുകയും അവശ്യം വേണ്ടുന്ന സന്ദർഭങ്ങളിൽ റഫർ ചെയ്യാനുള്ള പ്രാഗൽഭ്യം നൽകുകയും ചെയ്യും.

## അംഗപരിമിതർക്കുള്ള സേവനങ്ങൾ

- അംഗപരിമിതരിൽ വൈകല്യത്തിന്റെ തോത് നിർണ്ണയിക്കുകയും അനുബന്ധ രോഗങ്ങൾ കണ്ടെത്തി ചികിൽസിക്കുകയും ചെയ്യും.
- പുനരധിവാസ സേവനങ്ങൾ, പുനർ നിർമ്മാണ ശസ്ത്രക്രിയ എന്നിവയ്ക്കായുള്ള റഫറൽ നടത്തും.

- ശ്രവണ സഹായി, വീൽ ചെയർ, കൃത്രിമ അവയവങ്ങൾ എന്നിവ ലഭിക്കുവാൻ പിന്തുണയും മാർഗ്ഗ നിർദ്ദേശവും നൽകും.
- അംഗപരിമിത സർട്ടിഫിക്കറ്റ് നേടുന്നതിനു വേണ്ട മാർഗ്ഗ നിർദ്ദേശവും പിന്തുണയും നൽകും.
- സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ പ്രയോജനം ലഭിക്കുവാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകും.

## ദീർഘകാല ശ്വാസകോശ രോഗങ്ങൾ, ആസ്ത്മ

- രോഗികളെ കണ്ടെത്തി രജിസ്റ്റർ സൂക്ഷിക്കും.
- ചികിൽസ നൽകും ആവശ്യമായവരെ റഫർ ചെയ്യും.
- പുകയിലയുടെ ദൂഷ്യ വശങ്ങളെ കുറിച്ച് ബോധവത്കരണം നൽകും.
- വീടിനുള്ളിലെ വായു മലിനീകരണം കുറയ്ക്കുന്നതിനെ കുറിച്ച് (ഉദാ: വിറകടുപ്പ്, പൊടി) ഉപദേശം നൽകും.
- ജോലി സ്ഥലങ്ങളിൽ ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നുവെന്ന് ഉറപ്പാക്കും.
- തുടർ ചികിൽസ ഉറപ്പാക്കും, ചികിൽസ തുടരുവാൻ പ്രേരിപ്പിക്കും.



## "ശ്വാസ്" പദ്ധതി

ദീർഘകാല ശ്വാസകോശ രോഗങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ രാജ്യത്തിലാദ്യമായി കേരളത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ ശ്വാസ് പദ്ധതി നടപ്പിലാക്കുന്നു. ദീർഘകാല ശ്വാസകോശ, ആസ്ത്മ രോഗികൾക്ക് ആശ്വാസം പകരാനായി ഉപകേന്ദ്രങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കേന്ദ്രീകരിച്ച് പുനരധിവാസത്തിലൂന്നിയുള്ളതാണ് ഈ പദ്ധതി.

## അർബുദം

- മുപ്പത് വയസ്സു കഴിഞ്ഞ എല്ലാവർക്കും ഓറൽ ക്യാൻസർ, സ്ത്രീകളിൽ പ്രത്യേകമായി ഗർഭാശയഗളാർബുദം എന്നിവയ്ക്ക് നിരീക്ഷണ ചെക്ക്ലിസ്റ്റ് നൽകുകയും ലക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ അപകട സാധ്യത കണ്ടെത്തി റഫർ ചെയ്യും.
- ക്യാൻസർ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കും.
- അർബുദ ചികിൽസയിലുള്ളവർക്ക് ആരോഗ്യ പരിശോധന, അനുബന്ധ രോഗനിർണ്ണയം, ആവശ്യമെങ്കിൽ സാന്ത്വന പരിചരണം ഇവ നൽകും.

## സാന്ത്വന പരിചരണം

- ഈ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെയും പഞ്ചായത്തിന്റെയും സഹകരണത്തോടെ സാന്ത്വനപരിചരണം ആവശ്യമായ എല്ലാ രോഗികൾക്കും സേവനങ്ങൾ ഉറപ്പാക്കും.
- കഴിയുന്നിടത്തോളം രോഗിക്ക് വേദനയിൽ നിന്നും ആശ്വാസം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തും.
- രോഗാവസ്ഥയെയും അതിന്റെ ചികിൽസയെയും അംഗീകരിക്കുവാനുള്ള മാനസിക പിന്തുണ നൽകും.
- രോഗീ പരിചരണത്തിൽ കുടുംബാംഗങ്ങൾക്ക് പിന്തുണ നൽകും.

## കുഷ്ഠ രോഗം

- ശരീരത്തിൽ നിറം മങ്ങിയതോ സ്പർശന ശേഷി കുറഞ്ഞതോ ആയ പാടുകളുള്ള ആളുകളെ കണ്ടെത്തുകയും പ്രത്യേക രജിസ്റ്റർ തയ്യാറാക്കുകയും ചെയ്യും.
- കുഷ്ഠരോഗത്തിന്റെ അവസ്ഥ നിർണ്ണയിക്കുകയും ആവശ്യമായ ചികിൽസ നൽകുകയും ചെയ്യും. സങ്കീർണ്ണമായ രോഗാവസ്ഥയുള്ളവരെ റഫർ ചെയ്യും.
- രോഗികളുടെ ഭക്ഷണ ക്രമം, ജീവിതചര്യ, മരുന്നുകളുടെ ദൂഷ്യവശങ്ങൾ, രോഗത്തിന്റെ സങ്കീർണ്ണത, രോഗികൾക്ക് ലഭ്യമായ സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഇവയെക്കുറിച്ച് ബോധവത്കരണം നൽകും.
- എല്ലാവരും കൃത്യമായി ചികിൽസയെടുക്കുന്നുവെന്ന് ഉറപ്പാക്കും. മരുന്നുകൾ കൃത്യമായി കഴിക്കുന്നുവെന്നും കടുത്ത ദൂഷ്യവശങ്ങൾ ഉണ്ടാക്കുന്നുണ്ടോ എന്നും നിരീക്ഷിക്കും.
- ലെപ്രാ റിയാക്ഷൻ എന്ന അവസ്ഥയുടെ നിർണ്ണയവും ചികിൽസയും ഉറപ്പാക്കും.
- രോഗം പകരുന്ന രീതി, അതിന്റെ ചികിൽസ എന്നിവയെക്കുറിച്ച് ബോധവത്കരണം നടത്തും.
- അംഗവൈകല്യം വന്നവരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ ചികിൽസ, ശാസ്ത്രീയ, അനുബന്ധ സേവനങ്ങൾ ഇവയ്ക്കായി റഫർ ചെയ്യും.
- രോഗിയുമായി അടുത്തിടപഴകുന്നവരിൽ മുൻകൂട്ടി രോഗം നിർണ്ണയിക്കുവാനായി പരിശോധനകൾ നടത്തും.
- പുനരധിവാസം, തൊഴിൽ പരിശീലനം ഇവയ്ക്ക് മുൻകൈയെടുക്കും.

## ക്ഷയ രോഗം

- രണ്ടാഴ്ചയിൽ കൂടുതൽ ചുമ, തൂക്കം കുറയൽ, നീണ്ടു നിൽക്കുന്നതും കാരണം കണ്ടെത്താനാകാത്തതുമായ പനി എന്നീ ലക്ഷണങ്ങൾ ഉള്ളവരെ കണ്ടെത്തി രോഗപരിശോധന നടത്തി ചികിൽസ നൽകും.
- കഫ പരിശോധന നടത്തും പോസിറ്റീവ് ആകുമ്പോൾ drug sensitivity test ന് അയയ്ക്കും.
- രോഗികളെ രോഗ തീവ്രതയ്ക്കനുസരിച്ച് തരംതിരിക്കുകയും ചികിൽസ നൽകുകയും ചെയ്യും.
- "നിക്ഷയ്" വിവര സാങ്കേതത്തിൽ രോഗത്തെക്കുറിച്ച് രേഖപ്പെടുത്തൽ നടത്തുകയും അധികാരികളെ അറിയിക്കുകയും ചെയ്യും.
- ചികിൽസ ആരംഭിക്കുന്നതിനു മുമ്പായി ആരോഗ്യ സ്ഥിതി അവലോകനം ചെയ്യുവാൻ ആവശ്യമായ പരിശോധനകൾ (ഹീമോഗ്ലോബിൻ, ലിവർ ഫംഗ്ഷൻ ടെസ്റ്റ്, ഫാസ്റ്റിംഗ് ബ്ലഡ്ഷുഗർ, എച്ച്.ഐ.വി) നടത്തും.
- രോഗികളുമായി അടുത്തിടപഴകുന്നവർക്ക് രോഗപ്രതിരോധ ചികിൽസ നടത്തും.
- എം.ഡി.ആർ.ടി.ബി. സംശയിക്കപ്പെടുന്നവരെ ഉയർന്ന കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.
- മരുന്ന് കൃത്യമായും പൂർണ്ണമായും കഴിക്കുന്നുവെന്ന് ഉറപ്പ് വരുത്തും.
- പോഷകസമൃദ്ധമായ ആഹാരം കഴിക്കുന്നുവെന്ന് ഉറപ്പാക്കും.
- ലഹരിവിമുക്ത സേവനങ്ങൾ ആവശ്യമായവർക്ക് അത് ലഭ്യമാക്കും.
- മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള തുടർ കഫ പരിശോധന ഉറപ്പാക്കും.
- മരുന്ന് കഴിക്കുന്നതിൽ വീഴ്ച വരുത്തുന്നവരെ കണ്ടെത്തുവാൻ സഹായിക്കുന്ന ഒരു ടി.ബി. രജിസ്റ്റർ

കേന്ദ്രത്തിൽ സൂക്ഷിക്കുകയും, ടി.ബി.ഹെൽത്ത് വിസിറ്ററുടെ സഹായത്തോടെ ചികിൽസ പൂർത്തിയാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

- എല്ലാ ടി.ബി.രോഗികളുടെയും എച്ച്.ഐ.വി ടെസ്റ്റ് ICTC മുഖേന നടപ്പാക്കും.
- എച്ച്.ഐ.വി ബാധിതരായ ടി.ബി.രോഗികളിൽ ക്ഷയരോഗ ചികിൽസയ്ക്കുള്ള മരുന്നുകൾ ആരംഭിക്കുന്നതിനും അവരെ എച്ച്.ഐ.വി രോഗത്തിനെതിരെയുള്ള ചികിൽസയ്ക്കായി എ.ആർ.ടി കേന്ദ്രത്തിലേക്ക് റഫർ ചെയ്യും.
- ടി.ബി.രോഗബാധിതരായ ഗർഭിണികൾ, കുട്ടികൾ എന്നിവർ മരുന്നുകൾ കൃത്യമായി കഴിക്കുന്നുവെന്നും ഉറപ്പാക്കും.

## സർജിക്കൽ സേവനങ്ങൾ

പരിക്കുകൾ, അപകടങ്ങൾ, പൊള്ളൽ എന്നിവയ്ക്കുള്ള ചികിത്സയും ലഘു ശസ്ത്രക്രിയാ സേവനങ്ങളും ലഭ്യമാക്കും.

## നേത്രരോഗ ചികിൽസ – സേവനങ്ങൾ

- കാഴ്ചത്തകരാറുകൾ കണ്ടുപിടിക്കും. ഒപ്ട്രോമെട്രിസ്റ്റിന്റെ സഹായത്തോടു കൂടി എല്ലാ മാസവും റിഫ്രാക്ടീവ് തകരാറുകൾ കണ്ടെത്തി ചികിൽസിക്കും, ആവശ്യമായവരെ അനുയോജ്യമായ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.
- കാഴ്ച സംബന്ധമായ രോഗങ്ങളുടെ ചികിൽസ നൽകും. ആവശ്യമായവരെ ഉയർന്ന കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.
- തിമിര ശസ്ത്രക്രിയ ആവശ്യമുള്ള രോഗികളെ കണ്ടെത്തും.
- അന്ധരായവർക്ക് തൊഴിലധിഷ്ഠിത പരിശീലനം, ബ്രെയ്‌ലി വിദ്യാഭ്യാസം, ഊന്നുവടി നൽകൽ ഇവ ഉറപ്പാക്കും.
- സാമൂഹ്യ സുരക്ഷാ പദ്ധതികൾ ലഭ്യമാക്കുന്നതിന് പിന്തുണ നൽകും.



## ദന്ത രോഗങ്ങൾ

- പല്ലിലെ പോടുകൾ, മോണയിലെ വീക്കം, പഴുപ്പ് എന്നിവയ്ക്ക് ചികിൽസ നൽകും. ആവശ്യമായവരെ റഫർ ചെയ്യും.
- വായ്ക്കുള്ളിലെ ശുചിത്വം, ആഹാര ശീലങ്ങൾ, പുകയില ഉൽപന്നങ്ങളുടെ ഉപയോഗം നിർത്തുന്നത് തുടങ്ങിയവയെക്കുറിച്ച് ബോധവൽക്കരണം നൽകും.

## ഇ.എൻ.ടി

കേഴ്‌വിക്കുറവ്, ശബ്ദത്തിലുണ്ടാകുന്ന മാറ്റം, മറ്റ് ചെവി രോഗങ്ങൾ എന്നിവയെക്കുറിച്ച് ബോധവൽക്കരണം നൽകുകയും തുടക്കത്തിലെ കണ്ടെത്തി മാർഗ്ഗരേഖ പ്രകാരം ചികിൽസ നൽകുകയും ചെയ്യും. ആവശ്യമായവരെ റഫർ ചെയ്യും.

## ത്വക് രോഗം

ത്വക് രോഗം, ജനനേന്ദ്രിയ സംബന്ധ രോഗങ്ങൾ, ലൈംഗിക രോഗങ്ങൾ ഇവയെക്കുറിച്ച് ബോധവൽക്കരണം നടത്തും. രോഗമുള്ളവരെ കണ്ടെത്തി ചികിൽസ നൽകും, ആവശ്യമായവരെ റഫർ ചെയ്യും.

## കുടുംബ പാക്കേജ്

കുടുംബാധിഷ്ഠിത സേവനപാക്കേജ് വഴി കുടുംബത്തിലെ ഓരോ വ്യക്തിയുടെയും ആരോഗ്യം ഉറപ്പു വരു

ത്തുന്നു. കുടുംബം ജീവിക്കുന്ന സാമൂഹ്യ പശ്ചാത്തലം, ആരോഗ്യത്തെ നിർണ്ണയിക്കുന്ന മറ്റ് ഘടകങ്ങൾ (ശുദ്ധമായ കുടിവെള്ളം, ഗുണനിലവാരമുള്ള വീട്, ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം, അടുക്കളത്തോട്ടം മുതലായവയവ) എന്നിവയെല്ലാം കുടുംബ പാക്കേജിന്റെ ഭാഗമാണ്. ഈ ഘടകങ്ങൾ വ്യക്തിഗത പാക്കേജിൽ പരിഗണിക്കപ്പെടുന്നില്ല.

## വാർഡ്തല പാക്കേജ്

കുടുംബാധിഷ്ഠിത പാക്കേജിന് പുറമേ വ്യായാമത്തിനുള്ള ഇടം, കുടിവെള്ള പദ്ധതി, സംഘകൃഷി, വാർഡ്തല മാലിന്യ സംസ്കരണ സംവിധാനം, സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ, മുതിർന്ന പൗരൻമാർക്കുള്ള പ്രത്യേക പദ്ധതികൾ, ജനപങ്കാളിത്തത്തോടെ തയ്യാറാക്കുന്ന പദ്ധതികൾ, ഗാർഹിക പീഡനത്തിനെതിരെയുള്ള സാമൂഹിക പ്രവർത്തനങ്ങൾ, മദ്യ-ലഹരിവിമുക്തി എന്നിവയെല്ലാം ഉൾപ്പെട്ടതായിരിക്കണം വാർഡ്തല പാക്കേജ്. വാർഡ്തല ആരോഗ്യ പാക്കേജിന്റെ സാക്ഷാത്കാരത്തിന് ചുക്കാൻ പിടിക്കുന്നത് വാർഡ് ആരോഗ്യ സേനയും വാർഡ് ആരോഗ്യ ശുചിത്വ പോഷണ സമിതിയും ആയിരിക്കും.

## പഞ്ചായത്ത്തല പാക്കേജ്

ഓരോ പഞ്ചായത്തിനും ഭൗതികവും സാമൂഹികവുമായ ഘടന മെച്ചപ്പെടുത്തുവാൻ വേണ്ടി ചെയ്യേണ്ട കാര്യങ്ങൾക്ക് ഊന്നൽ നൽകുന്നതും പഞ്ചായത്തിൽ അനിവാര്യമായി ഉണ്ടാകേണ്ട പൊതു സംവിധാനങ്ങൾ ഉദാ: നടപ്പാത, ഖര-മാലിന്യ സംസ്കരണ സംവിധാനം,മാനസിക ഉല്ലാസത്തിനുള്ള ഇടം, തൊഴിൽ പരിശീലന സംവിധാനം, ഹെൽത്ത് ക്ലബ്ബുകൾ, നിരാലംബരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികളും നിയമം നടപ്പിലാക്കുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുന്ന സമഗ്ര പരിപാടിയായി പഞ്ചായത്ത് തല പാക്കേജിനെ നിർവചിക്കുന്നു.

ഈ ലക്ഷ്യങ്ങൾ നേടാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശക്തമായ ഇടപെടൽ ആവശ്യമാണ്. ആവശ്യമായ വിഭവസമാഹരണം, പദ്ധതി നിർവ്വഹണം, വിവിധ പദ്ധതികൾ എന്നിവ പരമപ്രധാനമാണ്.

ലക്ഷ്യമിട്ട രീതിയിൽ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ വിവിധ തലത്തിലുള്ള മേൽനോട്ടവും വിലയിരുത്തലും വിശകലനവും സോഷ്യൽ ഓഡിറ്റിംഗും താഴെതലത്തിൽ നടക്കേണ്ടതുണ്ട്.

## സ്ഥാപനതല പ്രവർത്തനങ്ങൾ

കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന പരിധിയിലുള്ള സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ, വയോജന പരിപാലന കേന്ദ്രങ്ങൾ, തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ കൃത്യമായ ഇടവേളകളിൽ മെഡിക്കൽ പരിശോധന, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണം, സാന്ത്വനപരിചരണം, ആവശ്യമായ ഇടപെടലുകൾ ഇവ കാര്യക്ഷമമായി നടത്തും. നഴ്സുമാർക്ക് പ്രത്യേക പരിശീലനം നൽകിയായിരിക്കും ഈ സേവനങ്ങൾ നൽകുന്നത്.

## ഫീൽഡ്തല പ്രവർത്തനങ്ങൾ

കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ആ പ്രദേശത്തെ വ്യക്തികളുടെയും കുടുംബങ്ങളുടെയും ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിലാണ് വിഭാവനം ചെയ്യുന്നത്. ഇതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും പ്രദേശത്തെ ആൾക്കാരുടെ ആരോഗ്യ നിലവാരവും കുടിവെള്ളം, പാർപ്പിടം, ഭക്ഷണം, കക്കൂസുകളുടെ ലഭ്യതയും ഉപയോഗവും തുടങ്ങിയ ആരോഗ്യ അനുബന്ധ ഘടകങ്ങളെക്കുറിച്ചുള്ള വിവരവും ശേഖരിക്കപ്പെടുന്നതും വിശകലനം ചെയ്യുന്നതും ഫീൽഡ്തല പ്രവർത്തനങ്ങളിലൂടെയാണ്. പകർച്ചവ്യാധികൾ ഉണ്ടാകുവാനുള്ള സാഹചര്യങ്ങൾ, രോഗങ്ങൾ, പകർച്ചേതരവ്യാധികളെ സ്വാധീനിക്കുന്ന ജീവിത രീതികൾ, തൊഴിൽജന്യ രോഗങ്ങൾ തുടങ്ങിയവയെക്കുറിച്ച് ശരിയായ വിവരങ്ങൾ ലഭിക്കുന്നത് ഫീൽഡ്തല പ്രവർത്തനത്തിലൂടെയാണ്. പ്രതിരോധ കുത്തിവയ്പുകൾ, ഗർഭിണികൾക്കുള്ള സേവനങ്ങൾ, വയോജന പരിപാലനം, സാന്ത്വന പരിചരണം, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള സേവനങ്ങൾ തുടങ്ങിയവ യഥാസമയം ലഭ്യമാക്കുവാൻ ഫീൽഡ്തല പ്രവർത്തനങ്ങൾ അനിവാര്യമാണ്. ആരോഗ്യ വകുപ്പ് നൽകുന്ന സേവനങ്ങൾ രോഗപ്രതിരോധ മാർഗ്ഗങ്ങൾ

ആരോഗ്യ ശീലങ്ങൾ തുടങ്ങിയവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാനും ഫീൽഡ്തല പ്രവർത്തനങ്ങളിലൂടെ കഴിയുന്നു.

- ഉപകേന്ദ്രങ്ങളിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയൽ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവരുടെ നേതൃത്വത്തിൽ ഫീൽഡ്തല പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കും. പകർച്ച വ്യാധികൾ, പകർച്ചേതര വ്യാധികൾ, പ്രജനന ശൈശവ ആരോഗ്യം തുടങ്ങിയ കാര്യങ്ങളിൽ ഫീൽഡ്തല പ്രവർത്തനങ്ങൾ വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ഊർജ്ജിതമാക്കും.
- ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ എന്നിവർ നടത്തേണ്ട ഫീൽഡ് വർക്കിന്റെ നടപടിക്രമവും സമയക്രമവും കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. അത് പരിശോധിക്കേണ്ട മേലുദ്യോഗസ്ഥരുടെ ഔദ്യോഗിക പരിശോധന ക്രമവും ചിട്ടപ്പെടുത്തിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇത് കൃത്യമായി നടപ്പാക്കും.
- സാന്ത്വന പരിചരണം, സാമൂഹിക, മാനസിക ആരോഗ്യ പരിചരണം ഇവ ശക്തിപ്പെടുത്തും.
- ആശ, കുടുംബശ്രീ, അംഗൻവാടി, സന്നദ്ധ സംഘടനാ പ്രവർത്തകർ, ട്രൈബൽ പ്രൊമോട്ടർമാർ, ആരോഗ്യസേന എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.
- കൊതുകിന്റെ ഉറവിട നശീകരണം, പരിസര ശുചിത്വം, വീടുകളിലെ മാലിന്യ സംസ്കരണം, കുടിവെള്ള സുരക്ഷിതത്വം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള അറിവുകൾ പ്രചരിപ്പിച്ചു കൊണ്ട് രോഗ പ്രതിരോധം സാധ്യമാക്കി ആരോഗ്യം ഉറപ്പാക്കും.
- പകർച്ചവ്യാധി നിയന്ത്രണ പ്രതിരോധ പ്രവർത്തന പരിപാടിയായ ആരോഗ്യ ജാഗ്രത ഊർജ്ജിതമായി നടപ്പിലാക്കും.
- ശുചിത്വ മിഷൻ, കുടുംബശ്രീ, സാമൂഹ്യ നീതി, വിദ്യാഭ്യാസം തുടങ്ങിയ മിഷനുകളുടെയും വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിച്ച് നടപ്പിലാക്കും.
- വാർഡ് തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ നേതൃത്വം നൽകും.
- വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ വിവരങ്ങൾ ശേഖരിക്കുകയും ഓരോ ആൾക്കും ഒരു ഐഡന്റിറ്റി നമ്പർ നൽകുകയും ചെയ്യും. ഉപകേന്ദ്രാടിസ്ഥാനത്തിൽ കുടുംബാരോഗ്യ രജിസ്റ്റർ ഉണ്ടാക്കുകയും ചെയ്യും. ഇങ്ങനെ ശേഖരിക്കുന്ന ഇലക്ട്രോണിക് ഹെൽത്ത് റിക്കോർഡ് സംവിധാനത്തിലൂടെ ഓരോ ആളുടെയും ആരോഗ്യ ചരിത്രം എടുക്കുവാനും ആരോഗ്യം പരിരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ നിർദ്ദേശിക്കുവാനും കഴിയും.



- ഈ വിവരങ്ങൾ പ്രാഥമിക, ദ്വിതീയ, ത്രിതീയതല ആശുപത്രികൾക്ക് പരസ്പരം കൈമാറുവാൻ കഴിയും. ഇത് ഉയർന്ന കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുമ്പോഴും തിരിച്ച് റഫർ ചെയ്യുമ്പോഴും ശരിയായ ചികിൽസയും തുടർ പരിചരണവും നൽകുന്നതിൽ സഹായിക്കും.

## പൊതുജനാരോഗ്യ നിയമങ്ങളുടെ പാലനം

- ഡെയ്ഞ്ചറസ് & ഒഫൻസീവ് ട്രേഡ് പരിശോധനകൾ, പൊതുജനാരോഗ്യ നിയമം, കോട്പ നിയമങ്ങളുടെ പരിപാലനത്തിന്റെ ഭാഗമായി പരിശോധനകൾ നടത്തുകയും നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുകയും വീഴ്ച വരുത്തുന്നവർക്കെതിരായി നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യും.
- പഞ്ചായത്ത് രാജ്, പി.എൻ.ഡി.റ്റി. ആക്ട്, പോക്സോ നിയമം, സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക

ആക്രമം തടയുന്ന നിയമം-2005, മുതിർന്ന പൗരൻമാരുടെ സംരക്ഷണം, ബാലവേല നിരോധന നിയമം, ബാലവിവാഹ നിരോധന നിയമം ഇവ അനുസരിച്ചുള്ള സംരക്ഷണവും സേവനങ്ങളും ഉറപ്പാക്കും.

- മെഡിക്കോ-ലീഗൽ കേസുകൾക്ക് ആവശ്യമായ സേവനങ്ങൾ ഉറപ്പാക്കും.
- കന്നുകാലി ഫാമുകൾ, കശാപ്പു ശാലകൾ, നിർമ്മണ ശാലകൾ, ഫാക്ടറികൾ, ഭക്ഷണ വ്യാപാര വിപണന ശാലകൾ തുടങ്ങിയവ പരിശോധിച്ച് നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുക.
- അതിഥി തൊഴിലാളി ക്യാമ്പുകൾ, സ്കൂളുകൾ, ഹോസ്റ്റലുകൾ, ലോഡ്ജുകൾ തുടങ്ങിയവ സന്ദർശിച്ച് പൊതുജനാരോഗ്യ നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുക.

## സർട്ടിഫിക്കറ്റുകളുടെ വിതരണം

പൊതുജനങ്ങൾക്കാവശ്യമായ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുവാനുള്ള ഉത്തരവാദിത്വം ആരോഗ്യ സ്ഥാപനങ്ങൾക്കുണ്ട്.

- മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളും.
- വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
- ചികിൽസാ ധനസഹായം ലഭ്യമാക്കുവാൻ വേണ്ടിയുള്ള സർട്ടിഫിക്കറ്റ്.
- ഹെൽത്ത് സർട്ടിഫിക്കറ്റ്.
- ഭക്ഷണം കൈകാര്യം ചെയ്യുന്നവർക്കുള്ള ആരോഗ്യ സർട്ടിഫിക്കറ്റ്.
- ശുചിത്വ സർട്ടിഫിക്കറ്റ്.
- ആക്സിഡന്റ് കം വൂണ്ട് സർട്ടിഫിക്കറ്റ്.
- ചികിൽസാ സർട്ടിഫിക്കറ്റ്.
- പൊട്ടൻസി സർട്ടിഫിക്കറ്റ്
- ഡ്രങ്കൺനെസ് സർട്ടിഫിക്കറ്റ് .

വിവിധ സാമൂഹ്യ സുരക്ഷാ ആനുകൂല്യം ലഭിക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ആവശ്യമായ സന്ദർഭങ്ങളിൽ അപേക്ഷിക്കുമ്പോൾ നൽകേണ്ട സർട്ടിഫിക്കറ്റുകൾ.

## കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾ

ആരോഗ്യ സ്ഥാപനങ്ങളുടെ ശ്യംഖലയിലെ ഏറ്റവും താഴത്തെ കേന്ദ്രങ്ങളായ ഉപകേന്ദ്രങ്ങൾ ആ പ്രദേശത്തെ ജനങ്ങളുടെ സമഗ്രമായ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുവാനുള്ള ആദ്യ കണ്ണിയാണ്. ഓരോ ഉപകേന്ദ്രത്തിനും ബന്ധപ്പെട്ട വാർഡുകളുടെ ചുമതലയാണുള്ളത്. കുടുംബാരോഗ്യ കേന്ദ്രങ്ങൾ അവയുടെ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതും ജനങ്ങളിൽ നിന്നുള്ള വിവരങ്ങൾ ശേഖരിക്കുന്നതും ഉപകേന്ദ്രങ്ങൾ വഴിയാണ്.



- കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും.
- സ്ത്രീകൾക്കും പെൺകുട്ടികൾക്കും വ്യായാമം ചെയ്യാനുള്ള സൗകര്യങ്ങൾ ഒരുക്കും.

- പ്രവർത്തനപ്രദേശത്തെ ആരോഗ്യ പ്രശ്നങ്ങൾ - പകർച്ച - പകർച്ചേതര വ്യാധികൾ, രോഗപ്രതിരോധ കുത്തിവയ്പ് നിലവാരം, വയോജന ആരോഗ്യ പ്രശ്നങ്ങൾ, ആരോഗ്യ അനുബന്ധ പ്രശ്നങ്ങൾ തുടങ്ങിയവ കണ്ടെത്തുകയും പ്രാദേശികമായ ലക്ഷ്യങ്ങൾ നിർവചിക്കുകയും ഇവ പദ്ധതി നിർദ്ദേശങ്ങളാക്കുകയും ചെയ്യും.
- വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതികളുടെ യോഗം ബഹുജനങ്ങളുടെ പങ്കാളിത്തത്തോടെ സംഘടിപ്പിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യും.
- ഉപകേന്ദ്രങ്ങളിൽ നടക്കേണ്ട ക്ലിനിക്കുകൾ മുടക്കം വരാതെ നടത്തും.
- ആവശ്യമായ ആരോഗ്യ സേവനങ്ങൾ ആ പ്രദേശത്തെ ആൾക്കാർക്ക് നൽകും.
- വാർഡ് തലത്തിൽ ചുരുങ്ങിയത് 25 ആരോഗ്യ സന്നദ്ധ പ്രവർത്തകരെ കണ്ടെത്തുകയും ഇവർക്ക് പരിശീലനം നൽകുകയും ചെയ്യും.
- ആശ, കുടുംബശ്രീ, അംഗൻവാടി പ്രവർത്തകരുടെ യോജിച്ചുള്ള പ്രവർത്തനത്തിന് നേതൃത്വം നൽകും. ഇവരിലൂടെ വിവരശേഖരം നടത്തുകയും വിവരങ്ങളുടെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യും.
- സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികളും പരിപാടികളും ഏറ്റവും താഴെ തട്ടിൽ സംഘടിപ്പിക്കുന്ന കേന്ദ്രങ്ങളായി മാറും.

## ഉപകേന്ദ്ര ക്ലിനിക്കുകൾ

ഉപകേന്ദ്ര ക്ലിനിക്കുകളും നടത്തുവാൻ ഉത്തരവാദിത്തപ്പെട്ടവരും പട്ടിക 4 -ൽ നൽകിയിരിക്കുന്നു

**പട്ടിക 4: ഉപകേന്ദ്ര ക്ലിനിക്കുകൾ**

| ക്ലിനിക്കുകൾ | ഉത്തരവാദിത്തം |
|---|---|
| ഗർഭകാലം, പ്രസവാനന്തരം, സ്ത്രീ ക്ലിനിക് | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് |
| ജീവിത ശൈലീ രോഗ ക്ലിനിക് (സ്ത്രീകൾക്കും പുരുഷൻ മാർക്കും പ്രത്യേകം) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ & ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് |
| കുട്ടികൾക്കുള്ള ക്ലിനിക് (0-5) | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് |
| വയോജന ക്ലിനിക് | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |
| കൗമാരാരോഗ്യ-ആർ.സി.എച്ച് ക്ലിനിക് | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് |
| പോഷണ സേവനം | ആശ |

### ഉപകേന്ദ്ര മാനേജ്മെന്റ് സമിതി

അയൽസഭ, ആരോഗ്യസേന അംഗങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ഉപകേന്ദ്ര മാനേജ്മെന്റ് സമിതി പുന:സംഘടിപ്പിക്കേണ്ടതാണ്. ഉപകേന്ദ്രത്തിന്റെ ഭൗതിക സാഹചര്യങ്ങളും സേവന നിലവാരവും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഉപകേന്ദ്ര മാനേജ്മെന്റ് സമിതി സംഘടിപ്പിക്കും.

ചിത്രം 5 : ഉപകേന്ദ്രം




## വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ

- വാർഡ് തലത്തിൽ രോഗങ്ങളുടെ സ്ഥിതിവിവര കണക്ക്, രോഗം വരാനും പടരാനുമുള്ള സാഹചര്യങ്ങൾ, രോഗം പരത്തുന്ന വിവിധ പ്രാണികൾ എന്നിവ കണ്ടെത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരും. രോഗ നിയന്ത്രണത്തിനും പ്രതിരോധത്തിനും ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും ചെയ്യേണ്ട പ്രവർത്തനങ്ങൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപറേഷനുകളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ആവശ്യമായ പദ്ധതി രൂപീകരണത്തിന് സഹായിക്കുകയും ചെയ്യും.
- പൊതുജന പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പ്രതിരോധ, ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
- സമൂഹത്തിലെ എല്ലാ ആൾക്കാരെയും ഉൾക്കൊള്ളിച്ചു കൊണ്ട് ആരോഗ്യസേന രൂപീകരിക്കും.
- ആരോഗ്യജാഗ്രതാ പരിപാടി നടപ്പിലാക്കും.
- വിവിധ സാമൂഹ്യസുരക്ഷാ പദ്ധതികളുടെ പ്രയോജനം ആവശ്യമായവർക്ക് ലഭ്യമാക്കുവാൻ സഹായിക്കും.
- സ്ത്രീ സുരക്ഷ, ശിശു സുരക്ഷ, വയോജനങ്ങളുടെ സംരക്ഷണം ഇവ സമൂഹത്തിൽ പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തും.
- ആരോഗ്യ അനുബന്ധ ഘടകങ്ങൾ (കുടിവെള്ളം, ഭക്ഷണം, പാർപ്പിടം, ടോയ്‌ലറ്റ് സൗകര്യങ്ങൾ) മെച്ചപ്പെടുത്തുവാൻ സഹായിക്കും.
- ജീവിതശൈലീരോഗ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡിന്റെ വിവിധ ഭാഗങ്ങളിൽ ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

## ആരോഗ്യ സേന

വാർഡ്തല ആരോഗ്യ ശുചിത്വ സമിതികളുടെ പരിമിതമായ പ്രവർത്തനങ്ങൾ പകർച്ചവ്യാധി നിയന്ത്രണത്തിനും ആരോഗ്യകരമായ ശീലങ്ങൾ രൂപപ്പെടുത്തുന്നതിനും അപര്യാപ്തമാണെന്ന തിരിച്ചറിവിൽ നിന്നാണ് ആരോഗ്യ സേന എന്ന ആശയം രൂപം കൊള്ളുന്നത്. അതത് പ്രദേശത്തെ സാമൂഹിക കാര്യങ്ങളിൽ താൽപര്യത്തോടെയും പ്രതിബദ്ധതയോടെയും ഇടപെടാൻ കഴിയുന്ന, സ്വാധീന ശക്തിയുള്ള വ്യക്തികളെയും സന്നദ്ധ സംഘടനാ പ്രവർത്തകരെയും അണിചേർത്തു കൊണ്ട് രൂപീകരിക്കുന്ന സേനയാണ് ആരോഗ്യസേന.

റസിഡന്റ്സ് അസോസിയേഷനുകൾ, അയൽക്കൂട്ടങ്ങൾ, റിട്ടയർ ചെയ്ത അധ്യാപകർ, മറ്റ് ഉദ്യോഗസ്ഥർ, രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെ പ്രവർത്തകർ, യുവജന ക്ലബ്ബുകൾ, വായനശാലാ, സാക്ഷരതാ പ്രവർത്തകർ, ആശ, കുടുംബശ്രീ, അംഗൻവാടി പ്രവർത്തകർ, സാമൂഹ്യ സംഘടനാ പ്രവർത്തകർ തുടങ്ങിയ എല്ലാവരെയും ചേർത്ത് ആരോഗ്യ സേന രൂപീകരിക്കും. സന്നദ്ധ സേവനം നടത്തുവാൻ സമയവും താൽപര്യവും ഉള്ള ആർക്കും ആരോഗ്യ സേനയിൽ അംഗമാവാം.

- ആരോഗ്യ സന്നദ്ധ പ്രവർത്തകരെ ഉൾക്കൊള്ളിച്ച് ആരോഗ്യസേന രൂപീകരിക്കും.
- വ്യക്തികളെയും അതുവഴി സമൂഹത്തിനെയും ആരോഗ്യ ഉത്തരവാദിത്തം ഏറ്റെടുക്കുവാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ജനങ്ങളോടൊപ്പം നിന്ന് ആരോഗ്യ സേന പ്രവർത്തിക്കും.
- ഓരോ പഞ്ചായത്തിലെയും 20 വീടുകൾക്ക് ഒരു ആരോഗ്യ വോളണ്ടിയർ എന്ന തരത്തിൽ ഒരു വാർഡിൽ നിന്നും 25 പേരടങ്ങുന്ന ഒരു സംഘം രൂപീകരിക്കണം. അങ്ങനെ ഒരു പഞ്ചായത്തിൽ 500 പേർ അടങ്ങുന്ന ആരോഗ്യ സേന ഉണ്ടായിരിക്കും.
- സന്നദ്ധസേവനം നടത്തുവാൻ സമയവും താൽപര്യവും ഉള്ള ആർക്കും ആരോഗ്യ സേനയിൽ അംഗമാകാം. എന്നാൽ ആരോഗ്യ സേനയിൽ പുരുഷ പ്രാതിനിധ്യം ഉറപ്പാക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്.
- രോഗങ്ങളും രോഗം വരാനുള്ള സാഹചര്യങ്ങളും യഥാസമയം റിപ്പോർട്ട് ചെയ്യുക, പ്രവർത്തനങ്ങൾ നടപ്പിലാക്കുക, ആരോഗ്യ ബോധവൽക്കരണം നടത്തുക എന്നിവ ആരോഗ്യ സേനയുടെ ചുമതലകളാണ്.
- പകർച്ചേതര വ്യാധികളുടെ നിയന്ത്രണത്തിനും പ്രതിരോധത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കും.
- സാന്ത്വന പരിചരണത്തിലും പുനരധിവാസ പ്രവർത്തനങ്ങളിലും പങ്ക് വഹിക്കും.
- ആരോഗ്യ വകുപ്പിന്റെ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തും.
- ഫീൽഡ്തല പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകും.



Illustration by Artist Sudhakaran

# അദ്ധ്യായം - 5

# ആരോഗ്യ ജാഗ്രത - പകർച്ചവ്യാധികൾക്കെതിരെ

കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളുടെ ഒരു പ്രധാന ഭാഗം പകർച്ചവ്യാധി നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങളാണ്. നിർമ്മാർജ്ജനം ചെയ്ത പല രോഗങ്ങളും പുതിയ രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പകർച്ചവ്യാധി നിയന്ത്രണത്തിലും പ്രതിരോധത്തിലും വളരെ ശാസ്ത്രീയമായ സമീപനം ആവശ്യമാണ്. ചിട്ടയായ രോഗനിരീക്ഷണ പ്രവർത്തനങ്ങളിലൂടെ പകർച്ചവ്യാധികൾ കണ്ടെത്തുകയും കാര്യകാരണങ്ങൾ കണ്ടെത്തി ഉടനടി രോഗനിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്താൽ മാത്രമേ പകർച്ചവ്യാധികൾ വലിയ ആരോഗ്യ പ്രശ്നമായി മാറുന്നത് തടയാനാകൂ. ഇതിനായി വർഷം മുഴുവനും നടപ്പിലാക്കുന്ന പകർച്ചവ്യാധി നിയന്ത്രണ പ്രതിരോധ ബോധവൽക്കരണ പരിപാടിയാണ് ആരോഗ്യ ജാഗ്രത.

## പ്രധാന പ്രവർത്തനങ്ങൾ




- രോഗനിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ.
- കൊതുകു നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ.
- വെള്ളത്തിന്റെ ഗുണമേൻമാ പരിശോധന.
- പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുമ്പോഴുള്ള വിശകലനം.
- രോഗനിയന്ത്രണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടപ്പിലാക്കൽ.
- ചികിൽസ
- ഭക്ഷ്യശുചിത്വ നിരീക്ഷണ പ്രവർത്തനങ്ങൾ.
- ആരോഗ്യബോധവൽകരണ പ്രവർത്തനങ്ങളും രോഗപ്രതിരോധ പ്രവർത്തനങ്ങളും.
- രോഗനിരീക്ഷണം, നിയന്ത്രണം, പ്രതിരോധ പ്രവർത്തനങ്ങൾ ഇവയുടെ റിപ്പോർട്ടിംഗ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാമൂഹ്യനീതി, വിദ്യാഭ്യാസം, കൃഷി, മൃഗസംരക്ഷണം, ജലവിഭവം, തൊഴിൽ, പട്ടികജാതി - പട്ടിക വർഗ്ഗവികസനം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളെയും കുടുംബശ്രീ, ഹരിതകേരളം, ശുചിത്വം തുടങ്ങിയ മിഷനുകളെയും ഏകോപിപ്പിച്ചുകൊണ്ട് പൊതുജന പങ്കാളിത്തത്തോടുകൂടി പകർച്ചവ്യാധി നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാമൂഹ്യനീതി, വിദ്യാഭ്യാസം, കൃഷി, മൃഗസംരക്ഷണം, ജലവിഭവം, തൊഴിൽ, പട്ടികജാതി - പട്ടിക വർഗ്ഗവികസനം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളെയും കുടുംബശ്രീ, ഹരിതകേരളം, ശുചിത്വം തുടങ്ങിയ മിഷനുകളെയും ഏകോപിപ്പിച്ചുകൊണ്ട് പൊതുജന പങ്കാളിത്തത്തോടുകൂടി പകർച്ചവ്യാധി നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.

പകർച്ചവ്യാധികളെ നേരത്തേ കണ്ടെത്തി, നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള പരിപാടിയാണ് സംയോജിത രോഗനിരീക്ഷണ പരിപാടി (Integrated Disease Surveillance Project – IDSP) ഫീൽഡ് തലത്തിൽ നിന്നും ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ദിവസേന പകർച്ചവ്യാധികളുടെ റിപ്പോർട്ട് ജില്ലാ മെഡിക്കൽ ഓഫീസിലേക്കും അവിടുന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേക്കും അയയ്ക്കും. മൂന്ന് തലങ്ങളിലായാണ് രോഗനിരീക്ഷണം നടക്കുന്നത്.

1. ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ, മറ്റാരോഗ്യ പ്രവർത്തകർ അവരവരുടെ പ്രവൃത്തി പ്രദേശത്ത് കാണപ്പെടുന്ന രോഗ ലക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പകർച്ചവ്യാധികളെ കുറിച്ചുള്ള വിവരങ്ങൾ നിശ്ചിത ഫോമിൽ (എസ് ഫോം-സിൻഡ്രോമിക് സർവൈലൻസ് ഫോമിൽ) രേഖപ്പെടുത്തുന്നു.
2. പി.എച്ച്.സി/ സി.എച്ച്.സി/ ആശുപത്രികളിൽ (സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ) ഡോക്ടർമാർ ക്ലിനിക്കൽ തലത്തിൽ രോഗനിർണയം നടത്തുന്ന പകർച്ചവ്യാധികൾ സ്ഥാപനത്തിൽ നിന്ന് നിശ്ചിത ഫോമിൽ (പി.ഫോമിൽ-പ്രിസംപ്റ്റീവ് സർവേലൻസ്) റിപ്പോർട്ട് ചെയ്യുന്നു.
3. ലബോറട്ടറികളിൽ പരിശോധനയിലൂടെ കൃത്യമായി രോഗസ്ഥിരീകരണം നടത്തുന്ന കേസുകൾ ലാബ് സർവ്വേലൻസ് ഫോമിൽ (എൽ-ഫോമിൽ) റിപ്പോർട്ട് ചെയ്യുന്നു.



സംയോജിത രോഗ നിരീക്ഷണ പരിപാടിയുടെ റിപ്പോർട്ടുകൾ എല്ലാ ആശുപത്രികൾ/സി.എച്ച്.സി/പി.എച്ച്.സികളിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസിലെ ജില്ലാ സർവ്വൈലൻസ് യൂണിറ്റിലേക്ക് അയയ്ക്കുന്നു. തിങ്കളാഴ്ച മുതൽ ഞായറാഴ്ച വരെയുള്ള റിപ്പോർട്ടുകൾ തിങ്കാളാഴ്ച ഉപകേന്ദ്രത്തിൽ നിന്നും ആരോഗ്യ കേന്ദ്രങ്ങളിൽ എത്തിക്കുകയും അവിടെ അവ ക്രോഡീകരിച്ച് മെഡിക്കൽ ഓഫീസറുടെയും സൂപ്പർവൈസറുടെയും നേതൃത്വത്തിൽ വിലയിരുത്തി ജില്ലാ തലത്തിലേക്ക് അയയ്ക്കുന്നു. രോഗനിരീക്ഷണത്തിൽ നിന്നും കിട്ടുന്ന വിവരങ്ങൾ അനുസരിച്ച് രോഗനിയന്ത്രണ പ്രവർത്തനങ്ങൾ ഓരോ തലത്തിലും നടത്തും.

ഓരോ തലത്തിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന രോഗങ്ങളുടെയും രോഗികളുടെ മേൽവിലാസം അടക്കമുള്ള വിവരങ്ങൾ അതത് സ്ഥാപനങ്ങളിൽ രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കും. ആശുപത്രികളിൽ ഒ.പി, ഐ.പി, അത്യാഹിത വിഭാഗത്തിൽ വരുന്ന റിപ്പോർട്ട് ചെയ്യപ്പെടേണ്ട രോഗമുള്ളവരുടെ വിവരങ്ങളും രേഖപ്പെടുത്തും.

ആശുപത്രിയിലെ ഒ.പി.യിൽ പകർച്ചവ്യാധികൾ കൂടുതലായി എത്തുന്നുണ്ടെങ്കിൽ രോഗികളുടെ മേൽവിലാസവും വിശദാംശങ്ങളും ഫീൽഡ് പ്രവർത്തകരെയും സൂപ്പർവൈസർമാരെയും അറിയിക്കും. ഇതിനനുസരിച്ച് പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ യഥാസമയം നടത്തുവാൻ കഴിയുന്നു. സ്ഥാപനങ്ങളിലെ ലാബ് പരിശോധനകൾ കൂടാതെ സാധാരണയിൽ നിന്നും വ്യത്യസ്തമായി കാണുന്ന പകർച്ചവ്യാധികളുള്ള രോഗികളിൽ നിന്ന് രക്ത സാമ്പിളുകൾ എടുത്ത് ഉയർന്ന പരിശോധനാ സൗകര്യങ്ങളുള്ള ലാബുകളിലേക്ക് അയയ്ക്കും. ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ, വാസസ്ഥലങ്ങളിൽ രോഗപരിശോധനാ ക്യാംപുകൾ (മലേറിയ, മന്ത്, കുഷ്ഠം) നടത്തുകയും രക്ത സാമ്പിളുകൾ ശേഖരിക്കുകയും ചെയ്യും.

പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്ന സാഹചര്യങ്ങൾ യഥാസമയം തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കും.

- പനി, വയറിളക്കം തുടങ്ങിയ രോഗങ്ങളുടെ എണ്ണം കൂടൽ
- കാലാവസ്ഥാ വ്യതിയാനങ്ങൾ

- കൊതുക് സാന്ദ്രതയിൽ ഉണ്ടാകുന്ന വർദ്ധന
- കുടിവെള്ള പരിശോധനാ സൂചനകൾ
- പ്രകൃതി ദുരന്തങ്ങൾക്ക് ശേഷമുള്ള കാലം
- ഇതര സംസ്ഥാന തൊഴിലാളികളുടെ സാന്നിദ്ധ്യം
- മാലിന്യങ്ങൾ കുന്നുകൂടുന്ന അവസ്ഥ

- രോഗത്തിന്റെ പ്രത്യേകതയനുസരിച്ച് ഖര, ദ്രവ മാലിന്യ നിർമ്മാർജ്ജന- സംസ്കരണ സംവിധാനങ്ങൾ, കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം, കക്കൂസ് സൗകര്യങ്ങളും അവയുടെ ഉപയോഗവും, കൊതുക് കൂത്താടി വളർച്ച, സാന്ദ്രത, ഇതരസംസ്ഥാന തൊഴിലാളികളുടെ സാനിദ്ധ്യം ഇവ പ്രത്യേകമായി നിരീക്ഷിക്കുകയും പ്രതിരോധ, നിയന്ത്രണ പ്രവർത്തനങ്ങൾ സ്വീകരിക്കുകയും ചെയ്യും.
- നഗര, ബ്ലോക്ക്, പഞ്ചായത്ത് പ്രദേശങ്ങളിലുള്ള സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ എന്നിവിടങ്ങളിൽ നിന്നുള്ള റിപ്പോർട്ടിംഗ് ഉറപ്പുവരുത്തും.
- ആദിവാസി മേഖലകൾ, പട്ടികജാതി കോളനികൾ, തീരദേശ മേഖലകൾ തുടങ്ങിയ പ്രത്യേക പരിഗണന അർഹിക്കുന്ന മേഖലകളിലെ പകർച്ചവ്യാധി നിരീക്ഷണം ഊർജ്ജിതമാകും.
- നഗര പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട നഗരസഭകളുടെ ആരോഗ്യ വിഭാഗങ്ങളുമായി ഏകോപിപ്പിച്ച് നടപ്പിലാക്കും.
- ആശ, കുടുംബശ്രീ, അംഗൻവാടി, ആരോഗ്യ സേനാ പ്രവർത്തകർ, ജനപ്രതിനിധികൾ, ട്രൈബൽ വോളണ്ടിയർമാർ, അതത് പ്രദേശത്തെ പകർച്ചവ്യാധി സംബന്ധമായ വിവരങ്ങൾ നൽകാൻ കഴിയുന്ന മറ്റ് ആൾക്കാർ എന്നിവരിൽ നിന്നും ടെലഫോൺ വഴി വിവരങ്ങൾ യഥാസമയം അറിയുവാനുള്ള സംവിധാനം നടപ്പിലാക്കും.



- പത്രമാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലും വരുന്ന പകർച്ചവ്യാധി വാർത്തകൾ പ്രാദേശികാടിസ്ഥാനത്തിൽ നിരീക്ഷണ വിധേയമാക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. മാധ്യമങ്ങൾക്ക് ശരിയായ, കൃത്യമായ വിവരങ്ങൾ മെഡിക്കൽ ഓഫീസറോ അതിനായി ചുമതലപ്പെടുത്തിയ ജീവനക്കാരോ നൽകും.
- ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും തട്ടുകടകളിലും ആഹാരം പാകം ചെയ്യുകയും വിതരണം ചെയ്യുകയും ചെയ്യുന്ന എല്ലാ സ്ഥലങ്ങളിലും പരിശോധന നടത്തി പൊതുജനാരോഗ്യത്തിന് ഹാനികരമായ സാഹചര്യങ്ങൾ ഇല്ല എന്നും ഉറപ്പു വരുത്തും. ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ സഹകരണം പരിശോധനകളിൽ ഉറപ്പാക്കും.
- ലബോറട്ടറികളിൽ, ഡന്റൽ ക്ലിനിക്കുകൾ, ബാർബർ ഷോപ്പുകൾ, ബ്യൂട്ടി പാർലറുകൾ തുടങ്ങിയ ഇടങ്ങളിൽ പൂർണ്ണമായും അണുവിമുക്തമാക്കിയ സൂചികളും ഉപകരണങ്ങളും ഉപയോഗിക്കുന്നു എന്ന് പരിശോധനയിലൂടെ ഉറപ്പാക്കും. ഇത്തരം കേന്ദ്രങ്ങളിലെ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കുവാനുള്ള നടപടികൾ ഉറപ്പാക്കുകയും അതിനായി പ്രേരിപ്പിക്കുകയും ചെയ്യും.
- പനിയും പകർച്ചവ്യാധികളും ബാധിച്ച് മരിക്കുന്നവരുടെ മരണകാരണം കണ്ടെത്തുന്നതിനുള്ള ഡെത്ത് ഓഡിറ്റ് മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തും.
- പകർച്ചവ്യാധികളെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കും.

ലഘുരേഖകൾ, നോട്ടീസുകൾ, വാർത്താ ബോർഡുകൾ, പോസ്റ്ററുകൾ ഇവ ബോധവൽക്കരണത്തിനായി ഉപയോഗിക്കും.

- പത്ര, ദൃശ്യ മാധ്യമങ്ങളിലൂടെ യഥാസമയം ജാഗ്രതാ നിർദ്ദേശങ്ങൾ നൽകും.
- ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കും.
- പകർച്ചവ്യാധി നിയന്ത്രണവുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമങ്ങൾ (പൊതുജനാരോഗ്യ നിയമം, ഭക്ഷ്യ സുരക്ഷാ നിയമം, ജലനിയമം, പഞ്ചായത്ത്രാജ് നിയമം, മുനിസിപ്പൽ നിയമം, കോട്പ ആക്റ്റ്) ബന്ധപ്പെട്ട വകുപ്പുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കും. നിയമലംഘനങ്ങൾ പരിശോധനയിലൂടെ കണ്ടെത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും.
- തദ്ദേശസ്വയംഭരണ വകുപ്പ്, ജലവിഭവം, കൃഷി, മൃഗസംരക്ഷണം, തൊഴിൽ, വിദ്യാഭ്യാസം, സാമൂഹ്യ നീതി, പൊതുമരാമത്ത്, വനം, ഫിഷറീസ്, നഗരകാര്യം തുടങ്ങിയ വകുപ്പുകളുടെയും വിവിധ സന്നദ്ധ സംഘടനകളുടെയും രാഷ്ട്രീയ, സാമുദായിക സംഘടനകളുടെയും സംയോജിച്ചുള്ള പ്രവർത്തനം പകർച്ചവ്യാധി നിയന്ത്രണത്തിനും പ്രതിരോധത്തിനും ഉറപ്പാക്കും.
- പകർച്ചവ്യാധി നിയന്ത്രണ, പ്രതിരോധ, ബോധവൽക്കരണ പരിപാടികളിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കും.
- പ്രവർത്തനങ്ങളുടെ മോൽനോട്ടവും, മോണിറ്ററിങ്ങും, ബ്ലോക്ക്/ജില്ലാ/ സംസ്ഥാന തലങ്ങളിൽ നടത്തും.

# അദ്ധ്യായം - 6

# ഇ-ഹെൽത്ത്

വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതവും സമ്പൂർണ്ണവുമായ ഒരു സംവിധാനത്തിലൂടെ സാധാരണക്കാരന് ഗുണനിലവാരമുള്ളതും മെച്ചപ്പെട്ടതുമായ സേവനം നൽകുവാനാണ് ഇ-ഹെൽത്ത് ലക്ഷ്യമിടുന്നത്. ആശുപത്രികളിൽ ഒ.പി.കൗണ്ടറിലുള്ള വലിയ തിരക്ക്, നീണ്ട ക്യൂ, ഓരോ ഘട്ടത്തിലും ഉള്ള എഴുത്തു കുത്തുകൾ, വിവരങ്ങൾ ശേഖരിച്ചു വയ്ക്കുവാനാവശ്യമായ സംവിധാനം, സേവന ഗുണനിലവാരം എന്നിവയിലൊക്കെ ഇ-ഹെൽത്തിലൂടെ വലിയ മാറ്റം വരുന്നു. ഈ പദ്ധതിക്ക് പ്രധാനമായും രണ്ട് ഘടകങ്ങളാണുള്ളത്. ഒന്നാമത്തെ ഘടകം വിവര സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വിവര ശേഖരണവും രോഗ പ്രതിരോധ പ്രവർത്തനങ്ങളും (Public Health Module) ആണ്. ആശുപത്രികളുടെ കമ്പ്യൂട്ടർ വത്കരണം (Hospital Information System) ആണ് രണ്ടാമത്തെ ഘടകം.

ഓരോ വ്യക്തിയുടെയും ആരോഗ്യ സംബന്ധമായ വിവരങ്ങൾ ശേഖരിച്ച് ഒരു കേന്ദ്രീകൃത വിവര ശേഖരം (Centralized data base) സൃഷ്ടിക്കും. അതുവഴി ആരോഗ്യ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ വിലയിരുത്തുവാനുമുള്ള വിപുലമായ ഇലക്ട്രോണിക് വിവര സംവിധാനം സൃഷ്ടിക്കുകയാണ് ലക്ഷ്യം.

## പൊതുജനാരോഗ്യ മൊഡ്യൂൾ

പൊതുജനാരോഗ്യത്തെ സംബന്ധിച്ച് ശേഖരിക്കുന്ന വിവരങ്ങൾ സർക്കാരിന്റെ കേന്ദ്രീകൃത സെർവറിൽ ശേഖരിക്കപ്പെടുന്നു. ചികിൽസാ കേന്ദ്രങ്ങളിൽ എത്തുന്ന വ്യക്തിയുടെ രോഗം, ചികിൽസ, ആരോഗ്യം ഇവ സംബന്ധിക്കുന്ന വിവരങ്ങളും ഫീൽഡ് സർവ്വേയിൽ നിന്നും ലഭിക്കുന്ന വിവരങ്ങളും തമ്മിൽ ഡിജിറ്റൽ രീതിയിൽ ബന്ധിപ്പിച്ച് സൂക്ഷിക്കുന്നത് വഴി ഓരോ വ്യക്തിയുടെയും ആരോഗ്യ സംബന്ധിയായ റെക്കോർഡ് ഇ-ഹെൽത്ത് ഉറപ്പാക്കുന്നു.



- ഓരോ വ്യക്തിക്കും ഒരു വ്യക്തിഗത യുണീക് ഐഡന്റിറ്റി നമ്പർ നൽകി ഇ-ഹെൽത്തിൽ രജിസ്റ്റർ ചെയ്യിക്കുന്നു. ആധാർ നമ്പർ ഉള്ളവർക്ക് ആധാർ നമ്പർ ഉപയോഗിച്ച് ഇ-ഹെൽത്തിൽ രജിസ്റ്റർ ചെയ്യാം. എന്നാൽ ആധാർ നമ്പർ യുണീക് ഐഡന്റിഫിക്കേഷൻ നമ്പർ ആയി ഉപയോഗിക്കാൻ കഴിയില്ല ആശുപത്രികളിലെ രജിസ്ട്രേഷൻ കൗണ്ടറുകളിലൂടെയോ ഫീൽഡ് തലത്തിലുള്ള വിവരശേഖരണത്തിലൂടെയോ ഇ-ഹെൽത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്നു.
- ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് കൂടുതൽ ശ്രദ്ധയും പരിചരണവും ആവശ്യമെങ്കിൽ ആ വിവരം ആരോഗ്യ പ്രവർത്തകരുടെ കൈയിലുള്ള ടാബ്‌ലറ്റ് കമ്പ്യൂട്ടറിൽ എത്തുന്നതിനുള്ള സംവിധാനം ഇ-ഹെൽത്ത് വഴി നിലവിൽ വരും.
- ഗർഭിണികൾ, കുട്ടികൾ ഇവർക്ക് ആവശ്യമായ മരുന്നുകൾ, ഉപദേശങ്ങൾ, കുത്തിവയ്പുകൾ, ഭവന സന്ദർശനം നടത്തി നൽകേണ്ട സേവനങ്ങൾ ഇവ നൽകാനും ഓർമിപ്പിക്കുവാനും ഇ-ഹെൽത്ത് സഹായകമാവും.
- കേന്ദ്രീകൃത ആരോഗ്യ വിവരശേഖരണത്തിന്റെ ഒരു നേട്ടം പകർച്ചവ്യാധികളുടെ ഉത്ഭവത്തെ കുറിച്ച് ലഭിക്കുന്ന മുന്നറിയിപ്പുകളാണ്. ഏതെങ്കിലും ഒരു പ്രദേശത്ത് നിന്നും സാധാരണയിൽ കൂടുതൽ പകർച്ചവ്യാധി ബാധിതർ ആശുപത്രിയിലെത്തിയാൽ ആ വിവരം ആ പ്രദേശത്തെ ആരോഗ്യ പ്രവർത്തകരുടെ ടാബ്‌ലറ്റ് കമ്പ്യൂട്ടറിൽ ജാഗ്രതാ നിർദ്ദേശമായി എത്തും. യഥാസമയം പകർച്ചവ്യാധി നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ ഇത് സഹായിക്കും.

## ഹെൽത്ത് ഇൻഫർമേഷൻ സിസ്റ്റം (Health Information System)

- വ്യക്തികളുടെ പേരും മറ്റു വിവരങ്ങളും രജിസ്ട്രേഷൻ വഴി ശേഖരിച്ചിട്ടുള്ളതിനാൽ ഒ.പി.ടിക്കറ്റ് എടുക്കുന്ന പ്രക്രിയ സുഗമവും എളുപ്പവുമായിത്തീരുന്നു.
- ഒ.പി.ക്ലിനിക്കുകൾ, ലബോറട്ടറി, എക്സ്റേ, ഫാർമസി എന്നിങ്ങനെ എല്ലാ സ്ഥലങ്ങളിലും ടോക്കൺ സംവിധാനം നിലവിൽ വരും.
- പ്രീചെക്ക് സംവിധാനത്തിൽ രോഗിയുടെ ഉയരം, തൂക്കം, രക്ത ഗ്രൂപ്പ്, രോഗ ലക്ഷണങ്ങൾ തുടങ്ങിയവ ഡേറ്റാ ബേസിൽ രേഖപ്പെടുത്തും. രോഗി ഡോക്ടറുടെ അടുത്തുള്ള സമയത്ത് ഡോക്ടർക്ക് ഈ വിവരങ്ങൾ അദ്ദേഹത്തിന്റെ മുന്നിലുള്ള കമ്പ്യൂട്ടറിൽ ലഭ്യമായിരിക്കും.
- തുടർന്ന് നടക്കുന്ന പരിശോധനയ്ക്ക് ശേഷം ഡോക്ടർ പരിശോധനാ വിവരങ്ങൾ, ലാബ്, ഫാർമസി നിർദ്ദേശങ്ങൾ, തുടർ പരിശോധന ആവശ്യമെങ്കിൽ അത് തുടങ്ങിയവ ഡേറ്റാ ബേസിൽ രേഖപ്പെടുത്തും.
- ഡോക്ടർമാരുടെ കുറിപ്പുകൾ നെറ്റ്‌വർക്ക് വഴി ഫാർമസികളിലും ലബോറട്ടറികളിലും എക്സ്റേ തുടങ്ങിയ കൗണ്ടറുകളിലും അപ്പപ്പോൾ എത്തുന്ന ടെസ്റ്റ് റിസൾട്ടുകൾ ഡോക്ടർമാരുടെ മുന്നിലെ കമ്പ്യൂട്ടറിൽ യഥാസമയം ലഭ്യമാകുന്നു.
- ഇതിനുശേഷം ഡോക്ടർ രോഗ നിർണ്ണയ വിവരങ്ങൾ, മരുന്നുകൾ, കഴിക്കേണ്ട വിധം തുടങ്ങിയവ ഡേറ്റാ ബേസിൽ രേഖപ്പെടുത്തും. രോഗിയുടെ തിരിച്ചറിയൽ നമ്പർ ഉപയോഗിച്ച് ഫാർമസിയിൽ എത്തുന്ന രോഗിക്ക് മരുന്ന് നൽകും.
- ഒ.പി.രജിസ്ട്രേഷൻ, ഒ.പി.പരിശോധനകൾ, രോഗനിർണ്ണയ വിവരങ്ങൾ, ലാബ് പരിശോധനാ ഫലങ്ങൾ, കഴിക്കുന്ന മരുന്നുകൾ, അഡ്മിറ്റ് ചെയ്യുവാനുള്ള വിവരങ്ങൾ, ഡിസ്ചാർജ് ചെയ്യുന്നതു വരെയുള്ള വിവരങ്ങൾ ഇതുവഴി കമ്പ്യൂട്ടർവത്കരിക്കപ്പെടും.
- ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കിയ എല്ലാ ആശുപത്രികളിലും കമ്പ്യൂട്ടർ ശൃംഖല വഴി വ്യക്തികളുടെ ആരോഗ്യ രേഖകൾ ലഭ്യമാകും. രോഗികളെ ഉയർന്ന കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുമ്പോഴും



ചികിൽസയ്ക്കു ശേഷം തിരിച്ച് റഫർ ചെയ്യുമ്പോഴും രോഗികളുടെ രോഗചികിൽസാ സംഗ്രഹം ഡോക്ടർമാർക്ക് കമ്പ്യൂട്ടറിൽ ലഭ്യമാകും. ഇത് കൃത്യമായ ചികിൽസാ സംബന്ധിയായ രേഖകൾ കൊണ്ടു നടക്കേണ്ട ബുദ്ധിമുട്ട് ഒഴിവാക്കുവാൻ സഹായിക്കും.

- ആർ.എസ്.ബി.വൈ, ജെ.എസ്.എസ്.കെ, ആരോഗ്യ കിരണം തുടങ്ങി നിരവധി സാമൂഹ്യസുരക്ഷാ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കുവാൻ ഒരു ഏകജാലക സംവിധാനം ആശുപത്രികളിൽ നിലവിൽ വരും.
- ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ഇ-ഹെൽത്ത് വെബ് പോർട്ടൽ നിലവിൽ വരും. സർക്കാർ ആശുപത്രികളിൽ ലഭ്യമാകുന്ന സേവനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ഈ പോർട്ടലിൽ ലഭ്യമാകും. ഈ വിവരങ്ങൾ സർക്കാർ ആശുപത്രികളിലെ റിസപ്ഷൻ കൗണ്ടറിൽ നിന്നും പൊതുജനങ്ങൾക്ക് മനസ്സിലാക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കും.
- വെബ് പോർട്ടൽ, മൊബൈൽ ഫോൺ, ആശുപത്രികളിൽ സ്ഥാപിക്കുന്ന കിയോസ്കുകൾ എന്നിവ വഴി മുൻകൂട്ടി ഒ.പി.ടോക്കണുകൾ എടുക്കുവാനുള്ള സൗകര്യം ലഭ്യമാകും.
- കമ്പ്യൂട്ടർ നെറ്റ്‌വർക് സംവിധാനത്തിലൂടെ ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത KMSCL വഴി ഉറപ്പാക്കും.
- രോഗികൾക്ക് തന്റെ രോഗ വിവരത്തെക്കുറിച്ചും ചികിൽസയെക്കുറിച്ചും ശരിയായ വിവരങ്ങൾ ലഭിക്കുക വഴി അനാവശ്യ പരിശോധനകൾ ഒഴിവാക്കുവാനും തുടർ ചികിൽസ തേടുവാനും കഴിയും.

നിലവിലുള്ള സംവിധാനത്തിന്റെ പോരായ്മകൾ മനസ്സിലാക്കി ശാസ്ത്രീയമായ മെച്ചപ്പെടുത്തലുകൾ വരുത്തുവാൻ ഇ-ഹെൽത്ത് സംവിധാനം സഹായിക്കും. ഇ-ഹെൽത്ത് നിലവിൽ വരുന്നതോടെ ആരോഗ്യ രംഗത്തെ കൃത്യമായ നിരീക്ഷണവും ഇടപെടലും സാധ്യമാവും. ശാസ്ത്രീയമായ ആസൂത്രണവും പകർച്ച വ്യാധികളെ തടയുവാനുള്ള സമയോചിതമായ ഇടപെടലിനും ഇ-ഹെൽത്ത് സംവിധാനം സഹായകമാവും.

# അദ്ധ്യായം - 7

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ കേരളത്തിൽ അധികാര വികേന്ദ്രീകരണവും പ്രാദേശിക ആസൂത്രണവും നടപ്പിലായി. പ്രാദേശിക വികസനത്തിനായി ആസൂത്രണവും നിർവ്വഹണവും ജനപങ്കാളിത്തം ഉറപ്പുവരുത്തി നടപ്പിലാക്കുന്ന ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഒരു പ്രദേശത്തെ ജനങ്ങളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള പ്രോജക്ടുകളും പദ്ധതികളും ആസൂത്രണം ചെയ്യുവാനും നടപ്പിലാക്കുവാനുമുള്ള സ്വാതന്ത്ര്യം, അധികാരം, സമ്പത്ത് എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്.

പൊതുജനാരോഗ്യരംഗത്തും ജനകീയാസൂത്രണ പദ്ധതി വളരെയേറെ മാറ്റങ്ങൾ കൊണ്ടുവന്നു. ആരോഗ്യ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ആരോഗ്യ അനുബന്ധ ഘടകങ്ങളായ കുടിവെള്ളം, പാർപ്പിടം, കക്കൂസ്, മാലിന്യ സംസ്കരണം എന്നിവയിലും ഒരു കുതിച്ചുചാട്ടം സാധ്യമായി.

## ഉത്തരവാദിത്തങ്ങൾ

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(കൈ.) നം.11/2018/തസ്വ.ഭവ. തിരുവനന്തപുരം തീയതി 29/01/2018 ആരോഗ്യ സുരക്ഷ പ്രകാരമുള്ള ഉത്തരവാദിത്തങ്ങൾ

### ആരോഗ്യ സുരക്ഷ പ്രകാരമുള്ള ഉത്തരവാദിത്തങ്ങൾ

#### ആരോഗ്യസംരക്ഷണം

1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ പ്രോജക്ടുകൾ "ആർദ്രം" മിഷനുമായി സമന്വയിപ്പിച്ച് നടപ്പാക്കുന്ന രീതിയിൽ തയ്യാറാക്കണം.

2. കൈമാറിക്കിട്ടിയ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉയർന്ന പരിഗണന നൽകണം.

3. എല്ലാ ഗ്രാമപഞ്ചായത്തുകളും സ.ഉ.(സാധാ) നം. 3217/2015/തസ്വഭവ, തീയതി 29.10.2015 നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. പ്രസ്തുത മാർഗരേഖ പ്രകാരം അനുവദനീയമായ പ്രവർത്തനങ്ങൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

4. ജീവിതശൈലീ രോഗ പ്രതിരോധ പ്രവർത്തനങ്ങളും സ്ക്രീനിംഗ് ക്ലിനിക്കുകളുടെ പ്രവർത്തനവും കാര്യക്ഷമമാക്കുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണ്.

5. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സബ്സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ, അവയുടെ നിർമ്മാണം, പുനർ നിർമ്മാണം, അറ്റകുറ്റപണികൾ, മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തുകൾ എടുക്കുന്ന പ്രോജക്ടിലേക്ക് ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.

6. പ്രത്യേക സാഹചര്യങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കരാറടിസ്ഥാനത്തിൽ നിയോഗിക്കപ്പെടുന്ന ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ലാബ് ടെക്നീ

ഷ്യൻ എന്നിവർക്ക് അനുവദനീയമായ വേതനം സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് വിധേയമായി വികസന/തനതു ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ്.

## രോഗ പ്രതിരോധ നടപടികൾ

1. ക്യാൻസർ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള ക്യാൻസർ പരിശോധനാ ക്യാമ്പുകൾ ഗ്രാമ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും സംഘടിപ്പിക്കാവുന്നതാണ്.



2. ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കും യുവതീ യുവാക്കൾക്കും മാനസിക ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് കൗൺസലിംഗ് നൽകുന്നതിനുള്ള പ്രോജക്ടുകൾ സാമൂഹ്യനീതി വകുപ്പിന്റെ ഇതു സംബന്ധിച്ച വ്യവസ്ഥകൾക്ക് അനുസൃതമായി ഏറ്റെടുക്കാവുന്നതാണ്.
3. രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്. ബോധവൽക്കരണ പരിപാടികൾ, സർവ്വേകൾ, മറ്റ് വിവര ശേഖരണം എന്നിവയ്ക്ക് മാത്രമായി പ്രോജക്ട് അനുവദനീയമല്ലെങ്കിലും മറ്റൊരു പ്രോജക്ടിന്റെ അനിവാര്യ ഘടകമാണെങ്കിൽ മാത്രം ഇവ ഏറ്റെടുക്കാവുന്നതാണ്.
4. സ്കൂൾ ആരോഗ്യ പരിപാടി ഫലപ്രദമാക്കുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.
5. മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ദേശീയ ആരോഗ്യ ദൗത്യം, സ്വച്ഛ് ഭാരത് മിഷൻ, ശുചിത്വ മിഷൻ എന്നിവയുടെ ധനസഹായം ലഭിക്കുമെങ്കിൽ അവ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സംയോജിത പ്രോജക്ടുകൾ തയ്യാറാക്കണം.
6. സ്വന്തമായി വാഹനങ്ങൾ ഇല്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, മറ്റ് പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ, രോഗ പ്രതിരോധ കുത്തിവയ്പുകൾ എന്നിവ നടത്തുന്നതിന്റെ ഭാഗമായുള്ള വാഹന വാടക നൽകുന്നതിനുള്ള പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ വാഹനം വാങ്ങാൻ പാടില്ല.
7. പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന സാഹചര്യങ്ങളിലും ദുരന്ത നിവാരണത്തിന്റെ ഭാഗമായും, പകർച്ചേതര വ്യാധികളുടെ സമഗ്ര നിയന്ത്രണത്തിനും വേണ്ടി രോഗ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മെഡിക്കൽ ക്യാമ്പുകൾ ഗ്രാമപഞ്ചായത്തുകൾക്ക് സംഘടിപ്പിക്കാവുന്നതാണ്.
8. പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച 'ആരോഗ്യ ജാഗ്രതാ പദ്ധതി' നടപ്പാക്കുന്നതിന് വേണ്ട നിശ്ചിത വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് വകയിരുത്താവുന്നതാണ്.

## ഉപകേന്ദ്ര മാനേജ്മെന്റ് കമ്മിറ്റി

- ഉപകേന്ദ്രത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക.
- ഉപകേന്ദ്രം വഴിയും ഫീൽഡ് തലത്തിലുമുള്ള സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ശുപാർശകൾ നടത്തുക, പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- സബ്സെന്റർ തലത്തിലുള്ള ആരോഗ്യ - ആരോഗ്യ അനുബന്ധ മേഖലയിലെ സ്ഥിതി വിവരകണക്കുകൾ (പകർച്ച - പകർച്ചേതര വ്യാധികൾ, മാതൃ ശിശു ആരോഗ്യം, വയോജനക്ഷേമം, ഇതരദേശ തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ, ശുദ്ധജല ലഭ്യത, സാന്ത്വന പരിചരണം തുടങ്ങി)

കണ്ടെത്തി പട്ടികപ്പെടുത്തുകയും പദ്ധതി നിർവ്വഹണ പ്രക്രിയയ്ക്കു വേണ്ടി കൈമാറുകയും ചെയ്യുക.

## വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതി

- വാർഡ്തലത്തിലുള്ള ആരോഗ്യ - ആരോഗ്യ അനുബന്ധ മേഖലയിലെ സ്ഥിതിവിവര കണക്കുകൾ പ്രശ്നങ്ങൾ എന്നിവ കണ്ടെത്തി പട്ടികപ്പെടുത്തുകയും പദ്ധതി നിർവ്വഹണ പ്രക്രിയയ്ക്കു വേണ്ടി കൈമാറുകയും ചെയ്യുക.
- വാർഡ്തലത്തിലുള്ള ആരോഗ്യ - ആരോഗ്യ അനുബന്ധ മേഖലയിലെ സ്ഥിതി വിവരകണക്കുകൾ (പകർച്ച - പകർച്ചേതര വ്യാധികൾ, മാതൃ ശിശു ആരോഗ്യം, വയോജനക്ഷേമം, ഇതരദേശ തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ, ശുദ്ധജല ലഭ്യത, സാന്ത്വന പരിചരണം തുടങ്ങിയവ) കണ്ടെത്തി പട്ടികപ്പെടുത്തുകയും പദ്ധതി നിർവ്വഹണ പ്രക്രിയയ്ക്കു വേണ്ടി കൈമാറുകയും ചെയ്യുക.
- വാർഡിലെ ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ രോഗപ്രതിരോധം, സാന്ത്വന പുനരധിവാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

## വിവിധ വകുപ്പുകളുടെ ഏകോപനവും സംയോജനവും

ആരോഗ്യ വകുപ്പിന് പറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം, സാമൂഹ്യനീതി, ഫിഷറീസ്, ഗ്രാമ വികസനം എന്നീ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ആരോഗ്യ അനുബന്ധ പദ്ധതികൾ തയ്യാറാക്കുകയും നടപ്പിൽ വരുത്തുകയും വേണം. ഇതിനു പുറമേ പോലീസ്, വനംവകുപ്പ്, പട്ടികജാതി - പട്ടികവർഗ്ഗ വകുപ്പ്, വൈദ്യുതി വകുപ്പ്, പി.ഡബ്ല്യൂ.ഡി., എക്സൈസ് വകുപ്പ്, ഫയർ ആന്റ് സേഫ്റ്റി വകുപ്പ്, കായിക വകുപ്പ്, കേരള വാട്ടർ അതോറിറ്റി തുടങ്ങിയവയുടെ കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതികൾ പ്രയോജനപ്പെടുത്തുകയും സേവനം ഉപയോഗിക്കുകയും വേണം.

- ഓരോ പഞ്ചായത്തിലും ആരോഗ്യ പ്രവർത്തനങ്ങൾ വാർഡ്തലത്തിലും, വാർഡ് തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഉപകേന്ദ്ര തലത്തിലും ഉപകേന്ദ്ര തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിലും ഏകോപിപ്പിക്കേണ്ടതുണ്ട്. അവയുടെ നിലവാരമുയർത്തുകയും സാങ്കേതിക സഹായം നൽകുകയും ചെയ്യണം. ഉദാ: സന്നദ്ധ പ്രവർത്തകർക്കും മറ്റ് ലഘു സേവന ദാതാക്കൾക്കും ആവശ്യമായ സാങ്കേതിക സഹായവും പരിശീലനങ്ങളും നൽകുക.
- ഉപകേന്ദ്രങ്ങൾ സേവന കേന്ദ്രങ്ങളായി മാറണം; എല്ലാത്തരം പ്രാഥമികാരോഗ്യ സേവനങ്ങളും നൽകുവാൻ കഴിയുന്ന കേന്ദ്രങ്ങളായി ഇവ മാറണം; ആയതിനാവശ്യമായ സാധന സാമഗ്രികൾ , ഡ്രസിംഗ്, കുടുംബക്ഷേമ സേവനങ്ങൾക്കുള്ളവ, മരുന്നുകൾ, എയർബെഡ്, വീൽ ചെയർ, വാക്കർ, എല്ലാത്തരം അപേക്ഷ ഫോറങ്ങളും ട്രെയിനിംഗ് സാമഗ്രികൾ, പകർച്ചവ്യാധി നിയന്ത്രണത്തിനാവശ്യമായ സാധന സാമഗ്രികൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ടിവിറ്റി തുടങ്ങിയവ ഉപകേന്ദ്ര തലത്തിൽ ലഭ്യമാക്കണം.



- ഉപകേന്ദ്ര തലത്തിൽ ഏകോപിപ്പിച്ച പ്രവർത്തനങ്ങളുടെ തുടർച്ചയായും അല്ലാതെയും പ്രാഥമികാ രോഗ്യ കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് നൽകി വരുന്ന സേവനങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കണം.
- പദ്ധതി പ്രവർത്തനങ്ങൾക്കുള്ള അവസ്ഥാവിശകലനവും അവയുടെ സാങ്കേതിക ക്രമപ്പെടുത്തലും സാധ്യമാക്കണം കൂടാതെ.
- മരുന്നുകളുടെ ലഭ്യത.
- ദീർഘകാല രോഗികൾക്കുള്ള മരുന്നുകൾ.
- വിവരങ്ങൾ രേഖപ്പെടുത്തലും സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കലും.
- ആശുപത്രിയിലെ മുഴുവൻ ഉദ്യോഗസ്ഥരുടയും സേവന സമയം കൃത്യമായി പാലിക്കപ്പെടുന്നതിനുള്ള ക്രമീകരണം.
- ഡോക്ടർമാർക്കും ജീവനക്കാർക്കും മനോഭാവ പരിശീലനം.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സേവനം.
- മാലിന്യ പരിപാലനം, സ്കൂൾ ആരോഗ്യ പരിപാടി തുടങ്ങിയ പ്രവർത്തനങ്ങളിൽ ആരോഗ്യ സേന വിനിയോഗം ഉറപ്പാക്കുക.
- 10% പ്രോജക്ട് പ്രവർത്തനങ്ങൾക്ക് ഫീൽഡ്തല പരിശോധന നടത്തുക.

### വർക്കിംഗ് ഗ്രൂപ്പ്

- തയ്യാറാക്കിയ പദ്ധതി, ഗ്രാമ സഭകൾ അവതരിപ്പിക്കുകയും പ്രാദേശിക പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതും മുൻഗണനാ ക്രമത്തിൽ ചിട്ടപ്പെടുത്തിയതുമാണോ എന്ന് പരിശോധിക്കുക.
- പദ്ധതി നടത്തിപ്പിന് പദ്ധതിപ്പണം കൂടാതെ മറ്റ് ധനസമാഹരണ മാർഗ്ഗങ്ങൾ ആലോചിക്കുക.

## സ്ഥാപനതല പ്രവർത്തനങ്ങൾ

### ആശുപത്രി വികസന സമിതി

- ആശുപത്രിയുടെ ഭൗതികസാഹചര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുക.
- പദ്ധതി നടപ്പിലാക്കുവാൻ പദ്ധതിയേതര വരുമാനം കണ്ടെത്തുക.
- സേവനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുക.
- സ്ഥാപനത്തിന്റെ ഉന്നമനത്തിന് ആവശ്യമായ പദ്ധതികൾ സമർപ്പിക്കാൻ പഞ്ചായത്തിനോട് ആവശ്യപ്പെടുക.
- മാർഗ്ഗരേഖകൾക്കനുസൃതമായാണോ പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് പരിശോധിക്കുക.
- വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ പദ്ധതി പ്രാദേശിക ആരോഗ്യ പ്രശ്നങ്ങൾ നിറവേറ്റുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക.

### ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലകൾ

- പദ്ധതി രൂപീകരണ പ്രക്രിയ കുറ്റമറ്റ രീതിയിൽ നടന്നു എന്ന് ഉറപ്പു വരുത്തുക.
- ആരോഗ്യരംഗത്തെ അനിവാര്യ ചുമതലകളും പൊതു ചുമതലകളും മേഖലാ ചുമതലകളും നിർവ്വഹി

ക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി എന്നും ഫണ്ട് വകയിരുത്തി എന്നും ഉറപ്പാക്കണം.

- പ്രോജക്ട് വിഭാവനം ചെയ്ത രീതിയിൽ തന്നെ നിർവ്വഹണം നടന്നു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ മാസവും നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകന യോഗം നടത്തി പ്രോജക്ട്, ഫണ്ട് വിനിയോഗം, ദേശീയ, സംസ്ഥാന പദ്ധതികളുടെ പ്രവർത്തനം ഇവ അവലോകനം നടത്തുക.
- ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് ആരോഗ്യ പ്രോജക്ടുകൾ മോണിറ്റർ ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുക.
- ആരോഗ്യസേന രൂപീകരിക്കുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുക.
- പ്രതിരോധ കുത്തിവയ്പ്, പകർച്ചവ്യാധി, പകർച്ചേതര വ്യാധി നിയന്ത്രണ പ്രവർത്തനം, വയോജന പരിപാലനം.
- ഹൈസ്കൂൾ, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും യുവതീ-യുവാക്കൾക്കും മാനസിക ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച കൗൺസലിംഗ് നൽകുന്നതിനുള്ള പ്രോജക്ടുകൾ സാമൂഹ്യനീതി വകുപ്പിന്റെ ഇതു സംബന്ധിച്ച വ്യവസ്ഥകൾക്ക് അനുസൃതമായി ഏറ്റെടുക്കാവുന്നതാണ്.

### പഞ്ചായത്ത് ഭരണ സമിതിയുടെ ചുമതലകൾ

- പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ വിഭവ സമാഹരണം (സാമ്പത്തികം, മാനവശേഷി, സ്ഥിതി വിവരക്കണക്കുകൾ മുതലായവ) നടത്തണം.
- പദ്ധതി രൂപീകരണത്തിന് മുൻപ് വിവിധ വകുപ്പുകളുടെ ഏകോപനവും അഭിപ്രായ സമന്വയവും നടത്തണം.
- വിവിധ തലങ്ങളിൽ ആസൂത്രണവുമായി ബന്ധപ്പെട്ട അധികാര സമിതികൾ ഫലപ്രദമായി ചലിക്കുന്നു എന്ന് ഉറപ്പു വരുത്തണം.
- വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതി, ഉപകേന്ദ്ര കമ്മിറ്റി, ആശുപത്രി വികസന സമിതി എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ പദ്ധതികളാക്കുന്നതിനായി പരിഗണിക്കുക.

### പൊതുജനാരോഗ്യ നിയമങ്ങളുടെ പാലനം

ഓരോ പഞ്ചായത്തിലും പൊതുജനാരോഗ്യ നിയമങ്ങളുടെ പാലനം പഞ്ചായത്ത് ഭരണ സമിതി ആരോഗ്യ വകുപ്പ് ജീവനക്കാരുടെ സഹായത്തോടുകൂടി ഉറപ്പു വരുത്തണം.





# അദ്ധ്യായം - 8

# സംഘടനാ സംവിധാനങ്ങളും ചുമതലകളും

ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി വിവിധ തലങ്ങളിൽ ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ മിഷൻ പ്രവർത്തിക്കുന്നതാണ്.

## മിഷൻ ഘടന

### 1. ആർദ്രം - സംസ്ഥാന മിഷൻ

അദ്ധ്യക്ഷൻ : മുഖ്യമന്ത്രി

സഹ അദ്ധ്യക്ഷൻ : ആരോഗ്യ വകുപ്പ് മന്ത്രി

ഉപാദ്ധ്യക്ഷൻമാർ : ധനകാര്യം, തദ്ദേശ സ്വയംഭരണം, ഭക്ഷ്യ - സിവിൽ സപ്ലൈസ് മന്ത്രിമാർ (3)

പ്രത്യേക ക്ഷണിതാവ് : പ്രതിപക്ഷ നേതാവ്

അംഗങ്ങൾ :

1. ചീഫ് സെക്രട്ടറി
2. ഡോ. ബി. ഇക്ബാൽ, മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്
3. ആസൂത്രണം, തദ്ദേശ സ്വയംഭരണം, ധനകാര്യം, സാമൂഹ്യ നീതി, വിവര സാങ്കേതിക വകുപ്പുകളുടെ അഡീഷണൽ സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ
4. ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ, മേയേഴ്സ് കൗൺസിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ മുതലായ സംഘടനകൾ നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധികൾ
5. സർക്കാരിന്റെ വികസന ഉപദേഷ്ടാവ്

മിഷൻ സെക്രട്ടറി : ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി

### സംസ്ഥാന മിഷന്റെ ചുമതലകൾ

1. മിഷൻ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും സുഗമമായ പ്രവർത്തനത്തിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക
2. വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഉദ്യോഗസ്ഥരുടെയും ഏകോപനം ഉറപ്പാക്കുക
3. സംസ്ഥാനതല കർമ്മസേന തയ്യാറാക്കുന്ന മിഷൻ ഡോക്യുമെന്റ് പരിശോധിച്ച് അംഗീകാരം നൽകുക
4. സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെ അധിക വിഭവ സമാഹരണത്തിനുള്ള സാധ്യതകൾ കണ്ടെത്തുക
5. മേൽനോട്ട - നിരീക്ഷണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക

6. അംഗീകൃത കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുക

7. മിഷൻ പ്രവർത്തനങ്ങൾക്ക് മികച്ച ആസൂത്രണ നിർവ്വഹണ സഹായം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക

മേൽപ്പറഞ്ഞ ചുമതലകൾ നിർവ്വഹിക്കുവാൻ വേണ്ടി മിഷന്റെ പ്രവർത്തന ഘടകങ്ങൾ, സംഘടനാ സംവിധാനങ്ങൾ എന്നിവയിൽ ക്രിയാത്മകമായ ഇടപെടലുകൾക്ക് മൂർത്തമായ രൂപം നൽകുകയും അവയ്ക്ക് അംഗീകാരം വാങ്ങി നടപ്പാക്കുകയും ചെയ്യുക.

## 2. ജില്ലാ മിഷൻ

സംസ്ഥാനതലത്തിൽ നാല് മിഷനുകൾ പ്രവർത്തിക്കുമെങ്കിലും ജില്ലാ തലത്തിൽ നാല് വികസന മിഷനുകൾക്കും വേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ മാത്രമേ ഉണ്ടാകുകയുള്ളു

അദ്ധ്യക്ഷൻ : ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി

അംഗങ്ങൾ :

1. ജില്ലയിൽ നിന്നുള്ള ലോക്സഭാ അംഗങ്ങൾ
2. രാജ്യസഭാ എം.പി.മാർ (നോഡൽ ജില്ലകളിൽ)
3. മേയർ
4. ജില്ലയിൽ നിന്നുള്ള എം.എൽ.എ.മാർ
5. മുനിസിപ്പൽ ചെയർ പേഴ്സൺമാരുടെ ചേമ്പർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ചെയർമാൻമാർ
6. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷന്റെ ജില്ലാ പ്രസിഡന്റും സെക്രട്ടറിയും
7. ഗ്രാമപഞ്ചായത്ത് ജില്ലാ അസോസിയേഷന്റെ പ്രസിഡന്റും സെക്രട്ടറിയും
8. ജില്ലാ പഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ
9. ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി
10. ജില്ലാ പ്ലാനിംഗ് ഓഫീസർ
11. പ്രിൻസിപ്പൽ കൃഷി ഓഫീസർ
12. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
13. ജില്ലയിലെ സീനിയർ എഞ്ചിനീയർ, ജലസേചനം
14. ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വ മിഷൻ
15. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
16. ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി)
17. ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിൽസാവകുപ്പ്
18. ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ
19. ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം
20. പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം
21. ജില്ലാ മിഷൻ കോ-ഓഡിനേറ്റർ, കുടുംബശ്രീ
22. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം

23. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)

24. 4 മിഷനുകളുടെയും ജില്ലാ കോ-ഓർഡിനേറ്റർമാർ

മിഷൻ സെക്രട്ടറി & ചീഫ് കോ-ഓർഡിനേറ്റർ : ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി.

## ജില്ലാ മിഷനുകളുടെ ചുമതലകൾ

1. മിഷൻ പ്രവർത്തനങ്ങൾ മേൽനോട്ടം വഹിക്കുകയും സുഗമമായ പ്രവർത്തനത്തിന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.
2. ഉദ്യോഗസ്ഥരുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കേന്ദ്രീകരിക്കുന്ന രീതിയിൽ ഏകോപനം ഉറപ്പാക്കുക.
3. ജില്ലാ ദൗത്യരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളും മറ്റ് ഏജൻസികളും ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.
4. നിലവാരം ഉയർത്തേണ്ട വിദ്യാലയങ്ങളെയും ആശുപത്രികളെയും നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുക.
5. അധിക വിഭവ സമാഹരണം (സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെ) ഉറപ്പാക്കുക.

## 3. മുനിസിപ്പാലിറ്റി / കോർപ്പറേഷൻതല മിഷൻ

മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ നാല് മിഷനുകൾക്കും വേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്

അദ്ധ്യക്ഷൻ : മുനിസിപ്പൽ ചെയർ പേഴ്സൺ/കേർപ്പറേഷൻ മേയർ

അംഗങ്ങൾ :
1. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാരും
2. ആസൂത്രണ സമിതി വൈസ് ചെയർ പേഴ്സൺ
3. സി.ഡി.എസുകളുടെ ചെയർ പേഴ്സൺമാർ
4. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനു വേണ്ടി രൂപീകരിക്കുന്ന ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും, വൈസ് ചെയർപേഴ്സൺമാരും, കൺവീനർമാരും (കൃഷി, ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം, ആരോഗ്യ, കുടിവെള്ളം - ശുചിത്വം, വിദ്യാഭ്യാസം)
5. ഐ.സി.ഡി.എസ് സൂപ്പർവൈസർ /അസിസ്റ്റന്റ് സി.ഡി,പി.ഒ/സി.ഡി.പി.ഒ

മിഷൻ സെക്രട്ടറി : മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി



### മുനിസിപ്പാലിറ്റി/കോർപറേഷൻതല മിഷന്റെ ചുമതലകൾ

1. നഗരസഭാ പ്രദേശത്തിന് വേണ്ടിയുള്ള പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
2. വിവിധ വകുപ്പുകളുടെയും ഉദ്യോഗസ്ഥരുടെയും ഏജൻസികളുടെയും സന്നദ്ധ പ്രവർത്തകരുടെയും പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഏകോപിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
3. മിഷൻ പ്രവർത്തനങ്ങൾ പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടേയും, വാർഷിക സമിതിയുടേയും ഭാഗമാക്കുന്നതിനുള്ള പ്രായോഗിക ശുപാർശകൾ ഭരണ സമിതിക്ക് നൽകുക.
4. മിഷൻ പ്രവർത്തനങ്ങൾ വർദ്ധിച്ച ജനപങ്കാളിത്തത്തോടെ ഏറ്റെടുക്കുന്നതിനും സാമൂഹ്യ-മത സംഘടനകൾ, പ്രവാസികൾ തുടങ്ങി സമസ്ത ജനവിഭാഗങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾക്ക് രൂപം നൽകുക, അധിക വിഭവ സമാഹരണം (സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെ) ഉറപ്പാക്കുക.

## 4. ബ്ലോക്ക് മിഷൻ

ബ്ലോക്ക് തലത്തിൽ ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്

അദ്ധ്യക്ഷൻ : ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്

അംഗങ്ങൾ :
1. ബ്ലോക്ക് പരിധിയിൽ നിന്നുള്ള എം.എൽ.എ.മാർ
2. ബ്ലോക്ക് പരിധിയിൽ നിന്നുള്ള ജില്ലാ പഞ്ചായത്ത് അംഗങ്ങൾ
3. ബ്ലോക്ക് പരിധിയിൽ നിന്നുള്ള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ
4. ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ
5. ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണ സമിതി വൈസ് ചെയർ പേഴ്സൺ

മിഷൻ സെക്രട്ടറി : ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

### ബ്ലോക്ക് തല മിഷന്റെ ചുമതലകൾ

1. ബ്ലോക്ക് തലത്തിൽ ഏകോപന/സംയോജന സാധ്യതകൾ ഉറപ്പാക്കുന്നതിനു വേണ്ടി രൂപീകരിക്കുന്ന റിസോഴ്സ് ടീമിന് മാർഗനിർദ്ദേശങ്ങൾ നൽകുക, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
2. ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങൾക്ക് സ്ഥാപനതല പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
3. ഗ്രാമ പഞ്ചായത്ത് പദ്ധതിയിൽ സംയോജിപ്പിച്ചു നടത്തേണ്ട സംസ്ഥാനതല പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും സംബന്ധിച്ച മാർഗരേഖ, നിർവ്വഹണ നിബന്ധനകൾ എന്നിവ തയ്യാറാക്കി പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും സംയോജനം ഉറപ്പാക്കുക.
4. മിഷൻ പ്രവർത്തനങ്ങൾ പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടേയും, വാർഷിക പദ്ധതിയുടെയും ഭാഗമാക്കുന്നതിനുള്ള പ്രായോഗിക ശുപാർശകൾ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിക്ക് നൽകുക.

## 5. ഗ്രാമപഞ്ചായത്തുതല മിഷൻ

ഗ്രാമപഞ്ചായത്തു തലത്തിൽ നാല് മിഷനുകൾക്കും വേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്

അദ്ധ്യക്ഷൻ : ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്

അംഗങ്ങൾ :
1. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ അംഗങ്ങൾ

2. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാരും
3. ആസൂത്രണ സമിതി വൈസ് ചെയർ പേഴ്സൺ
4. സി.ഡി.എസുകളുടെ ചെയർ പേഴ്സൺ
5. വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് വേണ്ടി രൂപീകരിക്കുന്ന ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും, വൈസ് ചെയർ പേഴ്സൺമാരും, കൺവീനർമാരും(കൃഷി, ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം,ആരോഗ്യം,കുടിവെള്ളം- ശുചിത്വം,വിദ്യാഭ്യാസം)
6. ഐ.സി.ഡി.എസ് സൂപ്പർവൈസർ/അസിസ്റ്റന്റ് സി.ഡി.പി.ഒ

മിഷൻ സെക്രട്ടറി : ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

### ഗ്രാമ മിഷന്റെ ചുമതലകൾ

1. ഗ്രാമ പഞ്ചായത്തിന് വേണ്ടിയുള്ള പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
2. വിവിധ വകുപ്പുകളുടെയും ഉദ്യോഗസ്ഥരുടെയും ഏജൻസികളുടെയും സന്നദ്ധ പ്രവർത്തകരുടെയും പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഏകോപിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
3. മിഷൻ പ്രവർത്തനങ്ങൾ പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടേയും, വാർഷിക സമിതിയുടേയും ഭാഗമാക്കുന്നതിനുള്ള പ്രായോഗിക ശുപാർശകൾ ഭരണ സമിതിക്ക് നൽകുക.
4. മിഷൻ പ്രവർത്തനങ്ങൾ വർദ്ധിച്ച ജനപങ്കാളിത്തത്തോടെ ഏറ്റെടുക്കുന്നതിനും സാമൂഹ്യ-മത സംഘടനകൾ, പ്രവാസികൾ തുടങ്ങി സമസ്ത ജന വിഭാഗങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾക്ക് രൂപം നൽകുക.
5. അധിക വിഭവ സമാഹരണം (സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെ) ഉറപ്പാക്കുക.

## സഹായ സംവിധാനങ്ങൾ/കർമ്മസേനകൾ

### 1. സംസ്ഥാനതല കർമ്മസേന

ചെയർപേഴ്സൺ : അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യം-കുടുംബക്ഷേമം

അംഗങ്ങൾ :
1. ഡയറക്ടർ, ആരോഗ്യം (കൺവീനർ)
2. ഡയറക്ടർ, ഭാരതീയ ചികിൽസാ വകുപ്പ്
3. ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്
4. ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
5. ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസം
6. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ



7. പഞ്ചായത്ത് ഡയറക്ടർ

8. നഗരകാര്യ ഡയറക്ടർ

9. എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ

10. ചീഫ്, സാമൂഹ്യ സേവന വിഭാഗം,സംസ്ഥാന ആസൂത്രണ ബോർഡ്

11. കൺസൾട്ടന്റുമാർ / റിസോഴ്സ് പേഴ്സൺമാർ

ജോയിന്റ് കൺവീനർ : സ്റ്റേറ്റ് മിഷൻ കോ-ഓർഡിനേറ്റർ, ആർദ്രം

### സംസ്ഥാനതല കർമ്മസേനയുടെ ചുമതലകൾ

#### പൊതു ചുമതലകൾ

1. മിഷന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുക, പ്രവർത്തന മാർഗരേഖ തയ്യാറാക്കുക, സാങ്കേതിക സഹായം നൽകുക മുതലായവ.
2. ദൗത്യരേഖ തയ്യാറാക്കുക.
3. സംസ്ഥാന മിഷന്റെ മേൽനോട്ടത്തിൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
4. വിവിധ തലങ്ങളിലുള്ള മിഷൻ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിച്ച് സുഗമമായ പ്രവർത്തന ങ്ങൾക്ക് വേണ്ട നടപടികൾ സ്വീകരിക്കുക.
5. മിഷൻ പ്രവർത്തനങ്ങൾക്ക് നിയോഗിക്കേണ്ടതായ സാങ്കേതിക വിദഗ്ദ്ധർ, കൺസൾട്ടന്റുമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവരെ കണ്ടെത്തി നിയോഗിക്കുന്നതിനുള്ള ശുപാർശ നൽകുക (ഇപ്ര കാരം നിയോഗിക്കുന്നതിന് എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം ആവശ്യമാണ്).
6. ജില്ലാതല കർമ്മസേനകളുടെയും റിസോഴ്സ് പേഴ്സൺമാരുടെയും കാര്യക്ഷമമായ പ്രവർത്തനം ഉറ പ്പാക്കുക, അവയെ ശാക്തീകരിക്കുക.
7. കൃത്യമായ ഇടവേളകളിൽ സംസ്ഥാനമിഷൻ യോഗങ്ങൾ ചേരുന്നതിന് നടപടി സ്വീകരിക്കുക.
8. സംസ്ഥാന മിഷന്റെ / എംപവേർഡ് കമ്മിറ്റിയുടെ / സർക്കാരിന്റെ അനുമതി ആവശ്യമായ സംഗതിക ളിൽ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുക.
9. മിഷൻ പ്രവർത്തനങ്ങൾ പൂർണ്ണമായി ഡോക്യുമെന്റേഷൻ നടത്തുക, ജില്ലാ തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നുവെന്ന് ഉറപ്പാക്കുക.
10. ഗവേഷണ - വികസന, പ്രൊഫഷണൽ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായം തദ്ദേശ സ്ഥാപന ങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കുക.
11. സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള വിദഗ്ദ്ധരുടെ സംഘത്തെ സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും കണ്ടെത്തി ചുമതല നിറവേറ്റുന്നതിന് പ്രാപ്തരാക്കുക.
12. തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുമായി അനുയോജ്യമായ സമന്വയവും ഏകോപനവും സാധ്യമാക്കുക.
13. മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചും നടത്തിപ്പു കാര്യങ്ങളെക്കുറിച്ചും ക്രമമായ ഇട വേളകളിൽ റിപ്പോർട്ടുകളും അവലോകന വിവരങ്ങളും സംസ്ഥാന മിഷനും എംപവേർഡ് കമ്മിറ്റിക്കും മിഷൻ മോണിറ്ററിംഗ് ടീമിനും സമർപ്പിക്കുക.

#### പ്രത്യേക ചുമതലകൾ

1. നിലവാരം ഉയർത്തേണ്ട ആരോഗ്യ, സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കുക.
2. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനുള്ള പ്രത്യേക നടപടികൾ

എടുക്കുക.

3. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന മരുന്നു ലഭ്യത ഉറപ്പാക്കുന്നതിന് സംവിധാനം ആവിഷ്കരിക്കുക.
4. ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുക.
5. ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾക്കും സേവനങ്ങൾക്കും നിലവാരം നിശ്ചയിക്കുക.
6. ആയുർവേദ ചികിൽസാരീതികളും പാരമ്പര്യ ചികിൽസാമേഖലകളും ശക്തിപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക.
7. രോഗികൾക്ക് ചികിൽസാ മാർഗരേഖ തയ്യാറാക്കുക.
8. നിർവ്വഹണ രീതി സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ രൂപീകരിക്കുക.

## 2. ജില്ലാതല കർമ്മസേന

ചെയർപേഴ്സൺ : ജില്ലാ കളക്ടർ

അംഗങ്ങൾ :
1. ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) - കൺവീനർ
2. ജില്ലാ പ്ലാനിംഗ് ഓഫീസർ
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഭാരതീയ ചികിൽസാ വകുപ്പ്)
4. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ)
5. ജില്ലാ പ്രോഗ്രാം മാനേജർ, എൻ.എച്ച്.എം
6. ജില്ലാ ആശുപത്രി സൂപ്രണ്ടുമാർ
7. റിസോഴ്സ് പേഴ്സൺമാർ

ജോയിന്റ് കൺവീനർ : ജില്ലാ കോ-ഓർഡിനേറ്റർ, ആർദ്രം

### ജില്ലാതല കർമ്മസേനകളുടെ ചുമതലകൾ

#### പൊതു ചുമതലകൾ

1. ജില്ലാ മിഷന്റെ മേൽ നോട്ടത്തിൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
2. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ ക്രോഡീകരിച്ച് ജില്ലാ ദൗത്യരേഖ തയ്യാറാക്കുക.
3. ജില്ലയിലെ മിഷൻ പ്രവർത്തനങ്ങൾ കൃത്യമായി അവലോകനം ചെയ്ത് സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ട നടപടി സ്വീകരിക്കുക.
4. സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള വിദഗ്ദ്ധരുടെ ജില്ലാതല സംഘത്തെ കണ്ടെത്തി ചുമതല നിറവേറ്റുന്നതിന് പ്രാപ്തരാക്കുക.
5. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം ആവശ്യമായി വരുന്ന സന്ദർഭത്തിൽ വിദഗ്ദ്ധരുടെ സംഘത്തിൽ നിന്നോ ഗവേഷണ വികസന, പ്രൊഫഷണൽ സ്ഥാപനങ്ങളിൽ നിന്നോ അനുയോജ്യരായവരുടെ സേവനം യഥാസമയം ലഭ്യമാക്കുക.
6. ജില്ലാ മിഷന്റെ ജില്ലാ ആസൂത്രണ സമിതിയുടെ / ജില്ലാ കളക്ടറുടെ ഇടപെടൽ ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുക.
7. സംസ്ഥാന തലത്തിൽ തീരുമാനം ആവശ്യമായ സംഗതികളിൽ അതിനുവേണ്ട പ്രോപ്പോസൽ തയ്യാറാക്കി സമർപ്പിക്കുക.
8. മിഷൻ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് പൂർണ്ണമായി ഡോക്യുമെന്റ് ചെയ്യുക. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുക.

9. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെയും റിസോഴ്സ് പേഴ്സൺമാരുടെയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുക, അവയെ ശാക്തീകരിക്കുക.

10. മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചും നടത്തിപ്പ് കാര്യങ്ങളെക്കുറിച്ചും ക്രമമായ ഇടവേളകളിൽ റിപ്പോർട്ടുകളും അവലോകന വിവരങ്ങളും ജില്ലാ മിഷനും ജില്ലാ ആസൂത്രണ സമിതിക്കും സംസ്ഥാനതല കർമ്മ സേനക്കും മിഷൻ മോണിറ്ററിംഗ് ടീമിനും സമർപ്പിക്കുക.

**പ്രത്യേക ചുമതലകൾ**

1. ഏറ്റവും കൂടുതൽ രോഗികൾ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികൾ ജില്ലാ മിഷന്റെ അംഗീകാരത്തോടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കുക.
2. തെരഞ്ഞെടുത്ത ആശുപത്രികളുടെ സ്ഥലസൗകര്യം പരിശോധിക്കുകയും ആവശ്യമായ മുന്നൊരുക്കങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

## 3. ഗ്രാമ / ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളിലെ കർമസേന

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കർമസേനകൾ വാർഷിക പദ്ധതി ആസൂത്രണത്തിന് വേണ്ടി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കുന്ന ആരോഗ്യ മേഖലാ വർക്കിംഗ് ഗ്രൂപ്പ് ആർദ്രം മിഷന്റെ കർമസേനയായി പ്രവർത്തിക്കേണ്ടതാണ്. ആർദ്രം മിഷനു കീഴിൽ പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാരെ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തേണ്ടതാണ്.

**ഗ്രാമ / ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും**

**കർമസേനകളുടെ ചുമതലകൾ**

1. വിവര ശേഖരണത്തിന് വേണ്ട സാങ്കേതിക സഹായം നൽകുക.
2. മിഷനുകളുടെ ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ വ്യക്തമായി നിർണയിക്കുക.
3. ഗ്രാമപഞ്ചായത്ത് പ്രദേശത്തിനും നഗരസഭാ പ്രദേശത്തിനും വേണ്ടിയുള്ള പദ്ധതി തയ്യാറാക്കുക (ഗ്രാമ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും വർക്കിംഗ് ഗ്രൂപ്പുകളാണ് ഈ ചുമതല നിറവേറ്റേണ്ടത്).
4. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്കും സ്കൂളുകൾക്കും സ്ഥാപനതല പദ്ധതി തയ്യാറാക്കി അവയെ തദ്ദേശ സ്ഥാപന തലത്തിൽ ക്രോഡീകരിക്കുക.
5. സംയോജിത പദ്ധതിയെ അടിസ്ഥാനമാക്കിയുള്ള പ്രോജക്ടുകൾ അതത് തലങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെയും വാർഷിക പദ്ധതിയുടെയും ഭാഗമാക്കുന്നതിനുള്ള ശുപാർശ നൽകുക.
6. തദ്ദേശ ഭരണ സ്ഥാപനത്തിന് സാങ്കേതിക സഹായം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ജില്ലാതല കർമ്മസേന മുഖേന സേവനം ലഭ്യമാക്കുക.
7. മിഷന്റെ/തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഇടപെടൽ ആവശ്യമായി വരുന്ന വിഷയത്തിൽ പരിഹാര നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സമിതികളുടെ പരിഗണനയ്ക്ക് സമർപ്പിക്കുക.
8. ജില്ലാ/സംസ്ഥാനതലത്തിൽ തീരുമാനം ആവശ്യമായി വരുന്ന സംഗതികളിൽ അതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപനം മുഖേന സമർപ്പിക്കുക.
9. മിഷൻ പ്രവർത്തനങ്ങൾ പൂർണ്ണമായി ഡോക്യുമെന്റ് ചെയ്യുക.
10. മിഷൻ സംബന്ധമായ വിവരങ്ങൾ യഥാസമയം ഭരണ സമിതിക്ക് റിപ്പോർട്ട് ചെയ്യുക.

മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചും നടത്തിപ്പു കാര്യങ്ങളെക്കുറിച്ചും ക്രമമായ ഇടവേളകളിൽ റിപ്പോർട്ടുകളും അവലോകന വിവരങ്ങളും ജില്ലാതല കർമ്മ സേനക്കും ജില്ലാ ആസൂത്രണ സമിതിക്കും സമർപ്പിക്കുക.

# അദ്ധ്യായം - 9

# പ്രവർത്തന സമീപനം

ആർദ്രം മിഷന്റെ നടത്തിപ്പ് ചുമതല സംസ്ഥാന ആരോഗ്യ വകുപ്പിനാണ്. ആരോഗ്യ വകുപ്പിലെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും സാങ്കേതിക വിദഗ്ദ്ധരുടെ നേതൃത്വത്തിലാണ് മിഷൻ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. ദേശീയ ആരോഗ്യ ദൗത്യം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തിലാണ് മിഷൻ പരിപാടികൾ നടപ്പിലാക്കുന്നത്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ (KMSCL) മരുന്നുകളുടെയും ആശുപത്രി ഉപകരണങ്ങളുടെയും വാങ്ങലും ലഭ്യതയും ഉറപ്പു വരുത്തുന്നു. ആശുപത്രി വികസന സമിതികളും വാർഡ് ഹെൽത്ത് സാനിട്ടേഷൻ കമ്മിറ്റികളും വഴി പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തുന്നു. ആരോഗ്യവുമായി ബന്ധപ്പെട്ട സാമൂഹ്യനീതി, വനിതാ-ശിശു വികസനം, വിദ്യാഭ്യാസം, പട്ടിക വർഗ്ഗ വികസനം, കൃഷി, മൃഗസംരക്ഷണം, തൊഴിൽ, പൊതുമരാമത്ത്, ജലവിഭവം തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളും ആർദ്രം മിഷൻ ലക്ഷ്യമിടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾക്കുള്ള പരിശീലനങ്ങളും, ടീം ട്രെയിനിംഗുകളും 'കില' യുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.

ഒരു പഞ്ചായത്തിൽ ഒരു കുടുംബാരോഗ്യ കേന്ദ്രം, താലൂക്കിൽ ഒരു അടിസ്ഥാന സ്പെഷ്യാലിറ്റികളുള്ള താലൂക്ക് ഹോസ്പിറ്റൽ, ജില്ലാ തലത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യത്തോടു കൂടിയ ഹോസ്പിറ്റൽ എന്നിവയാണ് ആർദ്രം വിഭാവനം ചെയ്യുന്നത്. പഞ്ചായത്ത്, താലൂക്ക്, ജില്ലാ തലങ്ങളിലുള്ള ആശുപത്രികളിൽ സേവനങ്ങളും സൗകര്യങ്ങളും ഏകീകരിക്കുകയും ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യും.

## നടത്തിപ്പു പ്രക്രിയ

1. പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക.
2. ആവശ്യമുള്ള സ്റ്റാഫിനെ ക്രമീകരിക്കുക/നിയമിക്കുക.
3. വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതിയെ ശക്തിപ്പെടുത്തുക.
4. നൈപുണ്യ വികസനത്തിന് തുടർ പരിശീലനങ്ങൾ സംഘടിപ്പിക്കുക.
5. ആരോഗ്യ സന്നദ്ധ പ്രവർത്തകരെ വാർത്തെടുക്കുക വഴി ഹെൽത്ത് സർവീസസിലെ മൾട്ടി പർപ്പസ് വർക്കർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കാനുള്ള സാഹചര്യം ഒരുക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.
6. സബ്സെന്റർ ശാക്തീകരിക്കുക.
7. പഞ്ചായത്തുതല, ബ്ലോക്ക്, ജില്ലാതല റിവ്യൂ മീറ്റിംഗുകൾ ശക്തിപ്പെടുത്തുക, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയെ പുനരുജ്ജീവിപ്പിക്കുക.
8. കുറ്റമറ്റ റഫറൽ സംവിധാനങ്ങൾ ക്രമീകരിക്കുക.
9. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്നതും പ്രഖ്യാപിക്കപ്പെട്ടിട്ടുമുള്ള ആരോഗ്യ ഇൻഷുറൻസ് പരിപാടികളും (RSBY- CHIS), മറ്റ് ചികിൽസാധനസഹായ സ്കീമുകളും, രോഗികൾക്കും കുടുംബങ്ങൾക്കും പരമാവധി പ്രയോജനപ്പെടുത്താനാവശ്യമായ നടപടികളെടുക്കുക.
10. ആരോഗ്യജാഗ്രത - പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ ബോധവൽക്കരണ പരിപാടി പ്രാവർത്തികമാക്കുക.



## നൈപുണ്യ വികസനം

ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ ചികിൽസാ നൈപുണ്യം, രോഗീ സമീപനം എന്നിവയ്ക്കു ആർദ്രം പദ്ധതിയുടെ ലക്ഷ്യ സാധ്യത്തിന് വലിയ പങ്കുണ്ട്. ഇതിനായി ഓരോ ജില്ലയിലും ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് ജില്ലാ ട്രെയിനിംഗ് സെന്റർ ആവിഷ്കരിക്കുന്നുണ്ട്. പ്രായോഗിക പരിശീലനത്തിനാണ് പ്രസ്തുത ട്രെയിനിംഗ് സെന്ററുകൾ പ്രാധാന്യം നൽകുന്നത്. ഇതിന്റെ നടത്തിപ്പിനായി ഒരു ജില്ലാ ട്രെയിനിംഗ് കോ-ഓർഡിനേറ്റർ, 5 ഡോക്ടർമാരടങ്ങുന്ന ഒരു ക്രൈസിസ് മാനേജ്മെന്റ്ടീം എന്നിവയും ക്രമീകരിക്കുന്നുണ്ട്. ഡോക്ടർമാർക്കായി ഈ സെന്ററിലൂടെ ട്രോമാ കെയർ ട്രെയിനിംഗ്, ഫാമിലി മെഡിസിൻ ട്രെയിനിംഗ്, ഡയബറ്റിസ് മാനേജ്മെന്റ് ട്രെയിനിംഗ് , ക്രോണിക് ഇൽനെസ് മാനേജ്മെന്റ് ട്രെയിനിംഗ് എന്നിവ സംഘടിപ്പിക്കുന്നുണ്ട്. ഇതിലേക്കായി ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, War Wick Coventry University എന്നീ അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന ഏജൻസികളുമായി ഇതിനകം ചർച്ച നടത്തിക്കഴിഞ്ഞു.

നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ നൈപുണ്യ വികസനം വളരെയധികം പ്രാധാന്യമർഹിക്കുന്നതാണ്. ഇക്കൂട്ടർ ആരോഗ്യ കേന്ദ്രങ്ങളിൽ വരുന്ന രോഗികളോട് സൗമ്യമായി പെരുമാറുകയും ഡോക്ടറെ സമീപിക്കുന്നതിനുമുൻപ് രോഗിക്ക് പ്രീ ചെക്കപ് നടത്തുകയും വേണം. ആരോഗ്യ പോഷണ, പ്രതിരോധ, പുനരധിവാസ സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ പാരാമെഡിക്കൽ സ്റ്റാഫായ ഫീൽഡ് ജീവനക്കാർ (JHI, JPHN), ലാബ് ടെക്നീഷ്യൻസ്, ഫാർമസിസ്റ്റ് എന്നിവർക്ക് കൃത്യമായ പരിശീലനം നൽകേണ്ടതാണ്. സമൂഹത്തിലെ ആരോഗ്യ പോഷണ, പ്രതിരോധ പ്രവർത്തനങ്ങളുടെ ചുമതല ഫീൽഡ് ജീവനക്കാർക്കാണ്. ഇതിനുള്ള പരിശീലനങ്ങൾ പ്രത്യേകമായി അവർക്ക് നൽകേണ്ടതാണ്. മൈനർ പ്രൊസീജിയറുകളിൽ പാരാ മെഡിക്കൽ സ്റ്റാഫിന്റെ മോണിറ്ററിംഗും പാലിയേറ്റീവ് കെയറിൽ നടക്കുന്ന നഴ്സിംഗ് കെയറിന്റെ മോണിറ്ററിംഗും നടത്തേണ്ടതാണ്. ആരോഗ്യ സ്ഥാപനങ്ങളും പൊതു സമൂഹവും തമ്മിലുള്ള സഹകരണം പരസ്പരം ഗുണകരമാകുന്ന തരത്തിൽ ആശയ വിനിമയവും ഇടപെടലുകളും നടത്തുന്നതിന് ആരോഗ്യ സ്ഥാപനങ്ങളിലെ മേധാവികൾക്കും ജീവനക്കാർക്കും നേതൃത്വ പാടവം വളർത്തിയെടുക്കുവാനാവശ്യമായ പരിശീലനവും നൽകുന്നതാണ്.

## നഴ്സിംഗ് രംഗത്ത് നൈപുണ്യവികസനവും മനുഷ്യ വിഭവശേഷി വർദ്ധനവും

കുടുംബാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക്, ജില്ലാ/ജനറൽ ആശുപത്രികളിലെ സ്റ്റാഫ് നഴ്സുമാരുടെ ചികിൽസാ നൈപുണികളും ആശയവിനിമയ ശേഷികളും വികസിപ്പിക്കുവാനുള്ള പരിശീലനം നൽകിവരുന്നു. രോഗികളുടെ പ്രാരംഭഘട്ട പരിശോധന, വനിതകൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും ലഭ്യമായ ആരോഗ്യ സേവനങ്ങൾ, മാനസികാരോഗ്യ സേവനങ്ങൾ, ശ്വാസ്, ആശ്വാസം ക്ലിനിക്കുകൾ, കൗൺസലിംഗ് സേവനങ്ങൾ, വയോജനങ്ങൾ, ട്രാൻസ്ജെന്റർ തുടങ്ങിയവർക്കുള്ള സേവനങ്ങൾ എന്നിവ നൽകുവാനാവശ്യമായ നൈപുണികൾ വികസിപ്പിക്കുവാൻ പരിശീലനം നൽകും. സ്റ്റാഫ് നഴ്സ് ഒരു നല്ല കൗൺസിലറായി പ്രവർത്തിക്കണം. ഡയബറ്റിക് മാനേജ്മെന്റ് കെയർ, ട്രോമ മാനേജ്മെന്റ് കെയർ, ക്രോണിക് ഇൽനെസ് മാനേജ്മെന്റ് മുതലായ മേഖലകളിലുള്ള നഴ്സിംഗ് നൈപുണ്യം ഊട്ടിയുറപ്പിക്കുന്നത് ജില്ലാ ട്രെയിനിംഗ് കേന്ദ്രങ്ങളിലൂടെയാണ്. രോഗികളോടും കൂട്ടിരിപ്പുകാരോടും വ്യക്തവും കൃത്യവുമായ വിവരങ്ങൾ കൈമാറാനും സൗഹാർദ്ദപരമായി പെരുമാറാനും ആവശ്യമായ ആശയവിനിമയ ശേഷികൾ വികസിപ്പിക്കാനുള്ള പ്രത്യേക പരിശീലനം നൽകുന്നതാണ്.

കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒന്നിന് പകരം 4 സ്റ്റാഫ് നഴ്സുമാരെ നിയമിച്ച് പ്രീചെക്ക്, പോസ്റ്റ് ചെക്ക്, കൗൺസലിംഗ്, സ്ഥാപനതല സന്ദർശനം, പുനരധിവാസം തുടങ്ങിയ മേഖലകളിൽ പ്രത്യേക പരിശീലനം നൽകി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും. ശ്വാസ്, ആശ്വാസം ക്ലിനിക്കുകളുടെ പ്രധാന ഉത്തരവാദിത്തം നഴ്സുമാർക്കായിരിക്കും.

## മാനവ വിഭവശേഷി വർദ്ധന

- തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾക്കുള്ള പരിശീലനം - സംസ്ഥാനതലത്തിൽ.
- ആർദ്രത്തിന്റെ ആശയത്തിലൂന്നിയുള്ള പരിശീലനം - സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും.
- ആശുപത്രി സൂപ്രണ്ടുമാർക്കുള്ള അഡ്മിനിസ്ട്രേറ്റീവ് പരിശീലനം - സംസ്ഥാന തലത്തിൽ.
- എല്ലാ വിഭാഗത്തിലെ ജീവനക്കാർക്കും സാങ്കേതിക പരിശീലനം - ജില്ലാ തലത്തിൽ.
- ടീം ബിൽഡിംഗ് ട്രെയിനിംഗ്: തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരെയും ഉൾപ്പെടുത്തിസംസ്ഥാനതലത്തിലും സ്ഥാപന തലത്തിലും.
- ഇൻഫക്ഷൻ കൺട്രോൾ ട്രെയിനിംഗ് - ജില്ലാ തലത്തിലും സ്ഥാപന തലത്തിലും.
- ഡോക്ടർമാർക്കും നഴ്സുമാർക്കും പ്രായോഗിക പരിശീലനം (Hands on Training ) – സംസ്ഥാനതലത്തിലും ജില്ലാതലത്തിലും.

## കൈപുസ്തകങ്ങൾ തയ്യാറാക്കൽ

- വിവിധ വിഭാഗങ്ങളിലെ ജീവനക്കാർക്ക് വേണ്ടി അവരുടെ ജോലികളും ഉത്തരവാദിത്തങ്ങളും പ്രതിപാദിക്കുന്ന കൈപുസ്തകങ്ങൾ.
- ചികിൽസാ മാർഗരേഖകൾ - ഡോക്ടർമാർക്ക് വേണ്ടി.
- ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി/കോർപറേഷനുകൾക്കും ആരോഗ്യ അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള കൈപുസ്തകങ്ങൾ.

## വിവിധ വിഭാഗം ജീവനക്കാരുടെ തൊഴിൽപരമായ ചുമതലകൾ പുന:നിർവ്വചിക്കൽ

കേരള ജനതയുടെ ആരോഗ്യ ആവശ്യങ്ങൾ തൃപ്തികരമായി പരിഹരിക്കാനും ഇടപെടാനും കഴിയുന്ന രീതിയിൽ, വിവിധവിഭാഗം ജീവനക്കാരുടെ തൊഴിൽപരമായ ചുമതലകൾ (Job Responsibilities) പുന:നിർവ്വചിക്കേണ്ടതാണ്. ഇതിനുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്.

## ആയുഷ് പരിപാടികളും ആർദ്രം മിഷനും

ആയുർവേദ, ഹോമിയോ ചികിൽസാ കേന്ദ്രങ്ങൾ രോഗീസൗഹൃദമാക്കുകയും പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ജനങ്ങളുടെ ആരോഗ്യാവശ്യങ്ങൾ പരിഹരിക്കുന്ന രീതിയിൽ ഏകോപിപ്പിക്കുന്നതുമാണ്. വയോജന ആരോഗ്യം, മാതൃശിശു ആരോഗ്യം, ജീവിതശൈലീ രോഗങ്ങൾ എന്നിവയിൽ ആയുഷ് വിഭാഗത്തിന്റെ സേവനം കൂടുതൽ പ്രയോജനപ്പെടുത്തും.






ചിത്രം 6: ആർദ്രം മിഷൻ - വിവിധ മേഖലകളുടെ ഒത്തുചേർന്ന പ്രവർത്തനം



# അദ്ധ്യായം - 10

# ആദിവാസികളുടെ ആരോഗ്യം

ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, അനീമിയ, പോഷകാഹാരക്കുറവ് എന്നീ കാര്യങ്ങളിൽ സംസ്ഥാന ശരാശരിയേക്കാൾ മോശമായ അവസ്ഥയിലാണ് ആദിവാസി വിഭാഗം. കുടിവെള്ളം, പാർപ്പിടം, സ്ഥിരമായ തൊഴിലും വരുമാനവും ഇല്ലായ്മ, വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തതകൾ, ചികിൽസാ കേന്ദ്രങ്ങളിൽ എത്തിപ്പെടാനുള്ള ബുദ്ധിമുട്ടുകളും വിമുഖതയുമൊക്കെ ഈ മോശമായ ആരോഗ്യ സ്ഥിതിക്ക് വലിയ തോതിൽ കാരണമാകുന്നുണ്ട്.

ആദിവാസി മേഖലയിലുള്ള കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിലെ ചികിൽസാ സൗകര്യങ്ങളും സേവനദാതാക്കളുടെ എണ്ണവും വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കും. നവജാത ശിശുപരിചരണം, മാതൃശിശു ആരോഗ്യ പരിചരണം, കൗമാര ആരോഗ്യ പരിചരണം, പകർച്ചവ്യാധി നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയെല്ലാം ഫലപ്രദമായി പ്രവർത്തിക്കുന്ന രീതിയിൽ ഊര്, കുടിതല ആശമാരെ പ്രത്യേക പരിശീലനം നൽകി നിയോഗിക്കും. ഫീൽഡ്തല പ്രവർത്തകർ, ആശ, അംഗൻവാടി, കുടുംബശ്രീ പ്രവർത്തകർ, ട്രൈബൽ പ്രൊമോട്ടർമാർ, മറ്റ് സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.

## ആദിവാസി ആരോഗ്യ പരിപാടി

ആദിവാസി ജനവിഭാഗം കേരളത്തിലെ ആകെ ജനസംഖ്യയുടെ ഏകദേശം രണ്ട് ശതമാനം വരും. 35 വിവിധ വിഭാഗങ്ങളായാണ് ആദിവാസി ജനവിഭാഗം ഉള്ളത്. സംസ്ഥാനത്തെ പൊതു ആരോഗ്യ സൂചികകളുമായി തട്ടിച്ചു നോക്കുമ്പോൾ പല ആദിവാസി വിഭാഗങ്ങളുടെയും ആരോഗ്യ സൂചകങ്ങൾ മോശമായ നിലയിലാണുള്ളത്. മാതൃ മരണം, ശിശു മരണം, അനീമിയ, നവജാത ശിശുക്കളിലെ തൂക്കക്കുറവ്, പോഷകാഹാരക്കുറവ്, പകർച്ചവ്യാധികൾ, സിക്കിൾസെൽ അനീമിയ തുടങ്ങിയ കാര്യങ്ങളിൽ ആദിവാസി മേഖല പ്രത്യേക പരിഗണന അർഹിക്കുന്നു. പാർപ്പിടം, കുടിവെള്ളം, പോഷണം, സ്ഥിര തൊഴിലും വരുമാനവും തുടങ്ങിയ ആരോഗ്യത്തെ നിർണ്ണയിക്കുന്ന സാമൂഹ്യഘടകങ്ങളിലെ കുറവുകൾ ഇവരുടെ മോശമായ ആരോഗ്യ സ്ഥിതിക്ക് കാരണമാകുന്നുണ്ട്. ആദിവാസി ജനവിഭാഗത്തിന്റെ 22% വസിക്കുന്നത് വനപ്രദേശങ്ങളിലാണ്. സഞ്ചാര സൗകര്യങ്ങളുടെ അഭാവം, സ്ഥിരമായി ഒരു സ്ഥലത്ത് വസിക്കാത്ത ചില വിഭാഗങ്ങളുടെ രീതി, ആരോഗ്യ സേവനങ്ങളും ചികിൽസയും സ്വീകരിക്കുവാനുള്ള വിമുഖത ഇവയൊക്കെ ആരോഗ്യ പരിപാടികൾ നടപ്പിലാക്കുന്നതിൽ പലപ്പോഴും തടസ്സം സൃഷ്ടിക്കാറുണ്ട്.

ആദിവാസി ജനവിഭാഗത്തിന്റെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുവാനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

### 1. മൊബൈൽ മെഡിക്കൽ ക്യാമ്പുകൾ

വിദൂരത്തുള്ളതും എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ളതുമായ ആദിവാസി കോളനികളിൽ ആരോഗ്യ സേവനങ്ങളും ചികിൽസയും ലഭ്യമാക്കുവാനായി 31 ആദിവാസി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. 13 മൊബൈൽ യൂണിറ്റുകൾ ആരോഗ്യ വകുപ്പും 18 എണ്ണം ദേശീയ ആരോഗ്യ ദൗത്യവുമാണ് നടപ്പിലാക്കുന്നത്. മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് തുടങ്ങിയവർ മൊബൈൽ മെഡിക്കൽ യൂണിറ്റിൽ ഉണ്ടായിരിക്കും. ഫീൽഡ് വിഭാഗം ജീവനക്കാരും സൂപ്പർവൈസർമാരും ക്യാമ്പിന് വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ആദിവാസി വിഭാഗങ്ങളിൽ ഉള്ളവരെ ക്യാമ്പിലെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. സാധാരണ രോഗങ്ങൾക്കുള്ള ചികിൽസ, ഗർഭിണികൾക്കും അമ്മ

മാർക്കുമുള്ള സേവനങ്ങൾ, പ്രതിരോധ കുത്തിവയ്പ്, പകർച്ചവ്യാധികളുടെ നിയന്ത്രണവും പ്രതിരോധവും തുടങ്ങിയവ ഈ ക്യാമ്പുകളിൽ നൽകും. ഭക്ഷണ ശുചിത്വം, പരിസര ശുചിത്വം, വ്യക്തി ശുചിത്വം, കുടിവെള്ള ശുചിത്വം തുടങ്ങിയ കാര്യങ്ങളിൽ ആരോഗ്യ ബോധവൽക്കരണവും ഈ ക്യാമ്പുകളിൽ നടത്തും. ക്യാമ്പുകളുടെ പ്രവർത്തനം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്.

### 2. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

ആദിവാസികൾക്ക് സമഗ്രമായ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണത്തോടെയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നത്. ആശുപത്രികളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾക്ക് പുറമേ ആവശ്യമായി വരുന്ന മരുന്നുകൾ ലഭ്യമാക്കൽ, ലാബ് പരിശോധനാ ചെലവുകൾ, രോഗിയെയും കൂട്ടിരിപ്പുകാരെയും വീട്ടിൽ നിന്ന് ആശുപത്രിയിലേക്കും തിരിച്ച് ആശുപത്രിയിൽ നിന്നും വീട്ടിലേക്കും എത്തിക്കൽ തുടങ്ങിയ ചെലവുകൾക്കാണ് ഈ തുക വിനിയോഗിക്കുന്നത്. സമയബന്ധിതമായി ഫണ്ട് ലഭ്യമാക്കി എല്ലാ ആദിവാസികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന രീതിയിൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

### 3. ജാതക് ജനനി

ഗർഭിണികളുടെയും 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെയും ആരോഗ്യനിലവാരം രേഖപ്പെടുത്തുവാനും വിലയിരുത്തുവാനുമായി ജാതക് ജനനി എന്ന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ട്.

### 4. പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ

തീവ്രമായ പോഷകാഹാരക്കുറവ് ഉള്ള കുട്ടികൾക്കായി പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കുന്നുണ്ട്. അംഗൻവാടികൾ വഴിയും പോഷകാഹാര പദ്ധതികൾ നടപ്പിലാക്കി വരുന്നു.

### 4. സിക്കിൾസെൽ അനീമിയ

സിക്കിൾ സെൽ അനീമിയ രോഗം കണ്ടുവരുന്ന വയനാട് ജില്ല, പാലക്കാട് ജില്ലയിലെ അട്ടപ്പാടി, മലപ്പുറം ജില്ലയിലെ നിലമ്പൂർ എന്നിവിടങ്ങളിൽ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സഹായത്തോടെ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രത്യേക ചികിൽസാ പരിപാടി നടത്തി വരുന്നു. പുതിയ സിക്കിൾസെൽ അനീമിയ രോഗികളെ കണ്ടെത്തി ചികിൽസ നൽകുവാനും രോഗികൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുവാനും ഈ പരിപാടി സഹായിക്കുന്നു.



## അട്ടപ്പാടി

പ്രത്യേക പരിഗണന അർഹിക്കുന്ന അട്ടപ്പാടി മേഖലയിൽ ആരോഗ്യ സേവനങ്ങൾ ശക്തിപ്പെടുത്താനായി വിവിധ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു.

- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ ചികിൽസാ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ജനിക്കുന്ന തൂക്കക്കുറവുള്ള കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനായി ഉപകരണങ്ങൾ ലഭ്യമാക്കുകയും, ഡോക്ടർമാർക്കും നഴ്സുമാർക്കും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.
- നവജാത ശിശു ഐ.സി.യു. സ്ഥാപിച്ചിട്ടുണ്ട്.
- ഇവിടെ രക്ത സംഭരണ യൂണിറ്റും അൾട്രാസൗണ്ട് സ്കാനിംഗും ആരംഭിച്ചു.
- വീട്ടിൽ വച്ചുള്ള പ്രസവം ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.
- തൂക്കം കുറഞ്ഞ കുട്ടികളുള്ള ഗർഭിണികളെ ആറാം മാസത്തിൽ തന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് അവർക്കു വേണ്ട പോഷകാഹാരം നൽകുകയും ചെയ്തു വരുന്നു.
- ഡിസ്ചാർജാകുന്ന കുട്ടികളെ കൃത്യമായ ഇടവേളകളിൽ സന്ദർശിച്ച് ചികിൽസയും സേവനവും നൽകുന്നു.

## പിന്നോക്ക ആദിവാസി മേഖലകളിൽ പ്രത്യേക ആരോഗ്യ വോളണ്ടിയർമാർ

വയനാട്, കണ്ണൂർ, ഇടുക്കി ജില്ലകളിൽ നിന്നും 200-ഓളം ആദിവാസി സമൂഹത്തിൽപെട്ട ആരോഗ്യ വോളണ്ടിയർമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്.

- പ്രത്യേക പദ്ധതികൾ കൂടാതെ ജെ.എസ്.എസ്.കെ, ആർ.ബി.എസ്.കെ, ആരോഗ്യ കിരണം തുടങ്ങിയ എല്ലാ പദ്ധതികളുടെയും സേവനം ആദിവാസി വിഭാഗങ്ങൾക്കും ലഭ്യമാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികവർഗ്ഗ ക്ഷേമം, കൃഷി, സാമൂഹിക നീതി, വനം തുടങ്ങിയ വകുപ്പുകളും ആശ, കുടുംബശ്രീ, വിവിധ സന്നദ്ധ സംഘടനകൾ, ഊരുകൂട്ടം ഇവയും ഏകോപിപ്പിച്ചുകൊണ്ട് ആരോഗ്യ പരിപാടികൾ നടപ്പിലാക്കുന്നു.
- ആദിവാസി മേഖലയിലുള്ള ആശുപത്രികൾ, പ്രാഥമിക, സാമൂഹ്യ കുടുംബാരോഗ്യ കേന്ദ്രങ്ങൾ, ഉപകേന്ദ്രങ്ങൾ, അംഗൻവാടികൾ ഇവ ശക്തിപ്പെടുത്തിക്കൊണ്ടും ആരോഗ്യ സേവനങ്ങൾ ആദിവാസി സൗഹൃദമായ രീതിയിൽ മാറ്റിക്കൊണ്ടുമാണ് ആദിവാസി ആരോഗ്യ പരിപാടി നടപ്പിലാക്കുന്നത്.



# അദ്ധ്യായം - 11

# പാർശ്വവൽക്കരിക്കപ്പെട്ട മറ്റ് വിഭാഗങ്ങൾ

## തീരദേശവാസികൾ

അധിവസിക്കുന്ന പ്രദേശത്തിന്റെ പ്രത്യേകതകൾ കൊണ്ടും വിവിധ സാമൂഹ്യ ഘടകങ്ങളാലും പ്രത്യേക പരിഗണന അർഹിക്കുന്ന മേഖലയാണ് തീരദേശ മേഖല.

- തീരദേശ മേഖലയിൽ സ്ഥിതി ചെയ്യുന്ന ആശുപത്രികളിലെയും സാമൂഹ്യ, പ്രാഥമിക, കുടുംബാരോഗ്യ കേന്ദ്രങ്ങളിലെയും ഭൗതികസാഹചര്യവും ചികിൽസാ സൗകര്യങ്ങളും മെച്ചപ്പെടുത്തും. ലാബ് സൗകര്യങ്ങൾ ആധുനീകരിക്കുകയും കൂടുതൽ പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യും. ഫാർമസി നവീകരിക്കുകയും മുടക്കം കൂടാതെ മരുന്നുകൾ ലഭ്യമാക്കുകയും ചെയ്യും.
- തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റു വകുപ്പുകളുടെ സഹായത്തോടു കൂടി പാർപ്പിടം, ശുദ്ധമായ കുടിവെള്ളം, ടോയ്‌ലറ്റുകൾ, മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ ഇവ ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.
- കൊതുകുജന്യ രോഗങ്ങളായ മലമ്പനി, ഡെങ്കിപ്പനി, ചിക്കൻഗുനിയ തുടങ്ങിയ രോഗങ്ങളും ജലജന്യ രോഗങ്ങളായ വയറിളക്കം, കോളറ, മഞ്ഞപ്പിത്തം തുടങ്ങിയവയുടെ നിയന്ത്രണത്തിനും പ്രതിരോധത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കും.



- പകർച്ചേതരവ്യാധികളുടെ ചികിൽസ ലഭ്യമാക്കും, പ്രതിരോധത്തിന് ആവശ്യമായ ബോധവത്കരണം നൽകും.
- വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റികളുടെ നേതൃത്വത്തിൽ കുടുംബശ്രീ, ആശ, അംഗൻവാടി പ്രവർത്തകർ, ആരോഗ്യസേന, വിവിധ സാമൂഹ്യ, സാമുദായിക സംഘടനകളുടെ സഹകരണത്തോടെ ആരോഗ്യ പരിപാടികളും പ്രവർത്തനങ്ങളും നടപ്പിലാക്കും.
- കടൽക്ഷോഭത്തിനും പ്രകൃതിദുരന്തങ്ങൾക്കുമുള്ള അധിക സാധ്യത കണക്കിലെടുത്തുകൊണ്ടുള്ള തയ്യാറെടുപ്പുകൾ നടത്തുന്നതാണ്.

## അതിഥി തൊഴിലാളികൾ

ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം സംസ്ഥാനത്തിന്റെ കടമയായി കണ്ടുകൊണ്ടുള്ള ഇടപെടലുകൾ നടത്തുന്നതാണ്.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി രജിസ്ട്രേഷൻ.
- സുരക്ഷിതത്വവും വൃത്തിയുമുള്ള താമസ സൗകര്യവും പൊതു ശൗചാലയങ്ങളും കുളിമുറികളും ഏർപ്പെടുത്തും.
- സർക്കാർ ആശുപത്രികളിൽ സേവനം ഉറപ്പാക്കുന്ന RSBY പദ്ധതി ആനുകൂല്യം ലഭ്യമാക്കും.
- കുട്ടികൾക്ക് പരിചരണവും, പോഷകാഹാരവും, വിദ്യാഭ്യാസവും ഐ.സി.ഡി.എസ്, വിദ്യഭ്യാസ വകുപ്പ് എന്നിവയിലൂടെ ലഭ്യമാക്കും.
- അതിഥി തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ "ആവാസ്" (AWAZZ) സ്കീം രജിസ്ട്രേഷൻ മെച്ചപ്പെടുത്താനും, കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്താനുമുള്ള പ്രവർത്തനങ്ങൾ.

## ട്രാൻസ്ജെന്ററുകളുടെ ആരോഗ്യ ആവശ്യങ്ങൾ

ട്രാൻസ്ജെന്ററുകളുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും പ്രത്യേക ക്ലിനിക്കുകൾ ആരംഭിക്കും.

## നഗര പ്രദേശങ്ങളിലെ ചേരി/കോളനി നിവാസികൾ

മെച്ചപ്പെട്ട ചികിൽസാ സൗകര്യങ്ങൾ ലഭ്യമാണെങ്കിലും ഗ്രാമപ്രദേശങ്ങളിൽ ലഭ്യമാകുന്നതു പോലെ ഓരോ കുടുംബം കേന്ദ്രീകരിച്ചുള്ള പ്രാഥമിക ആരോഗ്യ പരിചരണ സംവിധാനങ്ങൾ നഗരപ്രദേശങ്ങളിൽ പ്രത്യേകിച്ചും ചേരിപ്രദേശങ്ങളിലും ചേരി സമാന പിന്നോക്ക പ്രദേശങ്ങളിലും തുലോം കുറവാണ്.

ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന നഗരപരിധിയിലുള്ള ആരോഗ്യസ്ഥാപനങ്ങൾ, കോർപ്പറേഷൻ, മുനിസിപ്പാലിറ്റികളുടെയും നേതൃത്വത്തിലുള്ള ആരോഗ്യ കേന്ദ്രങ്ങൾ, ആരോഗ്യ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൊണ്ട് നഗരപ്രാഥമികാരോഗ്യ പരിചരണ പരിപാടി നടപ്പിലാക്കും.

## അദ്ധ്യായം - 12

# ആർദ്രം മിഷൻ ജനകീയ പങ്കാളിത്തത്തോടെ

ആരോഗ്യം അവകാശമാണെന്നും അതേസമയം അത് സ്വന്തം ഉത്തരവാദിത്തമാണെന്നും തിരിച്ചറിയുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക എന്നത് ആർദ്രം മിഷന്റെ ലക്ഷ്യമാണ്. ആരോഗ്യ സംരക്ഷണത്തിനായി ആരോഗ്യ കേന്ദ്രങ്ങൾ, ചികിൽസാ സംവിധാനങ്ങൾ, മരുന്നുകൾ, പ്രതിരോധ കുത്തിവയ്പുകൾ, ആരോഗ്യ അനുബന്ധ ഘടകങ്ങളായ കുടിവെള്ളം, ശുദ്ധമായ വായു, ഭക്ഷണം, പാർപ്പിടം, സാനിറ്റേഷൻ സൗകര്യങ്ങൾ തുടങ്ങിയ പൗരാവകാശങ്ങൾ ലഭ്യമാക്കുക എന്നത് പൊതുജനാരോഗ്യ സംവിധാനത്തിന്റെ ഉത്തരവാദിത്തമാണ്. ആരോഗ്യ സംരക്ഷണം, രോഗ പ്രതിരോധം ഇവ പൊതുജനങ്ങളുടെ കൂടി ഉത്തരവാദിത്തമാണ്.

### പൊതുജനങ്ങളുടെ ഉത്തരവാദിത്തങ്ങൾ

- ഒരു പ്രവൃത്തിയോ അലംഭാവമോ വീഴ്ചയോ വഴി മറ്റൊരാളുടെയോ സമൂഹത്തിന്റെയോ ആരോഗ്യത്തിന് ഭീഷണിയുണ്ടാക്കാതിരിക്കുക.
- ആരോഗ്യ ആവശ്യങ്ങൾക്കനുസൃതമായി ആശുപത്രി സൗകര്യങ്ങളും സേവനങ്ങളും പ്രയോജനപ്പെടുത്തുകയും അവകാശങ്ങൾ നേടിയെടുക്കുകയും ചെയ്യുക.
- രോഗം വന്നാൽ യഥാസമയം ശരിയായ ചികിൽസ തേടുക. രോഗം പടർന്നു പിടിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.



- പ്രതിരോധ കുത്തിവയ്പു കൊണ്ടോ മറ്റ് നടപടികൾ കൊണ്ടോ പ്രതിരോധിക്കാവുന്ന രോഗങ്ങൾ, പുകവലി, മദ്യാസക്തി, റോഡപകടങ്ങൾ തുടങ്ങിയ പൊതുജനാരോഗ്യ ഭീഷണികളെ പ്രതിരോധിക്കുക.
- വായു, ജലം, മണ്ണ് ഇവയെ മലിനമാക്കാതിരിക്കുക, പരിസ്ഥിതി സംരക്ഷിക്കുക.
- അശാസ്ത്രീയമായ ആരോഗ്യ സന്ദേശങ്ങൾ പ്രചരിപ്പിക്കാതിരിക്കുക.
- ആരോഗ്യ പരിപാലനത്തിനായുള്ള നിയമങ്ങളെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുക.
- ആരോഗ്യ സ്ഥാപനങ്ങളിൽ അനുശാസിക്കുന്ന രീതികളും നടപടിക്രമങ്ങളും അനുസരിക്കുകയും ജീവനക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്യുക.
- പൊതുജനാരോഗ്യ സംരക്ഷണ പരിപാടികളിൽ പങ്കാളികളാവുക.

ആരോഗ്യ സംരക്ഷണം, രോഗപ്രതിരോധം ഇവ വ്യക്തികളുടെയും സമൂഹത്തിന്റെയും ഉത്തരവാദിത്ത ബോധത്തിലേക്ക് കൊണ്ടുവരാനും ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുപ്പിക്കുവാനുമുള്ള ചാലക ശക്തിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കണം. എല്ലാ തലത്തിലുമുള്ള

രോഗപ്രതിരോധ, നിയന്ത്രണ പ്രവർത്തനങ്ങൾ, ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ, സാന്ത്വന പരിചരണം, പുനരധിവാസം തുടങ്ങിയവയിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കണം.

അയൽസഭ, അയൽക്കൂട്ടം, ബാലസഭകൾ, കുടുംബശ്രീ, അങ്കണവാടികൾ, വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ, ആരോഗ്യ സേന, ഊരു കൂട്ടം, പാടശേഖര സമിതികൾ, കൂട്ടുകൃഷി സംഘങ്ങൾ, കലാ കായിക ക്ലബ്ബുകൾ, വായനശാലകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സ്വയം സഹായ സംഘങ്ങൾ, വിവിധ സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, വിവിധ തൊഴിലാളി സംഘടനകൾ തുടങ്ങി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ ജനകീയ കൂട്ടായ്മകളുടെയും സഹകരണവും പങ്കാളിത്തവും ഉറപ്പു വരുത്തിക്കൊണ്ടു മാത്രമേ ആരോഗ്യ സുരക്ഷാ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കാനാവൂ. ഒരു പ്രദേശത്തുണ്ടാകുന്ന രോഗങ്ങൾ, രോഗം വരുവാനുള്ള സാഹചര്യങ്ങൾ, രോഗ പകർച്ചയ്ക്കുള്ള സാധ്യതകൾ രോഗം പകർത്തുന്ന ജീവികളുടെ സാന്നിദ്ധ്യവും വ്യാപനവും ഇവ യഥാസമയം കണ്ടെത്തുവാനും റിപ്പോർട്ട് ചെയ്യുവാനും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുവാനും ആരോഗ്യ ജാഗ്രതാ പരിപാടി ഏറ്റെടുത്ത് നടപ്പിലാക്കുവാനും സമൂഹം തന്നെ സ്വയം ഉത്തരവാദിത്തം ഏറ്റെടുക്കണം. ഇതിന് സാങ്കേതികമായ നേതൃത്വം ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരും സാമൂഹികവും സാമ്പത്തികവുമായ നേതൃത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കണം.

രോഗം വന്നാൽ ചികിൽസിക്കുക എന്ന കാഴ്ചപ്പാട് മാറി രോഗം വരാതെ സൂക്ഷിക്കുക എന്ന ബോധ്യത്തിലേക്ക് സമൂഹത്തെ കൊണ്ടുവരാനുള്ള നടപടികൾ ആർദ്രം മിഷനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയോജിച്ച് സ്വീകരിക്കണം. ആരോഗ്യ അനുബന്ധ മേഖലകളായ കുടിവെള്ളം, പാർപ്പിടം, കക്കൂസ്, മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയ ആവശ്യങ്ങളെ അഭിസംബോധന ചെയ്ത് പ്രവർത്തനങ്ങൾ നടത്തണം. പകർച്ചേതര വ്യാധികൾ തടയുവാനായി ശരിയായ ഭക്ഷണം, വ്യായാമം ഇവ പ്രോത്സാഹിപ്പിക്കുവാൻ ജൈവകൃഷി, സ്ത്രീകൾക്കും കുട്ടികൾക്കും ഉൾപ്പെടെ വ്യായാമം ചെയ്യുവാനുള്ള പൊതു ഇടങ്ങൾ, നടപ്പാതകൾ, കളിസ്ഥലങ്ങൾ ഇവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുജന പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുകയും നിർമ്മിക്കുകയും വേണം.

## ഉപകേന്ദ്രതലത്തിൽ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ

- സബ്സെന്ററിന്റെ പ്രവർത്തന പരിധിക്കുള്ളിൽ വരുന്ന എല്ലാ കുടുംബങ്ങളുടെയും ആരോഗ്യ വിവര ശേഖരണം ഉറപ്പാക്കുക.
- സാംക്രമിക രോഗങ്ങളുടെ നിരീക്ഷണം ഫലപ്രദമാക്കുക.
- ജീവിതശൈലീ രോഗങ്ങളുടെ വിവര ശേഖരണം ഉറപ്പാക്കുക.
- സാംക്രമിക രോഗങ്ങൾ പകരുന്നതിനെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
- ശുചിത്വ മാലിന്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- ജലസ്രോതസ്സുകളുടെ മലിനീകരണം തടയുക, കൊതുകുകളുടെ നിയന്ത്രണം തുടങ്ങി സാംക്രമിക രോഗങ്ങൾ ഉണ്ടാകുന്നതിനും പകരുന്നതിനും കാരണമായ ഘടകങ്ങളെ ഫലപ്രദമായി തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- മെച്ചപ്പെട്ട ജീവിതശൈലിയും ഭക്ഷണരീതികളും പ്രോത്സാഹിപ്പിക്കുക.
- മദ്യം, മയക്കുമരുന്ന് തുടങ്ങി ആരോഗ്യം ഹനിക്കുന്ന പ്രവർത്തനങ്ങൾക്കെതിരെയുള്ള പ്രചാരണ പരിപാടികൾ ഉറപ്പാക്കുക.
- പ്രതിരോധ കുത്തിവയ്പ്പുൾപ്പെടെ കുഞ്ഞുങ്ങളുടെയും അമ്മമാരുടെയും ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ ഉറപ്പാക്കുക.
- സാന്ത്വന പരിചരണം, പുനരധിവാസം, കൗമാരക്കാരുടെ പ്രശ്നങ്ങൾ, കുടുംബാസൂത്രണം, വൃദ്ധജനങ്ങളുടെ ക്ഷേമം എന്നിവ ഉറപ്പാക്കുക.

## അദ്ധ്യായം - 13

# അവലോകനവും വിലയിരുത്തലും

ഏതൊരു പദ്ധതിയുടെയും ഫലപ്രദമായ നടത്തിപ്പിനും പ്രതീക്ഷിച്ച ഫലം ലഭ്യമായോ എന്ന് അറിയുന്നതിനും ആസൂത്രണഘട്ടത്തിൽ നിന്നും തുടങ്ങുന്ന തുടർച്ചയായ അവലോകനവും വിലയിരുത്തലും വളരെ പ്രധാനമാണ്. ഈ പ്രക്രിയ കൊണ്ട് കേവലം കുറ്റവും കുറവും കണ്ടുപിടിക്കലല്ല, മറിച്ച് പദ്ധതിയുടെ സുതാര്യതയും പ്രതിബദ്ധതയും ഉറപ്പു വരുത്തുകയാണ് ഉദ്ദേശിക്കുന്നത്. ആർദ്രം ദൗത്യത്തിന്റെ നിർവ്വഹണത്തെ ത്വരിതപ്പെടുത്തുവാനും നിർവ്വഹണത്തിലുണ്ടാകുന്നതും ഉണ്ടായേക്കാവുന്നതുമായ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുവാനും അവലോകനം അനിവാര്യമാണ്. ഈ പദ്ധതി സമൂഹത്തിലുണ്ടാക്കിയ സ്വാധീനം അറിയുന്നതിന് വിവിധ തലങ്ങളിലുള്ള അവലോകനം ആവശ്യമാണ്.

രൂപീകരണ ഘട്ടം മുതൽ തുടർച്ചയായും നിരന്തരമായും നടക്കേണ്ട പ്രക്രിയയാണിത്. ഏതെല്ലാം ഘട്ടങ്ങളിലും തലങ്ങളിലുമാണ് മോണിറ്ററിംഗ് നടത്തേണ്ടത്, സൂചികകൾ എന്തൊക്കെ, ഉത്തരവാദിത്തം ആർക്കാണ് എന്നെല്ലാം ദൗത്യത്തിന്റെ നിർവ്വഹണത്തിനു മുമ്പ് തന്നെ നിർവ്വചിക്കുകയും പട്ടികപ്പെടുത്തുകയും വേണം. നിർവ്വഹണം ആരംഭിക്കുന്നതിനു മുമ്പ് തന്നെ നിർവ്വഹണ ചുമതലകളുള്ളവരുടെയും മോണിറ്ററിംഗ് കമ്മിറ്റിയുടെയും സംയുക്ത യോഗം ചേരണം. ഈ യോഗത്തിൽ ചുവടെ ചേർക്കുന്ന കാര്യങ്ങളിൽ വ്യക്തത ഉണ്ടാക്കാൻ കഴിയണം

- ദൗത്യത്തിന്റെ നിർവ്വഹണ കലണ്ടറിൽ കൃത്യത വരുത്തണം ഇതിനനുസൃതമായി മോണിറ്ററിംഗിനുള്ള കലണ്ടറും ഘടകങ്ങളും തീരുമാനിക്കണം.
- ദൗത്യത്തിന്റെ ഏതെല്ലാം തലങ്ങളിലും ഘട്ടങ്ങളിലുമാണ് മോണിറ്ററിംഗ് നടത്തേണ്ടത്, അതിനു വേണ്ടുന്ന സൂചികകൾ എന്തൊക്കെ എന്നിവയും തീമുമാനിക്കണം.
- ഓരോ പ്രവർത്തനത്തിനും സൂചികകൾ നിർവ്വചിക്കുകയും അവ പട്ടികപ്പെടുത്തുകയും വേണം. പ്രക്രിയ സൂചികകളും (Process Indicators), നേട്ട സൂചികകളും (Outcome Indicators) തീരുമാനിക്കേണ്ടതാണ്.



- ഇതിനനുസൃതമായി ഒരു മോണിറ്ററിംഗ് മാതൃകാ രൂപം തയ്യാറാക്കണം.
- വിവിധ തലങ്ങളിൽ നടത്തേണ്ട മോണിറ്ററിംഗ് വ്യത്യസ്തമാകയാൽ അതിനനുസൃതമായി ഘടകങ്ങളും സൂചികകളും നിർവ്വചിക്കുകയും ചുമതലക്കാരെ നിശ്ചയിക്കുകയും വേണം.
- നിർവ്വഹണ ചുമതലക്കാരും മോണിറ്ററിംഗ് സമിതിയും തമ്മിൽ ഒരു പ്രവർത്തന ധാരണ ഉണ്ടായിരിക്കണം.

ആന്തരിക നിരീക്ഷണം, ബാഹ്യ നിരീക്ഷണം, സോഷ്യൽ ഓഡിറ്റ് എന്നിങ്ങനെ മൂന്ന് രീതിയിലുള്ള അവലോകനം ആസൂത്രണം ചെയ്യേണ്ടതുണ്ട്.

## ആന്തരിക നിരീക്ഷണം

വകുപ്പിനകത്ത്, നിർവ്വഹണ ചുമതല ഉള്ളവർ തന്നെ നടത്തുന്ന അവലോകനം. ഇത് ദൗത്യത്തിന്റെ സമയബന്ധിതവും കാര്യക്ഷമവുമായ നടത്തിപ്പിന് സഹായിക്കും. നിർവ്വഹണത്തിലുണ്ടാകുന്ന അപാകതകൾ മുൻകൂട്ടി കണ്ടെത്താനും അവ പരിഹരിക്കാനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കാനും ആന്തരിക നിരീക്ഷണം അനിവാര്യമാണ്.

മാസംതോറും ഉള്ള പ്രവർത്തനങ്ങൾ ഒരു റിപ്പോർട്ടിംഗ് ഫോർമാറ്റിലാക്കി അതത് ജില്ലകളിൽ നിന്നും അയയ്ക്കുന്ന വിവരങ്ങൾ സംസ്ഥാന തലത്തിൽ സമാഹരിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തും. ഓരോ തലത്തിലും നടത്തുന്ന അവലോകന വിവരങ്ങൾ താഴെ തട്ടിലേക്ക് അറിയിക്കാൻ നിലവിലുള്ള കോൺഫറൻസ് സംവിധാനങ്ങളിലൂടെ സാധിക്കും.

സംസ്ഥാന തലത്തിൽ എല്ലാ മാസവും നടക്കുന്ന സീനിയർ മെഡിക്കൽ ഓഫീസർ കോൺഫറൻസിൽ ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാന മിഷൻ ഡയറക്ടറും ആരോഗ്യ വകുപ്പ് ഡയറക്ടറും ജില്ലാതല പ്രവർത്തനങ്ങളുടെ അവലോകനം നടത്തും. ജില്ലാതല കോൺഫറൻസുകളിൽ ജില്ലാ മെഡിക്കൽ ഓഫീസറും ജില്ലാ പ്രോഗ്രാം മാനേജറും ആർദ്രം നോഡൽ ഓഫീസറും ജില്ലയിലെ പ്രവർത്തനങ്ങളും പുരോഗതിയും വിലയിരുത്തും. ബ്ലോക്ക് കോൺഫറൻസുകളിൽ ബ്ലോക്ക് മെഡിക്കൽ ഓഫീസർ അതാത് ബ്ലോക്കുകളിലുള്ള പ്രവർത്തനങ്ങളും പ്രതിമാസ മീറ്റിംഗുകളിൽ മെഡിക്കൽ ഓഫീസർ സ്ഥാപന തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളും വിലയിരുത്തും.

ആർദ്രത്തിന്റെ എല്ലാ പ്രവർത്തനങ്ങളും സംസ്ഥാന മുഖ്യമന്ത്രിയും വകുപ്പു മന്ത്രിയും ചീഫ് സെക്രട്ടറിയും വകുപ്പു സെക്രട്ടറിയും വകുപ്പ് അദ്ധ്യക്ഷനും അടങ്ങുന്ന ഉന്നതതല സമിതി മറ്റ് മിഷനുകളോടൊപ്പം നിരീക്ഷിക്കും. ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെയും ജില്ലാ കളക്ടറുടെയും ജില്ലാതല വകുപ്പ് മേധാവിയുടെയും സമിതി നിരീക്ഷണം നടത്തും. ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് മെഡിക്കലോഫീസർ തുടങ്ങിയവർ പ്രവർത്തനങ്ങൾ അവലോകനം ചെയ്യും. പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, മെഡിക്കലോഫീസർ ഉൾപ്പെട്ട സമിതിയാണ് അവലോകനം നടത്തുന്നത്.

## ബാഹ്യ നിരീക്ഷണം

ദൗത്യത്തിന്റെ നിർവ്വഹണത്തിൽ നേരിട്ട് ബന്ധമില്ലാത്തവർ നടത്തുന്ന അവലോകനം. ഇതിൽ സാങ്കേതിക ഘടകങ്ങൾ സംബന്ധിച്ചും ഭരണ നടപടി ക്രമങ്ങൾ സംബന്ധിച്ചും അറിവുള്ളവർ ഉണ്ടായിരിക്കണം. ബാഹ്യ നിരീക്ഷണത്തിന് വേണ്ടി സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു സംവിധാനം ഉണ്ടാക്കും.

## വിലയിരുത്തൽ

ക്രമമായ രീതിയിൽ വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് പദ്ധതിയുടെ കാര്യക്ഷമതയും പ്രയോജനവും നിർണ്ണയിക്കുന്ന പ്രക്രിയയാണ് വിലയിരുത്തൽ. ഉദ്ദേശിക്കുന്ന ഫലപ്രാപ്തി ലഭിക്കുമോ എന്നറിയാനായി പദ്ധതി നിർവ്വഹണം തുടങ്ങിയതിനു ശേഷം ഒരു ഇടക്കാല വിലയിരുത്തൽ അത്യാവശ്യമാണ്. ഇതിലൂടെ പ്രശ്നങ്ങൾ മുൻകൂട്ടി കണ്ടെത്താനും പരിഹാര നടപടികൾ സ്വീകരിക്കാനും കഴിയും. പദ്ധതി വിലയിരുത്തുന്നതിനായി പുറമെയുള്ള ഒരു സംഘത്തെ ഏർപ്പെടുത്താം.

## സാമൂഹ്യ നിരീക്ഷണം

ഗുണഭോക്താക്കൾ തങ്ങളുടെ അനുഭവത്തിന്റെയും രേഖകളുടെയും അടിസ്ഥാനത്തിൽ നടത്തുന്ന പരിശോധനയാണ് സാമൂഹ്യ നിരീക്ഷണം. പ്രതിബദ്ധതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വിശാലമായ സാമൂഹിക പ്രാതിനിധ്യം ഉറപ്പു വരുത്തുന്ന ഒരു സമിതിയെ കൊണ്ട് ആരോഗ്യ പദ്ധതികൾ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

## ലക്ഷ്യങ്ങൾ

- സേവന ഗുണത ഉറപ്പാക്കൽ
- വിഭവ ചോർച്ച തടയൽ
- അർഹർക്ക് കൃത്യമായ ഫലം ലഭിക്കുമെന്ന് ഉറപ്പാക്കൽ
- ഉത്തരവാദിത്തം ഉറപ്പാക്കുക

## കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ മോണിറ്ററിംഗ്

വാർഡുതല മോണിട്ടറിങ്ങ് പ്രവർത്തനങ്ങൾ നടത്തേണ്ടത് വാർഡ് ഹെൽത്ത് സാനിറ്റേഷൻ സമിതികൾ ആയിരിക്കണം. ഉപകേന്ദ്ര മാനേജ്മെന്റ് കമ്മിറ്റി ആയിരിക്കണം ഉപകേന്ദ്രതല മോണിട്ടറിങ്ങ് പ്രവർത്തനങ്ങൾ ചെയ്യേണ്ടത്. കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പുകൾ മോണിട്ടർ ചെയ്യേണ്ടത് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയും പഞ്ചായത്തു കമ്മിറ്റിയുമായിരിക്കണം.

പഞ്ചായത്തിലെ ആരോഗ്യത്തിന്റെയും ആരോഗ്യസംബന്ധിയായ പ്രവർത്തനങ്ങളുടേയും അവലോകനം മാസത്തിലൊരിക്കൽ ഒരു നിശ്ചിത ദിവസം ചെയ്യേണ്ടത് പഞ്ചായത്ത് തല ആർദ്രം മിഷൻ സമിതിയാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കു വേണ്ടി ഒരു പ്രത്യേക മോണിറ്ററിംഗ് ഘടന രൂപപ്പെടുത്തേണ്ടതാണ്. ഇതിൽ കുടുംബാരോഗ്യ തല സൂചകങ്ങൾ, ഡേറ്റാ ശേഖരണം, കാലാവധി, വിശകലനം, റിപ്പോർട്ടിംഗ് എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

## നിരീക്ഷണ സമിതി / മോണിറ്ററിങ്ങ് കമ്മിറ്റി

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും താഴെ പറയുന്ന തലങ്ങളിൽ നിരീക്ഷണ സമിതികൾ രൂപീകരിക്കേണ്ടതാണ്.

1. അങ്കണവാടി തലം
2. വാർഡ് തലം
3. ഉപകേന്ദ്ര തലം
4. കുടുംബാരോഗ്യ കേന്ദ്ര തലം
5. പഞ്ചായത്ത് തലം





ജില്ലാ മെഡിക്കൽ ഓഫീസറും ബ്ലോക്ക് മെഡിക്കൽ ഓഫീസറും പതിവായി നടത്തുന്ന സാങ്കേതിക നിരീക്ഷണങ്ങൾക്ക് പുറമേ അതാത് നിരീക്ഷണ സമിതികൾ ആരോഗ്യ സേവന പാക്കേജുകളുടെ ലഭ്യ തയും കാര്യക്ഷമതയും പരിണിത ഫലവും മോണിറ്റർ ചെയ്യേണ്ടതാണ്. ആരോഗ്യ പാക്കേജ് നടത്തിപ്പ് സംവിധാനത്തിൽ നിന്നും സ്വതന്ത്രമായ സമിതിയായിരിക്കണം മോണിറ്ററിങ് നടത്തേണ്ടത്. ഇത് നിഷ്പക്ഷമായ മോണിട്ടറിങ്ങും വിലയിരുത്തലും ഉറപ്പാക്കുന്നു.

സംസ്ഥാനതല വിദഗ്ദ്ധർ തയ്യാറാക്കിയ അംഗീകൃത മാനദണ്ഡം അനുസരിച്ചായിരിക്കണം നിരീക്ഷണ സമിതികൾ മോണിറ്ററിംഗ് നടത്താൻ. ഈ മാനദണ്ഡത്തിൽ നിക്ഷേപ, പ്രക്രിയ, ഫല സൂചികകൾ (Input process and Outcome indicators) ഉണ്ടാവേണ്ടതാണ്. പൊതുവിലുള്ളതും സാങ്കേതിക ഘടകങ്ങളും പ്രത്യേകമായി മാനദണ്ഡത്തിൽ സൂചിപ്പിക്കേണ്ടതാണ്. താഴെ പ്രതിപാദിച്ചിരിക്കുന്ന മോണിട്ടറിംഗ് സൂചികകളെ ഒരു പൊതു മാർഗ്ഗ നിർദ്ദേശ രേഖയായി കണക്കാക്കേണ്ടതുണ്ട്. ഓരോ സ്ഥലങ്ങളിലും പ്രത്യേകമായ പ്രശ്നങ്ങൾ അനുസരിച്ച് കൂടുതൽ സൂചികകൾ കൂട്ടിച്ചേർക്കാവുന്നതാണ്.

## മിഷൻ മോണിറ്ററിംഗ് ടീം

നവകേരളം കർമ്മ പദ്ധതിയുടെ (ആർദ്രം മിഷൻ) മൊത്തത്തിലുള്ള ഘടന, രൂപകൽപന, നിരീക്ഷണം എന്നിവ സംബന്ധിച്ച് സർക്കാരിന്റെ വികസന ഉപദേഷ്ടാവും, എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി യുമായി ശ്രീ.സി.എസ്.രഞ്ജിത്തിനെ, G.O.(MS) No.46/2016/PLG dated Thiruvananthapuram 17/10/2016 പ്രകാരം നിയമിച്ചിട്ടുണ്ട്.

## മിഷൻ മോണിറ്ററിംഗ് ടീമിന്റെ പ്രവർത്തനങ്ങൾ

- മിഷന്റെ സ്വയം നിരീക്ഷണ സംവിധാനങ്ങൾക്ക് പിന്തുണ നൽകുക
- മിഷനുമായി ഏകോപിച്ച് പ്രവർത്തിക്കുക
- അവലോകനവും പഠനവും നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക, മിഷനിലൂടെ ആർജി ക്കുന്ന ഗുണഫലങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറാക്കുക എന്നിവയൊക്കെയാണ് മിഷൻ മോണി റ്ററിംഗ് ടീമിന്റെ പ്രവർത്തനങ്ങൾ. മിഷന്റേയും ടാസ്ക് ഫോഴ്സുകളുടേയും സാങ്കേതിക മേഖലകളിൽ സഹായിക്കാനായി ഡോ.ദേവ് കിരണിനെ നിയമിച്ചിട്ടുണ്ട്.



# അദ്ധ്യായം - 14

# പ്രചരണ സമ്പർക്ക പരിപാടികൾ

ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ ആരോഗ്യ കാര്യങ്ങളിൽ ശാസ്ത്രീയ അവബോധം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. വിവിധ ബോധവത്കരണ പ്രചരണ സമ്പർക്ക പരിപാടികളിലൂടെ ആരോഗ്യ സംബന്ധിയായ വിവരങ്ങൾ പൊതുജനങ്ങളിലെത്തിക്കുവാൻ ആർദ്രം ദൗത്യം ലക്ഷ്യമിടുന്നു.

- കാംപയിനുകൾ

  ബഹുജന പങ്കാളിത്തത്തോടെ വലിയ രീതിയിലുള്ള ആസൂത്രണത്തിലൂടെ കാംപയിനുകൾ നടത്തും.

- മാധ്യമങ്ങളിലും പൊതു ഇടങ്ങളിലും ഉള്ള ദൃശ്യ-ശ്രവ്യ പരസ്യ പ്രചരണങ്ങൾ.

- ആരോഗ്യകരവും അഭികാമ്യവുമായ ശീലങ്ങളെ പ്രോത്സാഹിപ്പിക്കുവാനും പിന്തുണയ്ക്കുവാനുമായി സാങ്കേതിക സഹായങ്ങൾ, കൗൺസലിംഗ്, സ്വാധീനം ചെലുത്തൽ തുടങ്ങിയ ഇടപെടലുകൾ.

- ആരോഗ്യ കാര്യങ്ങളിൽ രാഷ്ട്രീയ, സാമൂഹിക തീരുമാനങ്ങളും, നയങ്ങളും പൊതുജനാഭിപ്രായവും രൂപപ്പെടുത്തുന്നതിനായി ആവശ്യമായ വിഷയങ്ങളിൽ മാധ്യമ ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കും.

- മാധ്യമ പ്രവർത്തകർക്ക് ആരോഗ്യ വിഷയങ്ങളിൽ ശരിയായ അവബോധം സൃഷ്ടിക്കുവാൻ ശില്പ ശാലകൾ സംഘടിപ്പിക്കും.

- പുതിയ ആരോഗ്യ പദ്ധതികൾ, ചികിൽസാ സൗകര്യങ്ങൾ, സേവനങ്ങൾ, പകർച്ചവ്യാധി സാധ്യതകൾ, നിയന്ത്രണ മാർഗ്ഗങ്ങൾ, പ്രതിരോധ മാർഗ്ഗങ്ങൾ തുടങ്ങിയവ ജനങ്ങളിലെത്തിക്കുവാൻ പത്രക്കുറിപ്പുകളും ജാഗ്രതാ നിർദ്ദേശങ്ങളും വിവിധ മാധ്യമങ്ങളിലൂടെ നൽകും.

- ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെയുള്ള പ്രചരണ പരിപാടികൾ ഉദാ: ഹരിത കേരളം, ശുചിത്വ മിഷൻ, വിദ്യാഭ്യാസ വകുപ്പ്, മുഖാമുഖപ്രവർത്തനങ്ങൾ, കൗൺസലിംഗ് സേവനങ്ങൾ, ബോധവത്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, ശില്പ ശാലകൾ, നാടൻ കലാരൂപങ്ങൾ.



- സമൂഹ മാധ്യമങ്ങൾ - ഡിജിറ്റൽ, മൊബൈൽ സാങ്കേതിക വിദ്യ സാധ്യതകളേറെയുള്ള ആശയവിനിമയ ഉപാധിയായി മാറിയിരിക്കുന്നു. ഔദ്യോഗിക ഫേസ്ബുക്ക് പേജുകൾ, വാട്സ് ആപ് ഗ്രൂപ്പുകൾ ഇവ വഴി വളരെ വേഗത്തിൽ, വളരെ വ്യാപകമായ രീതിയിൽ വിവരങ്ങൾ കൈമാറുവാൻ കഴിയും.

- മൊബൈൽ ആപ്പുകൾ ആരോഗ്യ രംഗത്തെ വിവര ശേഖരണത്തിനും, വിശകലനത്തിലും, പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും ആപ്ലിക്കേഷനുകൾ വികസിപ്പിക്കാവുന്നതാണ്. സേവനങ്ങൾ ചികിൽസാ വിവരങ്ങൾ, രോഗങ്ങളുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ, അപകട സൂചനകൾ, ഭക്ഷണ ക്രമം ഇവയെല്ലാം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള മൊബൈൽ ആപ്പുകൾ വികസിപ്പിക്കാവുന്നതാണ്.

## പ്രചരണ ഉപാധികൾ

- നോട്ടീസുകൾ, ലഘുരേഖകൾ, ഫോൾഡറുകൾ, കൈപുസ്തകങ്ങൾ, പോസ്റ്ററുകൾ, ബോർഡുകൾ, ഹോർഡിങ്ങുകൾ, വാർത്താ ബോർഡുകൾ
- ഡോക്യുമെന്ററികൾ
- വീഡിയോ ക്ലിപ്പുകൾ, കാർട്ടൂണുകൾ
- റേഡിയോ പ്രഭാഷണങ്ങൾ, എഫ്.എം പരിപാടികൾ
- ദൃശ്യമാധ്യമങ്ങളിൽ സ്ക്രോൾ ന്യൂസ്
- മൈക്ക് അനൗൺസ്മെന്റുകൾ



# അനുബന്ധം

## ആർദ്രം മിഷനുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പട്ടിക

| | | |
|---|---|---|
| 1 | GO(Rt)No.3316/2016/H&FWD dated 14.12.2016 | Aardram Mission Appointment of Co-ordinator and other officials |
| 2 | GO(Rt)No.809/2017/ H&FWD dated 24.03.2017 | Setting up of task force on Aardram Mission |
| 3 | GO(Rt)845/17/ H&FWD dated 28/03/2017 | Upgrading 170 PHCs to the Status of FHC |
| 4 | GO(Rt)No.1106/2017/ H&FWD dated 19.04.2017 | Implementing Hamlet ASHA as part of comprehensive Tribal Health Plan in tune with AARDRAM & NAVAKERALA MISSION |
| 5 | GO(Ms)No.58/2017/ H&FWD dated 22.04.2017 | List of District Hospitals and Taluk Hospitals with name of Local Self Government Institutions selected under Aardram Mission |
| 6 | GO(Ms)No.75/2017/ H&FWD dated 12.05.2017 | Creation of 680 posts in 170 Primary Health centres selected as Family Health centres under Aardram Mission |
| 7 | GO(Rt)No.1348/2017/ H&FWD dated 12.05.2017 | Appointment of Dr.P.K.Jameela as State Consutant for Change Management |
| 8 | GO(Rt)No.1385/2017/ H&FWD dated 17.05.2017 | Upgrading koolimuttom PHC to the status of FHC instead of Mathilakom PHC |
| 9 | GO(Rt)No.1514/2017/ H&FWD dated 29.05.2017 | Augmentation of the infrastructure and the standard of all Family Health Centres in Kerala |
| 10 | GO(Ms)No.101/2017/ H&FWD dated 28.06.2017 | Creation of posts in the District/General/Taluk Hospital under Aardram Mission |
| 11 | GO(Rt)No.1808/2017/ H&FWD dated 28.06.2017 | Setting of Committees at different level to facilitate the functioning of the Family Health Centre |
| 12 | GO(P)NO.46/2017/ H&FWD dated 05.08.2017 | Covertion of Primary Health Centres to Family Health Centres |
| 13 | GO(Rt)No.2280/2017/ H&FWD dated 16.08.2017 | Implementation of the Plan Scheme 'Developing the Primary Health Centre into Family Health Centres' |
| 14 | GO(Ms)No.136/2017/ H&FWD dated 23.09.2017 | Creation of 610 posts in District/General/Taluk Hospitals under Aardram Mission |
| 15 | GO(Rt)No.2781/2017/ H&FWD dated 09.10.2017 | Aardram - Comprehensive Primary Health Care Clinical Guidelines |
| 16 | GO(Rt)No.2782/2017/ H&FWD dated 09.10.2017 | Duties and Responsibilities of Medical Officers in Family Health Centre |
| 17 | GO(Rt)No.2783/2017/ H&FWD dated 09.10.2017 | Duties and Responsibilities of staff nurse in Family Health Centre |
| 18 | GO(Rt)No.3002/2017/ H&FWD dated 30.10.2017 | Costructing a Technical Sanction Committee for implementation of Aardram and other NHM works in a Mission Mode |
| 19 | GO(Rt)No.3342/2017/ H&FWD dated 24.11.2017 | Implementation of the Plan Scheme 'Creation of Patient Friendly Hospital initiative' |
| 20 | GO(Ms)No.188/2017/ H&FWD dated 22.12.2017 | Creation of 150 posts of Pharmacist Gr II in the various Family Health Centre under Aardram Mission |
| 21 | GO(Rt)No.107/2017/ H&FWD dated 10.01.2018 | Duties and Responsibilities of Medical Officers in Family Health Centre- Erratum Orders |